# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.PKD.P22-106/24

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 09/02/2024
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റി

സർ,

**വിഷയം : ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം - പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഇ-മെയിൽ മുഖേന)
2.ഡയറക്ടർ,അർബൻ അഫയേഴ്സ്,തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3. ഓഫീസ് പകർപ്പ്

നമ്പർ: KSA.PKD.P22-106/24 തീയ്യതി: 09/02/2024

## പാലക്കാട് ജില്ലയിലെ ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് **295(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 17-01-2023 മുതൽ 07-01-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 25-01-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അരവിന്ദാക്ഷൻ.പി. | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 08-01-2024 | 25-01-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 08-01-2024 | 25-01-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

സുജാത.പി -ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)

രമാദേവി.കെ.ആർ -സീനിയർ ഗ്രേഡ് ഓഡിറ്റർ

കാർത്തിക.പി -സീനിയർ ഗ്രേഡ് ഓഡിറ്റർ

മോഹനൻ.കെ.എ -ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.രാമചന്ദ്രൻ.പി. | ചെയർമാൻ | 01-04-2022 | 31-03-2023 |
| ശ്രീമതി.സീന.എച്ച്. | സെക്രട്ടറി | 01-04-2022 | 02-09-2022 |
| തസ്തിക ഒഴിവ് | സെക്രട്ടറി | 03-09-2022 | 04-09-2022 |

| | | | |
|---|---|---|---|
| ശ്രീമതി.പ്രിയ.വി.ടി. | സെക്രട്ടറി | 05-09-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സുനിൽ കുമാർ.എൻ.വി. | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ.ഹരികൃഷ്ണൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ഡോ.നവ്യ അബൂക്കൻ | മെഡിക്കൽ ഓഫീസർ,സി.എച്ച്.സി. | 01-04-2022 | 31-03-2023 |
| ഡോ.സമീർ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2022 | 31-03-2023 |
| ഡോ.പി.ജി.രാജേഷ് | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| തസ്തിക ഒഴിവ് | പ്രിൻസിപ്പൽ, ഹയർ സെക്കന്ററി സ്കൂൾ | 01-04-2022 | 31-08-2022 |
| ശ്രീ.അബ്ദുൾ സലീം.പി. | പ്രിൻസിപ്പൽ, ഹയർ സെക്കന്ററി സ്കൂൾ | 01-09-2022 | 31-03-2023 |
| ശ്രീ.അനിൽ | ഹെൽത്ത് ഓഫീസർ | 01-04-2022 | 03-09-2022 |
| തസ്തിക ഒഴിവ് | ഹെൽത്ത് ഓഫീസർ | 04-09-2022 | 05-09-2022 |
| ശ്രീ.നജ്മം.ജെ.എ. | ഹെൽത്ത് ഓഫീസർ | 06-09-2022 | 13-02-2023 |
| തസ്തിക ഒഴിവ് | ഹെൽത്ത് ഓഫീസർ | 14-02-2023 | 16-02-2023 |
| ശ്രീ.നാസർ | ഹെൽത്ത് ഓഫീസർ | 17-02-2023 | 31-03-2023 |
| ശ്രീമതി.കാർത്ത്യായനി.എ. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2022 | 04-07-2022 |
| ശ്രീമതി.ചിത്ര ഭാസ്കർ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 05-07-2022 | 31-03-2023 |
| ശ്രീ.നവീൻചന്ദ്ര.എൻ. | പട്ടികജാതി വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ.മോഹനൻ.പി. | പ്രോജക്ട് ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.ഷഫ്ന മറിയം.വി. | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2022 | 01-03-2023 |
| ഡോ.ജസീല.പി.എ. | മെഡിക്കൽ ഓഫീസർ, ഹോമിയോ | 02-03-2023 | 08-03-2023 |
| ഡോ.സാദിഖ് എബിൻ കാസിം.പി. | മെഡിക്കൽ ഓഫീസർ, ഹോമിയോ | 09-03-2023 | 31-03-2023 |

**ഉള്ളടക്കം**


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത തുക വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-1 |
| 3 | സാമൂഹ്യ സുരക്ഷാ പെൻഷൻ വരവ് ചെലവ് വാർഷിക കണക്കിൽ ഉൾപ്പെട്ടില്ല. | 1-1-2 |
| 4 | നീക്കിയിരിപ്പ് കണക്കാക്കിയതിൽ അപാകം | 1-1-3 |
| 5 | തിരിച്ചടയ്ക്കേണ്ട ലോൺ തുക കൃത്യമല്ല | 1-1-4 |
| 6 | ഹെൽത്ത് ഗ്രാന്റ്- പലിശ വരവ് ഉൾപ്പെടുത്തിയില്ല | 1-1-5 |
| 7 | അയ്യങ്കാളി പദ്ധതിയുടെ വരവ് ചെലവ് ഉൾപ്പെടുത്തിയതിൽ അപാകം | 1-1-6 |
| 8 | രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-7 |
| 9 | കേന്ദ്രാവിഷ്കൃത, സംസ്ഥാനാവിഷ്കൃത പദ്ധതികളുടെ വരവ് ചെലവ്-കൃത്യമായ കണക്കുകൾ സൂക്ഷിച്ചിട്ടില്ല | 1-1-8 |
| 10 | ചെലവഴിക്കാത്ത ഗുണഭോക്തൃവിഹിതം-കൃത്യമായ കണക്കില്ല | 1-1-9 |
| 11 | ചെലവ് തുക പൊരുത്തപ്പെടുന്നില്ല | 1-1-10 |
| 12 | നിഷ്ക്രിയ അക്കൗണ്ടുകൾ ക്ലോസ് ചെയ്തിട്ടില്ല. | 1-1-11 |
| 13 | സംക്ഷിപ്തത്തിലെ ഷെഡ്യൂൾ വാർഷിക കണക്കിനൊപ്പം സമർപ്പിച്ചില്ല | 1-1-12 |
| 14 | സി എഫ് സി -ടൈഡ്,അൺടൈഡ് ഫണ്ടുകളുടെ ചെലവ് കണക്ക് കൃത്യമല്ല | 1-1-13 |
| 15 | ആർ. എം.എസ്. എ ഫണ്ട്, എ.യു.ഇ.ജി.എസ് ട്രഷറി അക്കൗണ്ട് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-14 |
| 16 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-1-15 |
| 17 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് തുക നല്കിയത് വാർഷിക കണക്കിൽ ചേർത്തിട്ടില്ല. | 1-1-16 |
| 18 | കുടിശ്ശിക തുക ബാധ്യത ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-17 |
| 19 | ബജറ്റ് | 1-2 |
| 20 | സാമ്പത്തിക വിശകലനം | 1-3 |
| 21 | ഫണ്ട് വിനിയോഗം | 1-4 |
| 22 | പദ്ധതി അവലോകനം | 1-5 |
| 23 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി | 1-6 |
| 24 | ക്ഷേമ പദ്ധതികൾ | 1-7 |
| 25 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 26 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 27 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 28 | വസ്തു നികുതി പരിഷ്കരണം - നിയമാനുസൃതമല്ലാതെ കെട്ടിട നമ്പറുകൾ അനുവദിച്ചു | 1-11 |
| 29 | 2023 ലെ വസ്തുനികുതി പരിഷ്കരണ നടപടികളുടെ പുരോഗതി വിലയിരുത്തൽ | 1-12 |
| 30 | വിനോദ നികുതി -കളക്ഷനും വാർഷിക കണക്കും വ്യത്യാസപ്പെട്ടിരിക്കുന്നു. | 1-13 |
| 31 | കൃഷി ഓഫീസർ കളക്ഷൻ തുക അടവാക്കുന്നതിൽ കാലതാമസം വരുത്തി. | 1-14 |
| 32 | തൊഴിൽ നികുതി അപാകതകൾ | 1-15 |
| 33 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 1-15-1 |
| 34 | വാടക ഈടാക്കുന്നതുമായി ബന്ധപ്പെട്ട അപാകതകൾ | 1-16 |
| 35 | കുടിവെള്ള വിതരണ പൈപ്പ് ലൈൻ നീട്ടൽ– വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല | 1-17 |
| 36 | പൊതുടാപ്പുകളുടെ വെള്ളക്കരം- കുടിശ്ശിക ഒഴിവാക്കാൻ നടപടിയെടുക്കേണ്ടതാണ് | 1-18 |
| 37 | പി എം എ വൈ ഭവനം നിർമാണം പൂർത്തീകരിക്കേണ്ടതാണ് | 1-19 |
| 38 | ബജറ്റ്, വാർഷിക കണക്ക് തയ്യാറാക്കുന്നതിന് തുക ചെലവഴിച്ചത് | 1-20 |
| 39 | എ.ബി.സി പ്രോജക്റ്റിനായി തുക നല്കിയത്-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 1-21 |
| 40 | വാഹനം പരിപാലനം- സർക്കാർ നിർദേശപ്രകാരമുള്ള രേഖകൾ സൂക്ഷിക്കേണ്ടതാണ് | 1-22 |
| 41 | വാഹന റിപ്പയർ–നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്. | 1-23 |
| 42 | ബഡ്സ് സ്കൂളിലേക്ക് ഫർണിച്ചർ വാങ്ങൽ (സ്പിൽ ഓവർ) - രേഖകൾ ഹാജരാക്കിയില്ല | 1-24 |

| | | |
|---|---|---|
| 43 | കോക്ലിയർ ഇംപ്ലാന്റ് ചെയ്ത കുട്ടികൾക്ക് ഉപകരണങ്ങൾ അറ്റകുറ്റപ്പണി ചെയ്യുന്നതിന് ധനസഹായം - വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ് | 1-25 |
| 44 | അങ്കണവാടി കുട്ടികളുടെ സ്പോർട്സും കലോൽസവവും - ചെലവ് രേഖകൾ ലഭ്യമാക്കേണ്ടതാണ് | 1-26 |
| 45 | മുനിസിപ്പാലിറ്റിയിലെ ഹരിതകർമസേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ് | 1-27 |
| 46 | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് - ഗുണഭോക്താവിന് തുക ലഭ്യമായതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്. | 1-28 |
| 47 | ഉറവിട മാലിന്യ സംസ്കരണം - വ്യക്തിഗതം(സ്പിൽ ഓവർ) - രേഖകൾ ഹാജരാക്കിയില്ല | 1-29 |
| 48 | വ്യക്തിഗത ടോയ്‌ലറ്റുകളുടെ പുനരുദ്ധാരണം പദ്ധതി- അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ് | 1-30 |
| 49 | ടെണ്ടർ ഫോം വില തനതു ഫണ്ടിലേക്ക് മാറ്റുന്നതുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-31 |
| 50 | മെയിന്റനൻസ് പ്രവൃത്തികൾ -തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-32 |
| 51 | ജി.യു.പി.എസ്. കെട്ടിടം അറ്റകുറ്റപണി -തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-32-1 |
| 52 | ജി.എൽ.പി.എസ്. വീരമംഗലം കെട്ടിടം നവീകരണം -തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-32-2 |
| 53 | സൈറ്റ് പരിശോധന നടത്താതെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നു | 1-33 |
| 54 | റോഡ് ടാറിംഗ് പ്രവൃത്തികളുടെ അവസാന ബില്ലിൽ നിന്നും ടാർ ബാരലുകളുടെ വില കുറവു ചെയ്തില്ല | 1-34 |
| 55 | റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ -പ്രവൃത്തി പൂർത്തിയാക്കേണ്ടതാണ് | 1-35 |
| 56 | പുതിയ ബസ് സ്റ്റാന്റ് നിർമ്മാണം -പ്രവർത്തനക്ഷമമാക്കേണ്ടതാണ് | 1-36 |
| 57 | ആർആർഎഫ് കെട്ടിടം -പ്രവർത്തനക്ഷമമാക്കേണ്ടതാണ് | 1-37 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | റോഡ് ടാറിംഗ് പ്രവൃത്തികളുടെ അവസാന ബില്ലിൽ നിന്നും ടാർ ബാരലുകളുടെ വില കുറവു ചെയ്തില്ല | 3-1 |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് പ്രവർത്തികൾകായി തുക നല്കിയത് | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്ക്-പത്രികകൾ-സംക്ഷിപ്തം | |

# ഭാഗം –1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റിയുടെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2023 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 24-7-2023 തീയതിയിലെ 1-ാം നം. തീരുമാനം പ്രകാരം അംഗീകരിച്ച് 25-7-2023തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4), 2007ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ് ചട്ടങ്ങൾ), കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ് 1996, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് നഗരസഭസ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി & എജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, നഗരപാലിക സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ നഗരപാലികാ സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

**അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ചെർപ്പുളശ്ശേരി മുനിസിപാലിറ്റിയുടെ 2022-23 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2023ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2023ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.**

സ്ഥലം : – പാലക്കാട്

തീയതി :- 09-02-2024 — സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത തുക വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

KURDFC ലോൺ തിരിച്ചടവ് തുക, അങ്കണവാടി വർക്കമാർക്കുള്ള ഓണറേറിയം എന്നിവ വാർഷിക കണക്കിലെ ചെലവിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 സാമൂഹ്യ സുരക്ഷാ പെൻഷൻ വരവ് ചെലവ് വാർഷിക കണക്കിൽ ഉൾപ്പെട്ടില്ല.

സാമൂഹ്യ സുരക്ഷാ പെൻഷൻ വരവ് ചെലവ് വാർഷിക കണക്കിൽ ഉൾപ്പെട്ടില്ല.

### 1-1-3 നീക്കിയിരിപ്പ് കണക്കാക്കിയതിൽ അപാകം

A) RP-40 (B)-യിൽ ഓരോ അക്കൗണ്ടുകളുടെയും ബാങ്ക് ബുക്കിനുപകരം പാസ് ബുക്ക് ബാലൻസ് ആണ് നീക്കിയിരിപ്പിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

B)ചില അക്കൗണ്ട്സിൽ ഇവ രണ്ടുമല്ലാത്ത നീക്കിയിരിപ്പ് തുകയാണ് കണക്കിലെടുത്തിരിക്കുന്നത്.

| ക്രമ നം. | അക്കൗണ്ട് നം | പാസ് ബുക്ക് നീക്കിയിരിപ്പ് | ബാങ്ക് ബുക്ക് നീക്കിയിരിപ്പ് | RP-40(b) നീക്കിയിരിപ്പ് |
|---|---|---|---|---|
| 1 | ദുരിതാശ്വാസ നിധി അക്കൗണ്ട് നം-124 | 189555 | 175395 | 183069 |
| 2 | South Indian Bank Profession Tax | 212129.5 | -36201 | 210688 |
| 3 | HDFC A/C 50100395680017 | 796377 | -685727 | 21698 |
| 4 | HDFC A/C 50100353368268 | 276346.61 | 268550 (21-22 ലെ CB) | 276346 |
| 5 | HDFC A/C 50100596893422 | 700000 | 0 | 700000 |
| 6 | CSCB A/C No 101100000001353 | 4635776 | 5076362 | 5240295 |
| 7 | Canara Bank (EPF) 2505101032475 | 110653.55 | 2211771 | 800166 |
| 8 | PNB(OWN Fund) A/C No-4264000100085855 | 29427972.70 | 9991482 | 24259389 |
| 9 | ICICI(SBM) A/C No-210805000067 | 539483 | (172650) | 410046 |
| 10 | CSCB(Kanivu) A/C No 101100000006191 | 12509.8 | 9336 | 9745 |

### 1-1-4 തിരിച്ചടയ്ക്കേണ്ട ലോൺ തുക കൃത്യമല്ല

ലോൺ തിരിച്ചടവ്, അടവാക്കേണ്ട തുക എന്നിവ വാർഷിക കണക്കിൽ തെറ്റായാണ് ചേർത്തിരിക്കുന്നത്. 21-22ലെ തിരിച്ചടക്കാൻ ബാക്കിയുള്ള തുക 73600000 രൂപയാണ് 22-23ലും തിരിച്ചടക്കേണ്ട തുകയായി ചേർത്തിരിക്കുന്നത്. തൻവർഷം ലോൺ തിരിച്ചടവിനായി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത തുക 6133334 രൂപ തിരിച്ചടച്ചതായി വാർഷിക കണക്കിൽ ചേർത്തിട്ടില്ല.

### 1-1-5 ഹെൽത്ത് ഗ്രാന്റ്- പലിശ വരവ് ഉൾപ്പെടുത്തിയില്ല

ഹെൽത്ത് ഗ്രാന്റിനത്തിൽ തൻവർഷം 82,00,000രൂപ കേരള ഗ്രാമീണ ബാങ്കിലുള്ള 110039702722നമ്പർ അക്കൗണ്ടിലേക്ക് ലഭ്യമായിട്ടുണ്ട്. RP-40(b)യിൽ ഈ അക്കൗണ്ടിന്റെ നീക്കിയിരിപ്പ് 8327096 രൂപയാണ്. തൻവർഷം ലഭിച്ച 127096 പലിശ കണക്കിലെടുക്കാതെയുള്ള തുക 82,00,000രൂപ മാത്രമാണ് B-4ൽ ചേർത്തിരിക്കുന്നത്.

### 1-1-6 അയ്യങ്കാളി പദ്ധതിയുടെ വരവ് ചെലവ് ഉൾപ്പെടുത്തിയതിൽ അപാകം

AUEGS നുള്ള അഡ്മിൻ വരവിൽ പലിശ മാത്രമാണ് ചേർത്തിരിക്കുന്നത്. EFMS തുക വാർഷിക ഉൾപ്പെടുത്തിയിട്ടില്ല

### 1-1-7 രജിസ്റ്റർ കാലികമാക്കിയിട്ടില്ല

അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ കാലികമാക്കിയിട്ടില്ല.

### 1-1-8 കേന്ദ്രാവിഷ്കൃത, സംസ്ഥാനാവിഷ്കൃത പദ്ധതികളുടെ വരവ് ചെലവ്-കൃത്യമായ കണക്കുകൾ സൂക്ഷിച്ചിട്ടില്ല

കേന്ദ്രാവിഷ്കൃത, സംസ്ഥാനാവിഷ്കൃത പദ്ധതികളുടെ വരവ് ചെലവ് കണക്കുകൾക്കായി പ്രത്യേകം അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

**1-1-9 ചെലവഴിക്കാത്ത ഗുണഭോക്തൃവിഹിതം-കൃത്യമായ കണക്കില്ല**

ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരം Beneficiary Contribution 1574176 രൂപ നീക്കിയിരിപ്പുണ്ട്.ഏതെല്ലാം വർഷങ്ങളിലെ തുകയാണിത് എന്നതിന്റെ വിവരം ലഭ്യമായില്ല. ഇവ ഉപയോഗിക്കാൻ സാധ്യതയില്ലാത്തപക്ഷം ഗുണഭേക്താക്കൾക്ക് തിരികെ നല്കേണ്ടതാണ്.

**1-1-10 ചെലവ് തുക പൊരുത്തപ്പെടുന്നില്ല**

വികസന ഫണ്ട്(എസ്.സി.പി)യുടെ വാർഷിക കണക്കിലെ ചെലവും സുലേഖ സ്റ്റേറ്റ്മെന്റിലെ ചെലവും പൊരുത്തപ്പെടുന്നില്ല.

AFS പ്രകാരം ചെലവ്-12966005

ചെലവ് പത്രിക പ്രകാരമുള്ള ചെലവ് -13464475

രണ്ടു ചെലവുകളും തമ്മിൽ 498470 രൂപയുടെ വ്യത്യാസത്തിന്റെ കാരണം വ്യക്തമല്ല.

**1-1-11 നിഷ്ക്രിയ അക്കൗണ്ടുകൾ ക്ലോസ് ചെയ്തിട്ടില്ല.**

2022-23ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-17 പ്രകാരം നഗരസഭയ്ക്ക് 25 ബാങ്ക് അക്കൗണ്ടുകൾ ഉണ്ട്. ഇതിൽ തനത് ഫണ്ടിനായി ഒന്നിലധികം അക്കൗണ്ടുകൾ ഉണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 26-5-2011 ലെ 58725/FM3/2008/ത.സ്വ.ഭ.വ നമ്പർ സർക്കുലർ അനുസരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് വരുമാനം നിക്ഷേപിക്കുന്നത് ട്രഷറി അക്കൗണ്ട് കൂടാതെ ഒരു ദേശസാൽകൃത ബാങ്കിലോ, ഒരു സഹകരണ ബാങ്കിലോ ആയിരിക്കണമെന്നും, ഈ ആവശ്യത്തിനായി ഒന്നിലധികം അക്കൗണ്ടുകൾ നിലനിർത്തരുതെന്നും നിർദേശമുണ്ട്. സർക്കുലനസരിച്ച് തനത് ഫണ്ടിനായുള്ള അക്കൗണ്ടുകളുടെ എണ്ണം കുറവാക്കാൻ നടപടിയെടുക്കേണ്ടതാണ്.

**1-1-12 സംക്ഷിപ്തത്തിലെ ഷെഡ്യൂൾ വാർഷിക കണക്കിനൊപ്പം സമർപ്പിച്ചില്ല**

Income And Expenditure Statement Abstract ൽ ഉൾപ്പെട്ട I-17(a) ഷെഡ്യൂൾ AIMS ൽ സമർപ്പിച്ച കണക്കിലും ഹാർഡ് കോപ്പിയിലും ഉൾപ്പെടുത്തിയിട്ടില്ല.

**1-1-13 സി എഫ് സി -ടൈഡ്,അൺടൈഡ് ഫണ്ടുകളുടെ ചെലവ് കണക്ക് കൃത്യമല്ല**

CFC (Tied & Untied) -വരവ് തുക ₹10836500 മാത്രമാണ് AFS-ൽ (ഹെഡ്-320200104) ഉൾപ്പെടുത്തിയിരിക്കുന്നത്. പലിശ വരവ് ഉൾപ്പെടുത്തിയിട്ടില്ല. ബാലൻസ് ഷീറ്റ് B-4 ലെ ബാലൻസ് ₹10836500 ആണ്. സുലേഖ ചെലവ് പത്രിക പ്രകാരം ചെലവ് 15429539 ആണ്. AFS-ൽ ചെലവു തുക 2-ൽ തുടങ്ങുന്ന പ്രൊജക്ട് ഹെഡിൽ ആണ് കാണിച്ചിട്ടുള്ളത്. ചെലവ് ചെയ്ത തുക ബാദ്ധ്യതയിൽ നിന്നും കുറവ് ചെയ്യാത്തതിനാൽ ചെലവ് I-6-ൽ വന്നിട്ടില്ല.

CFC നീക്കിയിരിപ്പ് RP-40b, B-17 എന്നിവ പ്രകാരം ₹21698 ആണ്. എന്നാൽ ബാലൻസ് ഷീറ്റ് B-4 പ്രകാരം 10836500 രൂപ ആണ്. CFC Tied & Untied ഫണ്ടുകളുടെ ലെഡ്ജർ പ്രകാരം ചെലവ് നെഗറ്റീവ് ആണ്.

ടൈഡ്, അൺടൈഡ് ഫണ്ടുകൾ വകമാറ്റി ചെലവഴിച്ചതു മൂലമാണ് വ്യത്യാസം.

**1-1-14 ആർ. എം.എസ്. എ ഫണ്ട്, എ.യു.ഇ.ജി.എസ് ട്രഷറി അക്കൗണ്ട് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല**

1.RMSA ഫണ്ട് 1749500 രൂപ മുന്നിരിപ്പ്, 1402252 രൂപ ചെലവ്, 347248 രൂപ നിക്കിയിരിപ്പുണ്ട്. പലിശയിനത്തിലും വരവുണ്ട്. ടി തുകകളൊന്നും തന്നെ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
2. AUEGS ഫണ്ടിന്റെ ട്രഷറി അക്കൗണ്ട് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

**1-1-15 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.**

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

**1-1-16 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് തുക നല്കിയത് വാർഷിക കണക്കിൽ ചേർത്തിട്ടില്ല.**

സ്ട്രീറ്റ് ടാപ്പ് എക്സ്റ്റെൻഷൻ നടത്തുന്നതിനായി കേരള വാട്ടർ അതോറിറ്റിയ്ക്ക് തുക 2490000 രൂപ ഡെപ്പോസിറ്റ് ചെയ്തത് Advance To Implementing Agencies എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

**1-1-17 കുടിശ്ശിക തുക ബാധ്യത ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല**

പൊതുടാപ്പുകളുടെ വെള്ളക്കരം കുടിശ്ശിക വാർഷിക കണക്കിലെ Liabilty-യിൽ ഉൾപ്പെടുത്തിയിട്ടില്ല.

**1-2 ബജറ്റ്**

2022-23 വർഷത്തെ ബജറ്റ് 30/03/2022 തിയതിയിലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു. വാർഷിക ബജറ്റ് പുതുക്കി അംഗീകാരം നേടിയിട്ടുണ്ട് (തീരുമാനം നം.1/20-3-2023). ബജറ്റ് വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 3,52,01,543 |
| വരവ് | 39,60,61,945 |
| ആകെ | 43,12,63,488 |
| ചെലവ് | 30,24,27,122 |
| നീക്കിയിരിപ്പ് | 12,88,36,366 |

**1-3 സാമ്പത്തിക വിശകലനം**

| | |
|---|---|
| മുന്നിരിപ്പ് | 42128611 |
| വരവ് | 178707945 |
| ആകെ | 220836556 |
| ചെലവ് | 169973421 |
| നീക്കിയിരിപ്പ് | 50863135 |

**1-4 ഫണ്ട് വിനിയോഗം**

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ | 0 | 37024020 | 37024020 | 33456803* | 3567217 |
| വികസനഫണ്ട് എസ്.സി..പി | 0 | 15605000 | 15605000 | 13966005* | 1638995 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 0 | 19002000 | 19002000 | 13118942 | 5883058 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 5692000 | 5692000 | 4226813 | 1465187 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) & ടൈഡ് - ബാങ്ക് | 3371500 | 14799095 | 18170595 | 18148897** | 21698 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഗ്രാന്റ്- (സ്പിൽ ഓവർ)- ട്രഷറി | 0 | 177578 | 177578 | 126042 | 51536 |

* വികസന ഫണ്ട് (ജനറൽ) -ൽ നിന്നും ലൈഫ് മിഷൻ (ജനറൽ) ഇനത്തിൽ ₹5133334 , അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ ₹1620600ഉം കൂടി ആകെ ₹6753934/- സ്രോതസ്സിൽ നിന്നും കുറവ് ചെയ്തിട്ടുണ്ട്.

വികസന ഫണ്ട് (എസ്‌സിപി) -ൽ നിന്നും ലൈഫ് മിഷൻ (എസ്‌സിപി) ഇനത്തിൽ ₹1000000 സ്രോതസ്സിൽ നിന്നും കുറവ് ചെയ്തിട്ടുണ്ട്. മേൽ തുകകൾ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. സ്രോതസ്സിൽ

നിന്നും കുറവ് ചെയ്ത തുക കൂടി മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

** CFC (Tied & Untied) -വരവ് തുക ₹10836500 മാത്രമാണ് AFS-ൽ (ഹെഡ്-320200104) ഉൾപ്പെടുത്തിയിരിക്കുന്നത്. പലിശ വരവ് ഉൾപ്പെടുത്തിയിട്ടില്ല. ബാലൻസ് ഷീറ്റ് B-4 ലെ ബാലൻസ് ₹10836500 ആണ്. സുലേഖ ചെലവ് പത്രിക പ്രകാരം ചെലവ് 15429539 ആണ്. AFS-ൽ ചെലവു തുക 2-ൽ തുടങ്ങുന്ന പ്രൊജക്റ്റ് ഹെഡിൽ ആണ് കാണിച്ചിട്ടുള്ളത്. ചെലവ് ചെയ്ത തുക ബാദ്ധ്യതയിൽ നിന്നും കുറവ് ചെയ്യാത്തതിനാൽ ചെലവ് I-6-ൽ വന്നിട്ടില്ല. ബാങ്ക് അക്കൌണ്ട് പ്രകാരമുള്ള വിവരമാണ് മേൽപട്ടികയിൽ ചേർത്തിട്ടുള്ളത്.

**കേന്ദ്രാവിഷ്കൃതം**

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| സ്വച്ഛ് ഭാരത് | 0 | 3818754 | 3818754 | 3818754 | 0 |
| സമ്പൂർണ്ണ ശുചിത്വം | 1219129 | 643464 | 1862593 | 1452547 | 410046 |
| ICDS | | 1340888 | 1340888 | 410430 | |
| NULM | 0 | 786083 | 786083 | 786083 | 0 |
| Health Grant | 0 | 8200000 + 127096(Int) | 8327096 | 0 | 8327096* |
| PMAY | 23000 | 0 | 23000 | 0 | 23000 |
| | 2362319 | 105809 | 2468128 | 2440000 | 28128 |
| | 0 | 17520000 | 17520000 | 17520000 | 0 |

* Health Grant പലിശ വരവ് ₹127096/- ബാലൻസ് ഷീറ്റ് B-4-ൽ ഉൾപ്പെടുത്തിയിട്ടില്ല.

വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾ പ്രകാരമുള്ള വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ AFS-ൽ വേറിട്ട് കാണിച്ചിട്ടില്ല. രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ബാങ്ക് അക്കൌണ്ട് പ്രകാരമുള്ള വിവരങ്ങളാണ് ചേർത്തിട്ടുള്ളത്.

ICDS തുക തനതു ഫണ്ടിലാണ് ഉള്ളത്. മുന്നിരിപ്പ്, നീക്കിയിരിപ്പ് തുകകളുടെ വിവരങ്ങൾ ലഭ്യമല്ല. 320100100 എന്ന ഹെഡിലുള്ള വരവ്, ചെലവ് വിവരങ്ങളാണ് ചേർത്തിട്ടുള്ളത്. ICDS കാഷ് ബുക്ക് പ്രകാരമുള്ള ചെലവ് ₹591127 ആണ്.

സംസ്ഥാനാവിഷ്കൃതം

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി | 2374048 | 10000000 + 40719 (പലിശ) | 12414767 | 631890(Admin) + 11344829 (Project Exp.) | 438048 |

അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ ട്രഷറി ടി.എസ്.ബി. അക്കൗണ്ട് AFS-ൽ ഉൾപ്പെടുത്തിയിട്ടില്ല. അതിൻ പ്രകാരമുള്ള വരവ് ചെലവ് കണക്കുകളും ഉൾപ്പെടുത്തിയിട്ടില്ല. രജിസ്റ്റർ പ്രകാരമുള്ള വിവരങ്ങളാണ് ചേർത്തിരിക്കുന്നത്.

**പ്രത്യേക ഉദ്ദേശ ഗ്രാന്റ്**

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| നാഷണൽ ആയുഷ് മിഷൻ ആയുർവേദം | 0 | 500000 | 500000 | 0 | 500000 |
| RMSA* | 1749500 | 0 | 1749500 | 1402252 | 347248+ + പലിശ |

RMSA ഫണ്ട് AFS-ൽ കണക്കിലെടുത്തിട്ടില്ല.

**1-5 പദ്ധതി അവലോകനം**

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീ | പദ്ധതി | നടപ്പാ | പദ്ധതി | ഭാഗിക | നടപ്പാ | പൂർത്തീ |
|---|---|---|---|---|---|---|

| കാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | ക്കിയത് (എണ്ണം) | ചെലവ് | മായി നടപ്പാക്കിയത് (എണ്ണം) | ക്കാത്തവ (എണ്ണം) | കരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 378 | 175420915 | 240 | 109840215 | 0 | 138 | 63.49 |

വിവിധ നിർവഹണ ഉദ്യോഗസ്ഥർ അംഗീകാരം ലഭ്യമാക്കിയ പ്രൊജക്ടുകൾ നടപ്പിലാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 5 | 4 | 5591388 | 4911534 | 87.84 |
| മെഡിക്കൽ ഓഫീസർ-CHC | 8 | 8 | 4908000 | 3520724 | 71.73 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 3 | 3 | 1080000 | 1079997 | 99.99 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 3 | 3 | 390000 | 373925 | 95.88 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 14 | 10 | 8365614 | 6054198 | 72.37 |
| സെക്രട്ടറി | 49 | 35 | 54146382 | 38648268 | 71.38 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 254 | 155 | 82739239 | 46461756 | 56.15 |
| വെറ്ററിനറി സർജ്ജൻ | 6 | 6 | 3768800 | 1982600 | 52.61 |
| ഹെൽത്ത് ഓഫീസർ | 30 | 15 | 13481492 | 6457226 | 47.9 |
| പ്രിൻസിപ്പാൾ, ഗവ. ഹയർ സെക്കന്ററി സ്കൂൾ | 6 | 1 | 950000 | 349987 | 36.84 |
| ആകെ | 378 | 240 | 175420915 | 109840215 | 62.62 |

അതാത് സാമ്പത്തിക വർഷത്തിൽ തന്നെ പരമാവധി തുക ചെലവഴിക്കുന്ന വിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാക്കി പദ്ധതി പുരോഗതി വിലയിരുത്തി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

## 1-6 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി | 2374048 | 10000000 + 40719 (പലിശ) | 12414767 | 631890(Admin) + 11344829 (Project Exp.) | 438048 |

അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ ട്രഷറി ടി.എസ്.ബി. അക്കൗണ്ട് AFS-ൽ ഉൾപ്പെടുത്തിയിട്ടില്ല. അതിൻ പ്രകാരമുള്ള വരവ് ചെലവ് കണക്കുകളും ഉൾപ്പെടുത്തിയിട്ടില്ല. രജിസ്റ്റർ പ്രകാരമുള്ള വിവരങ്ങളാണ് ചേർത്തിരിക്കുന്നത്.

## 1-7 ക്ഷേമ പദ്ധതികൾ

നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 5289000 | 443 |

| | | | |
|---|---|---|---|
| 2 | വിധവാ പെൻഷൻ | 17223400 | 1700 |
| 3 | വാർദ്ധക്യകാല പെൻഷൻ | 32656200 | 3132 |
| 4 | വികലാംഗ പെൻഷൻ | 5603800 | 525 |
| 5 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 2185100 | 201 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08.01.2024 ന് ഉച്ചക്ക് ശേഷം 3മണിക്ക് അക്കൗണ്ടന്റിന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ നീക്കിയിരിപ്പില്ല എന്ന് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

മുനിസിപ്പാലിറ്റിയിൽ കൈകാര്യം ചെയ്യുന്ന മുഴുവൻ വിഷയങ്ങളെയും അടിസ്ഥാനമാക്കി വിവിധ ഉത്തരവാദിത്തങ്ങൾ ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകളിലൂടെ ഏൽപിച്ചിട്ടുണ്ട്.

കണക്കുകൾ ശരിയായി അക്കൌണ്ട് ചെയ്യപ്പെടുന്നതിലും രേഖകളുടെ സൂക്ഷിപ്പിലും ഉള്ള അപാകതകൾ പരിഹരിക്കാൻ മേലുദ്യോഗസ്ഥൻമാർ ശരിയായ ശ്രദ്ധ പതിപ്പിച്ചിട്ടില്ല.

ബാങ്ക് അക്കൗണ്ടുകൾ ശരിയായ രീതിയിൽ റികൺസിലിയേഷൻ നടത്താതെയാണ് വാർഷിക കണക്ക് തയ്യാറാക്കിയിരിക്കുന്നത്.

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ, മറ്റ് സ്ഥാപനങ്ങൾ, വകുപ്പുകൾ തുടങ്ങിയവ നൽകുന്ന പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ്, തിരിച്ചടവ് തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

മറ്റു സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാവുന്ന തുകകൾ മുഴുവൻ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. നീക്കിയിരിപ്പ് ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തുന്നില്ല. ഭാഗികമായി രേഖപ്പെടുത്തുന്ന തുകകൾ പ്രത്യേകം ഹെഡിൽ രേഖപ്പെടുത്തുന്നതിനു പകരം ഒറ്റ ഹെഡിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. അതിനാൽ ലഭ്യമായ ഫണ്ടുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് അറിയുന്നതിനോ നഗരസഭയുടെ യഥാർത്ഥ തനത് വരുമാനം സംബന്ധിച്ച് നിരീക്ഷിക്കുന്നതിനോ സാധ്യമാവുന്നില്ല.

KURDFC ലോൺ തിരിച്ചടവ് തുക, അങ്കണവാടി വർക്കർമാർക്കുള്ള ഓണറേറിയം, സാമൂഹ്യ സുരക്ഷാ പെൻഷൻ വരവ് ചെലവ് എന്നിവ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

ലൈഫ് പദ്ധതി ലോൺ തിരിച്ചടവ് നിരീക്ഷിക്കുന്നതിനായി ലോൺ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

രസീത് പ്രകാരം ഈടാക്കുന്ന കളക്ഷൻ തുകകൾ കേരള ട്രഷറി കോഡിലെ വ്യവസ്ഥകൾക്കനുസൃതമായി കാലതാമസം വരാതെ അടക്കേണ്ടതാണ്.

പൊതുടാപ്പുകളുടെ വെള്ളക്കരം കുടിശ്ശിക വാർഷിക കണക്കിൽ ലയബിലിറ്റിയായി ഉൾപ്പെടുത്തിയിട്ടില്ല.

സാമ്പത്തിക സ്ഥിതി വിലയിരുത്തി വേണം തനതുഫണ്ട് വകയിരുത്തി പ്രൊജക്ടുകൾ ആവിഷ്കരിക്കേണ്ടത്.

മറ്റു സ്ഥാപനങ്ങളിൽ നിന്നു ലഭിച്ചിട്ടുള്ള ചെലവഴിക്കാത്ത തുകകൾ തിരിച്ചടക്കേണ്ടതാണ്.
അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

9-2-2022 മുതൽ 2-3-2022 വരെ നടന്ന അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ 1.4.2018 മുതൽ 31.1.2022 വർഷം വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്.

പരാമർശങ്ങൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

നഗരസഭ രൂപീകരിച്ചതിനുശേഷം പെർഫോമൻസ് ഓഡിറ്റ് വിഭാഗത്തിന്റെ ഓഡിറ്റ് നടന്നിട്ടില്ല.

## 1-11 വസ്തു നികുതി പരിഷ്കരണം - നിയമാനുസൃതമല്ലാതെ കെട്ടിട നമ്പറുകൾ അനുവദിച്ചു

ഫയൽ നം. R1/3091/220 പരിശോധിച്ചതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ചെർപ്പുളശ്ശേരി നഗരസഭയിൽ 15-ാം വാർഡിൽ കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ പ്രവർത്തിച്ചു വരുന്ന കെട്ടിടത്തിന് നികുതി ഒടുക്കുന്നതുമായി ബന്ധപ്പെട്ട് കെട്ടിട ഉടമയായ ശ്രീ. ഹംസ ഹാജി പുലാത്തറക്കൽ സമർപ്പിച്ച അപേക്ഷ പരിശോധിച്ചതിൽ ടി കെട്ടിടത്തിന് നമ്പർ നൽകിയതിൽ ക്രമക്കേടുകൾ ഉള്ളതായി ബോധ്യപ്പെട്ടിട്ടുള്ളതാണ്. ശ്രീ. ഹംസ ഹാജി പുലാത്തറക്കൽ മുതൽ പേരുടെ ഉടമസ്ഥതയിലുള്ള കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ പ്രവർത്തിച്ചു വരുന്ന കെട്ടിടത്തിന് ചെർപ്പുളശ്ശേരി ഗ്രാമപഞ്ചായത്തിൽ നിന്നും കൈമാറി കിട്ടിയ അസസ്സ്മെന്റ് പ്രകാരം 29 കെട്ടിട നമ്പറുകളാണ് ഉണ്ടായിരുന്നത്. പഞ്ചായത്ത് മാറി നഗരസഭ ആയതിന് ശേഷം സർക്കാരിന്റെ 14.01.2011 തിയതിയിലെ 17/11, 18/11 നമ്പർ ഉത്തരവുകൾ പ്രകാരം നഗരസഭയിൽ നികുതി പരിഷ്കരണം നടത്തിയിട്ടുള്ളതാണ്. നികുതി പരിഷ്കരണത്തിനിടയിൽ ടി കെട്ടിടത്തിനോട് അനധികൃതമായി കൂട്ടിച്ചേർത്ത കെട്ടിട ഭാഗങ്ങൾക്ക് നിയമാനുസൃതമല്ലാത്ത 77 അധിക നമ്പറുകൾ സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തി മുൻകാല പ്രാബല്യത്തോടെ നികുതി ഒടുക്കി നൽകിയതായി ബോധ്യപ്പെട്ടിട്ടുള്ളതാണ്.

ആയതിന്റെ അടിസ്ഥാനത്തിൽ കെട്ടിട ഉടമയായ ശ്രീ. ഹംസ ഹാജിയെ 06-05-2021 തിയതിയിൽ നേരിൽ കേട്ട് മൊഴി രേഖപ്പെടുത്തിയിട്ടുള്ളതാണ്. ടി മൊഴിയിൽ ടിയാൻ 1995 ൽ വസ്തു വാങ്ങി ഒരു നില കെട്ടിടം പണിയുകയും തുടർന്ന് വശങ്ങളിലേക്കും മുകളിലേക്കും കെട്ടിട ഭാഗങ്ങൾ കൂട്ടിച്ചേർത്തിട്ടുള്ളതാണെന്നും, കെട്ടിടത്തിന് നഗരസഭയിൽ നിന്നും ലഭിച്ച യാതൊരു അനുമതി പത്രവും തന്റെ കൈവശം ഇല്ലെന്നും, കെട്ടിടം തന്റെയും ഭാര്യയുടെയും, മക്കളുടെയും കൂട്ടുടമസ്ഥതയിലുള്ളതാണ് എന്നും ബോധിപ്പിച്ചിട്ടുള്ളതാണ്.

നഗരസഭാ രേഖകൾ, റവന്യൂ ഇൻസ്പെക്ടറുടെ റിപ്പോർട്ട്, സഞ്ചയ സോഫ്റ്റ് വെയർ, കെട്ടിട ഉടമയായ ശ്രീ. ഹംസ ഹാജിയുടെ മൊഴി എന്നിവയിൽ നിന്നും 29 കെട്ടിട നമ്പറുകൾക്ക് മാത്രമാണ് നിയമസാധുതയുള്ളതെന്നും, പിന്നീട് അനധികൃതമായി പരിഗണിക്കേണ്ട കെട്ടിടങ്ങൾക്ക് റെഗുലർ നമ്പറുകൾ ഉദ്യോഗസ്ഥരെ സ്വാധീനിച്ച് കരസ്ഥമാക്കി നികുതി ഒടുക്കി പ്രവർത്തിച്ചു വരുന്നതായി കണ്ടെത്തി റവന്യൂ ഇൻസ്പെക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂട്ടിച്ചേർത്ത കെട്ടിട ഭാഗങ്ങൾക്ക് നികുതി പരിഷ്കരണത്തിന്റെ ഭാഗമായി 77 നമ്പറുകൾ അനുവദിച്ചിട്ടുള്ളത് ടി കാലയളവിൽ ജോലി ചെയ്തിരുന്ന ഉദ്യോഗസ്ഥരുടെ വീഴ്ച കൊണ്ടു സംഭവിച്ചതാണ്.

ടി വിഷയത്തിൽ വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് ജോലി നോക്കിയിരുന്നവരുടെ വിശദീകരണം തേടുകയും കുറ്റക്കാരാണെന്ന് ബോധ്യപ്പെട്ട ജീവനക്കാർക്കെതിരെ വകുപ്പ് തല നടപടികൾക്കായി സർക്കാരിലേക്ക് റിപ്പോർട്ട് നൽകിയിട്ടുള്ളതുമാണ്.

ടി കെട്ടിടത്തിൽ കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ പ്രവർത്തിക്കുന്നതും രോഗികളെ കിടത്തി ചികിത്സ നടത്തി വരുന്നതുമാണ്. കെട്ടിടത്തിൽ കൂട്ടിച്ചേർക്കലിനു പുറമെയും നിർമ്മാണം നടത്തി വരുന്നുണ്ടെന്നും, നിലവിൽ കെട്ടിടത്തിന് 5367.4 ച.മീ. വിസ്തീർണ്ണം ഉണ്ടെന്നും നഗരസഭയിലെ എഞ്ചിനീയറിംഗ് വിഭാഗം 12-07-2021 തിയ്യതിയിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. നിയമാനുസൃതം ഫയർ എൻ.ഒ.സി. യോ, കെ.എം.ബി.ആർ മാനദണ്ഡങ്ങളോ പാലിച്ചിട്ടില്ലാതെ പ്രവർത്തിക്കുന്ന കെട്ടിടമാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ആയതിന്റെ അടിസ്ഥാനത്തിൽ 29 കെട്ടിട നമ്പറുകൾ മാത്രമാണ് നിയമാനുസൃതമായി അനുവദിച്ചിട്ടുള്ളത് എന്ന് ബോധ്യപ്പെട്ടിട്ടുള്ളതിനാൽ ക്രമ പ്രകാരമല്ലാതെ അനുവദിച്ച 77 കെട്ടിട നമ്പറുകൾ നം. R1/3091/220, തിയ്യതി : 10-08-2021 പ്രകാരം സെക്രട്ടറി താത്കാലികമായി റദ്ദ് ചെയ്ത് ഉത്തരവായിട്ടുണ്ട്.

**നിയമാനുസൃതമായ അസസ്സ്മെന്റ് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ള കെട്ടിട നമ്പറുകൾ**

| ക്രമ നം. | കെട്ടിട നമ്പർ | കെട്ടിട ഉടമയുടെ പേര് | വിസ്തീർണ്ണം(ച.മീ) |
|---|---|---|---|
| 1 | 15/732 | ജമീല & ഹംസ ഹാജി പുലാത്തറക്കൽ | 28.56 |
| 2 | 15/746 | ജമീല & ഹംസ ഹാജി പുലാത്തറക്കൽ | 60.04 |
| 3 | 15/741 | ജമീല & ഹംസ ഹാജി പുലാത്തറക്കൽ | 21.46 |
| 4 | 15/747 | ജമീല & ഹംസ ഹാജി പുലാത്തറക്കൽ | 42.33 |
| 5 | 15/748 | ജമീല & ഹംസ ഹാജി പുലാത്തറക്കൽ | 21.45 |
| 6 | 15/749 | ജമീല & ഹംസ ഹാജി പുലാത്തറക്കൽ | 21.22 |
| 7 | 15/750 | ജമീല & ഹംസ ഹാജി പുലാത്തറക്കൽ | 21.22 |

| | | | |
|---|---|---|---|
| 8 | 15/677 | ഫാത്തിമ ഷാ W/O അക്ബർ ഷാ പുലാത്തറക്കൽ | 8.97 |
| 9 | 15/676 | ഫാത്തിമ ഷാ W/O അക്ബർ ഷാ പുലാത്തറക്കൽ | 39.53 |
| 10 | 15/673 | ഫാത്തിമ ഷാ W/O അക്ബർ ഷാ പുലാത്തറക്കൽ | 10.00 |
| 11 | 15/767 | ജമീല & ഹംസ ഹാജി പുലാത്തറക്കൽ | 16.85 |
| 12 | 15/674 | ജമീല & ഹംസ ഹാജി പുലാത്തറക്കൽ | 30.00 |
| 13 | 15/770 | ജമീല & ഹംസ ഹാജി പുലാത്തറക്കൽ | 16.85 |
| 14 | 15/745 | ഷീബ, ഹാരിസ്, ഹംസ, ഹസ്ക്കർ പുലാത്തറക്കൽ | 21.46 |
| 15 | 15/745 | ഷീബ, ഹാരിസ്, ഹംസ, ഹസ്ക്കർ പുലാത്തറക്കൽ | 19.68 |
| 16 | 15/675 | ഷീബ, ഹാരിസ്, ഹംസ, ഹസ്ക്കർ പുലാത്തറക്കൽ | 9.00 |
| 17 | 15/769 | ഷീബ, ഹാരിസ്, ഹംസ, ഹസ്ക്കർ പുലാത്തറക്കൽ | 15.62 |
| 18 | 15/744 | ഷീബ, ഹാരിസ്, ഹംസ, ഹസ്ക്കർ പുലാത്തറക്കൽ | 48.8 |
| 19 | 15/766 | ഹംസ ഹാജി, പുലാത്തറക്കൽ | 16.85 |
| 20 | 15/768 | ഹംസ ഹാജി, പുലാത്തറക്കൽ | 16.85 |
| 21 | 15/826 | ഹംസ ഹാജി, പുലാത്തറക്കൽ | 13.00 |
| 22 | 15/828 | ഹംസ ഹാജി, പുലാത്തറക്കൽ | 13.00 |
| 23 | 15/829 | ഹംസ ഹാജി, പുലാത്തറക്കൽ | 13.00 |
| 24 | 15/830 | ഹംസ ഹാജി, പുലാത്തറക്കൽ | 17.33 |
| 25 | 15/831 | ഹംസ ഹാജി, പുലാത്തറക്കൽ | 18.3 |
| 26 | 15/825 | ഹംസ ഹാജി, പുലാത്തറക്കൽ | 42.00 |
| 27 | 15/824 | ഹംസ ഹാജി, പുലാത്തറക്കൽ | 76.26 |
| 28 | 15/678 | ഹംസ ഹാജി, പുലാത്തറക്കൽ | 13.00 |
| 29 | 15/827 | ഹംസ ഹാജി, പുലാത്തറക്കൽ | 13.00 |

**നികുതി പരിഷ്കരണത്തിനിടയിൽ അനുവദിച്ചിട്ടുള്ളതും എന്നാൽ നിയമാനുസൃതമല്ലാത്തതിനാൽ റദ്ദ് ചെയ്തതുമായ കെട്ടിട നമ്പറുകൾ**

| ക്രമ നം. | കെട്ടിട നമ്പർ | കെട്ടിട ഉടമയുടെ പേര് | വിസ്തീർണ്ണം(ച.മീ) |
|---|---|---|---|
| 1 | 15/675 | ഫാത്തിമ ഷാ W/O അക്ബർ ഷാ പുലാത്തറക്കൽ | 116.76 |
| 2 | 15/679 | ഫാത്തിമ ഷാ W/O അക്ബർ ഷാ പുലാത്തറക്കൽ | 35.9 |
| 3 | 15/680 | ഫാത്തിമ ഷാ W/O അക്ബർ ഷാ പുലാത്തറക്കൽ | 58.5 |
| 4 | 15/681 | ഷാനവാസ്, പുലാത്തറക്കൽ | 180.42 |
| 5 | 15/682 | ഷാനവാസ്, പുലാത്തറക്കൽ | 12.75 |
| 6 | 15/683 | ഷാനവാസ്, പുലാത്തറക്കൽ | 12.75 |
| 7 | 15/684 | ഷാനവാസ് പുലാത്തറക്കൽ | 12.75 |
| 8 | 15/685 | ഷാനവാസ്, പുലാത്തറക്കൽ | 12.75 |
| 9 | 15/686 | ഷാനവാസ്, പുലാത്തറക്കൽ | 12.75 |
| 10 | 15/687 | ഷാനവാസ്, പുലാത്തറക്കൽ | 12.75 |
| 11 | 15/689 | ഫാത്തിമ ഷാ W/O അക്ബർ ഷാ പുലാത്തറക്കൽ | 101.26 |
| 12 | 15/690 | ഷാനവാസ്, പുലാത്തറക്കൽ | 78.63 |
| 13 | 15/691 | ഹസ്ക്കർ, പുലാത്തറക്കൽ | 15.32 |
| 14 | 15/692 | ഹസ്ക്കർ, പുലാത്തറക്കൽ | 15.32 |
| 15 | 15/693 | ഹസ്ക്കർ, പുലാത്തറക്കൽ | 15.32 |
| 16 | 15/694 | ഹസ്ക്കർ, പുലാത്തറക്കൽ | 41.2 |
| 17 | 15/695 | ഹസ്ക്കർ, പുലാത്തറക്കൽ | 22.2 |
| 18 | 15/696 | ഹസ്ക്കർ, പുലാത്തറക്കൽ | 19.48 |
| 19 | 15/697 | ഹസ്ക്കർ, പുലാത്തറക്കൽ | 15.32 |

| | | | |
|---|---|---|---|
| 20 | 15/698 | ഹസ്സർ, പുലാത്തറക്കൽ | 15.32 |
| 21 | 15/699 | ഹസ്സർ, പുലാത്തറക്കൽ | 18.99 |
| 22 | 15/700 | ഹംസ ഹാജി മുതൽ പേർ | 34.68 |
| 23 | 15/701 | ഹംസ ഹാജി മുതൽ പേർ | 12.6 |
| 24 | 15/702 | ഹംസ ഹാജി മുതൽ പേർ | 12.6 |
| 25 | 15/703 | ഹംസ ഹാജി മുതൽ പേർ | 16.85 |
| 26 | 15/704 | ഹംസ ഹാജി മുതൽ പേർ | 16.85 |
| 27 | 15/705 | ഹംസ ഹാജി മുതൽ പേർ | 16.85 |
| 28 | 15/706 | ഹംസ ഹാജി മുതൽ പേർ | 16.85 |
| 29 | 15/707 | ഹംസ ഹാജി മുതൽ പേർ | 16.85 |
| 30 | 15/708 | ഹംസ ഹാജി മുതൽ പേർ | 16.85 |
| 31 | 15/709 | ഹംസ ഹാജി മുതൽ പേർ | 16.85 |
| 32 | 15/710 | ഹംസ ഹാജി മുതൽ പേർ | 16.85 |
| 33 | 15/711 | ഹംസ ഹാജി മുതൽ പേർ | 16.85 |
| 34 | 15/712 | ഹംസ ഹാജി മുതൽ പേർ | 16.85 |
| 35 | 15/713 | ഹംസ ഹാജി മുതൽ പേർ | 16.85 |
| 36 | 15/714 | ഹംസ ഹാജി മുതൽ പേർ | 16.85 |
| 37 | 15/715 | ഹസ്സർ, പുലാത്തറക്കൽ | 16.85 |
| 38 | 15/716 | ഹസ്സർ, പുലാത്തറക്കൽ | 16.85 |
| 39 | 15/717 | ഹസ്സർ, പുലാത്തറക്കൽ | 16.85 |
| 40 | 15/718 | ജമീല & ഹംസ ഹാജി പുലാത്തറക്കൽ | 21.11 |
| 41 | 15/719 | ജമീല & ഹംസ ഹാജി പുലാത്തറക്കൽ | 21.11 |
| 42 | 15/720 | ജമീല & ഹംസ ഹാജി പുലാത്തറക്കൽ | 21.11 |
| 43 | 15/721 | ജമീല & ഹംസ ഹാജി പുലാത്തറക്കൽ | 21.11 |
| 44 | 15/722 | ജമീല & ഹംസ ഹാജി പുലാത്തറക്കൽ | 21.11 |
| 45 | 15/723 | ജമീല & ഹംസ ഹാജി പുലാത്തറക്കൽ | 21.11 |
| 46 | 15/724 | ജമീല & ഹംസ ഹാജി പുലാത്തറക്കൽ | 21.11 |
| 47 | 15/725 | ജമീല & ഹംസ ഹാജി പുലാത്തറക്കൽ | 60.04 |
| 48 | 15/726 | ജമീല & ഹംസ ഹാജി പുലാത്തറക്കൽ | 18.76 |
| 49 | 15/727 | ജമീല & ഹംസ ഹാജി പുലാത്തറക്കൽ | 18.76 |
| 50 | 15/728 | ജമീല & ഹംസ ഹാജി പുലാത്തറക്കൽ | 18.76 |
| 51 | 15/729 | ജമീല & ഹംസ ഹാജി പുലാത്തറക്കൽ | 18.76 |
| 52 | 15/730 | ഹംസ ഹാജി മുതൽ പേർ | 29.92 |
| 53 | 15/731 | ഹസ്സർ, പുലാത്തറക്കൽ | 22.55 |
| 54 | 15/733 | ഹസ്സർ, പുലാത്തറക്കൽ | 40.96 |
| 55 | 15/734 | ജമീല, സുഹറ, ഷാനവാസ്, ഷീബ പുലാത്തറക്കൽ | 16.85 |
| 56 | 15/735 | ജമീല, സുഹറ, ഷാനവാസ്, ഷീബ പുലാത്തറക്കൽ | 16.85 |
| 57 | 15/736 | ജമീല, സുഹറ, ഷാനവാസ്, ഷീബ പുലാത്തറക്കൽ | 16.85 |
| 58 | 15/737 | ജമീല, സുഹറ, ഷാനവാസ്, ഷീബ പുലാത്തറക്കൽ | 16.85 |
| 59 | 15/738 | ജമീല, സുഹറ, ഷാനവാസ്, ഷീബ പുലാത്തറക്കൽ | 16.85 |
| 60 | 15/739 | ജമീല, സുഹറ, ഷാനവാസ്, ഷീബ പുലാത്തറക്കൽ | 16.85 |
| 61 | 15/740 | ഹസ്സർ, പുലാത്തറക്കൽ | 16.85 |

| | | | |
|---|---|---|---|
| 62 | 15/742 | സുഹറ, സൽമാൻഫാരിസ്, ഷീബ, ഷിബിലി പുലാത്തറക്കൽ | 21.46 |
| 63 | 15/751 | സുഹറ, സൽമാൻഫാരിസ്, ഷീബ, ഷിബിലി പുലാത്തറക്കൽ | 21.22 |
| 64 | 15/752 | സുഹറ, സൽമാൻഫാരിസ്, ഷീബ, ഷിബിലി പുലാത്തറക്കൽ | 21.22 |
| 65 | 15/753 | സുഹറ, സൽമാൻഫാരിസ്, ഷീബ, ഷിബിലി പുലാത്തറക്കൽ | 21.22 |
| 66 | 15/754 | സുഹറ, സൽമാൻഫാരിസ്, ഷീബ, ഷിബിലി പുലാത്തറക്കൽ | 21.22 |
| 67 | 15/755 | സുഹറ, സൽമാൻഫാരിസ്, ഷീബ, ഷിബിലി പുലാത്തറക്കൽ | 21.22 |
| 68 | 15/756 | ഹംസ, സൽമാൻഫാരിസ്, ഷീബ, ഷിബിലി പുലാത്തറക്കൽ | 12.58 |
| 69 | 15/757 | ഹംസ, സൽമാൻഫാരിസ്, ഷീബ, ഷിബിലി പുലാത്തറക്കൽ | 12.58 |
| 70 | 15/758 | ഹംസ, സൽമാൻഫാരിസ്, ഷീബ, ഷിബിലി പുലാത്തറക്കൽ | 12.58 |
| 71 | 15/759 | ഹംസ, സൽമാൻഫാരിസ്, ഷീബ, ഷിബിലി പുലാത്തറക്കൽ | 12.58 |
| 72 | 15/760 | ഹംസ, സൽമാൻഫാരിസ്, ഷീബ, ഷിബിലി പുലാത്തറക്കൽ | 12.58 |
| 73 | 15/761 | ഹംസ, സൽമാൻഫാരിസ്, ഷീബ, ഷിബിലി പുലാത്തറക്കൽ | 12.58 |
| 74 | 15/762 | ഹംസ, സൽമാൻഫാരിസ്, ഷീബ, ഷിബിലി പുലാത്തറക്കൽ | 15.4 |
| 75 | 15/763 | ഹംസ, സൽമാൻഫാരിസ്, ഷീബ, ഷിബിലി പുലാത്തറക്കൽ | 110.11 |
| 76 | 15/765 | ജമീല & ഹംസ ഹാജി പുലാത്തറക്കൽ | 34.65 |
| 77 | 15/771 | ഹസ്സർ, പുലാത്തറക്കൽ | 50.42 |

നിയമാനുസൃതമല്ലാത്തതിനാൽ റദ്ദ് ചെയ്യപ്പെട്ട 77 കെട്ടിട നമ്പറുകൾ റഗുലറൈസ് ചെയ്തിട്ടുണ്ടോ എന്നും അവയുടെ നിലവിലെ സ്ഥിതി വിവരവും അറിയിക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണം : 15/20-01-2024 ന് നൽകിയ മറുപടിയിൽ കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റലിന്റെ കെട്ടിടവുമായി ബന്ധപ്പെട്ട് W.P(C) No: 11607/2020 കേസ് നിലനിൽക്കുന്നുണ്ടെന്നും, അതിനാൽ ടി കെട്ടിടങ്ങളുടെ നമ്പറുകൾ റഗുലറൈസ് ചെയ്തിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്.

കോടതി ഉത്തരവിനു വിധേയമായി റഗുലറൈസ് ചെയ്ത്, വസ്തു നികുതി നിശ്ചയിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-12 2023 ലെ വസ്തുനികുതി പരിഷ്കരണ നടപടികളുടെ പുരോഗതി വിലയിരുത്തൽ

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 233, 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4(5) എന്നിവ അനുസരിച്ച് അഞ്ച് വർഷത്തിലൊരിക്കൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കേണ്ടതാണ്. വകുപ്പ് 233 പ്രകാരം 25% വർദ്ധനവ് വരുത്തിക്കൊണ്ടാണ് വസ്തുനികുതി പരിഷ്കരണം നടത്തേണ്ടതെങ്കിലും ഈ വ്യവസ്ഥയിൽ ഇളവ് വരുത്തി വർഷം തോറും 5% എന്ന തോതിൽ 01-04-2023 തീയതി പ്രാബല്യത്തിൽ മുനിസിപ്പാലിറ്റിയിലെ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

**വസ്തുനികുതി പരിഷ്കരണം - പ്രധാന ഉത്തരവുകൾ**

1. സ.ഉ(കൈ)നം.77/2023/LSGD തിയതി 22-3-2023 - വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ.

2. സ.ഉ(അച്ചടി)നം.25/2023/LSGD തിയതി 5-4-2023 (എസ്.ആർ.ഒ നം.479/2023/ 10-4-2023) - കുറഞ്ഞതും കൂടിയതുമായ വസ്തുനികുതി നിരക്കിന്റെ വിജ്ഞാപനം.

വസ്തുനികുതി പരിഷ്കരണ നടപടികളുടെ പുരോഗതി വിലയിരുത്തിയതിന്മേലുള്ള ഓഡിറ്റ് കണ്ടെത്തലുകൾ താഴെ ചേർക്കുന്നു.

**1) 2023 ലെ വസ്തുനികുതി പരിഷ്കരണം - നിർദ്ദേശങ്ങൾ നടപ്പാക്കിയതിന്റെ വിവരം**

**എ) വസ്തുനികുതിയിൽ 5% വർദ്ധനവ് വരുത്തൽ**

എല്ലാ കെട്ടിടങ്ങളുടെയും 2022-23 വർഷം വരെ നിർണ്ണയിച്ചിട്ടുള്ള വസ്തുനികുതിയോടൊപ്പം അഞ്ച് ശതമാനം വീതം വർദ്ധനവ് വരുത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. എല്ലാ കെട്ടിടങ്ങളുടെയും വസ്തുനികുതിയിൽ 5% വർദ്ധനവ് വരുന്ന രീതിയിൽ സഞ്ചയ ഡാറ്റ ഐ.കെ.എം ക്രമീകരിച്ചിട്ടുണ്ട്.

**ബി) കെട്ടിടത്തിൽ വരുത്തിയ മാറ്റങ്ങൾ അറിയിക്കൽ**

മുൻകാലയളവുകളിൽ കെട്ടിടത്തിൽ വരുത്തിയ മാറ്റങ്ങളുടെ വിവരം ഗ്രാമപഞ്ചായത്തിനെ അറിയിക്കാത്തവർക്ക് ഫോറം 9ബി യിൽ അറിയിക്കാവുന്നതാണ്. സമയപരിധി 15-05-2023 തീയതിയാണ്. വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് ലഭ്യമാക്കിയ ഫയൽ (R1/4168/23) പരിശോധിച്ചതിൽ നാളിതുവരെ എത്ര കെട്ടിടങ്ങളുടെ മാറ്റങ്ങളുടെ വിവരങ്ങളാണ് ഫോറം 9B യിൽ അറിയിച്ചിട്ടുള്ളതെന്ന് ലഭ്യമല്ല.

**സി) കെട്ടിടത്തിന്റെ ഫീൽഡ് പരിശോധന**

ഫീൽഡ് പരിശോധന നടത്തി കെട്ടിടങ്ങളുടെ വിവരം സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തുന്നതിന് 30-06-2023 വരെ സമയം അനുവദിച്ചിരുന്നു. ഫീൽഡ് പരിശോധന തുടങ്ങിയിട്ടില്ലെന്നാണ് സെക്ഷൻ അറിയിച്ചിട്ടുള്ളത്.

**ഡി) വിവരശേഖരണം, ഡാറ്റാ എൻട്രി എന്നിവയ്ക്കുള്ള നിയമനം**

വിവരശേഖരണം, ഡാറ്റാ എൻട്രി എന്നിവയ്ക്കായി നിശ്ചിത യോഗ്യതയുള്ളവരെ നിയമിക്കാവുന്നതും ഒരു വീടിന് 30 രൂപ നിരക്ക് അനുവദിക്കാവുന്നതാണ്. വിവരശേഖരണത്തിനായി 20 പേരെ നിയമിക്കുന്നതിന് തീരുമാനിച്ചെങ്കിലും 5 പേർ മാത്രമാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. അവരിൽ ആരും തന്നെ ഡാറ്റാ എൻട്രി നടത്താൻ സന്നദ്ധത അറിയിച്ചിട്ടില്ല.

**ഇ) വസ്തുനികുതിയുടെ പുതുക്കിയ നിരക്കിന്റെ വിജ്ഞാപനം**

സർക്കാർ ഉത്തരവുകൾ കണക്കിലെടുത്ത് ചെർപ്പുളശ്ശേരി നഗരസഭ കൗൺസിലിന്റെ 22.06.2023 തീയതിയിലെ 1ാം നമ്പർ തീരുമാനപ്രകാരം കരട് വിജ്ഞാപനം ചെയ്തിരുന്ന നിരക്കുകളും,മേഖലകളും റോഡുകളുടെ തരംതിരിവും 2023 ഏപ്രിൽ മാസം 1തീയതി പ്രാബല്യത്തിൽ 06.11.2023 തീയതിയിലെ 2ാം നമ്പർ തീരുമാനം പ്രകാരം അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അന്തിമ വിജ്ഞാപനം അനുസരിച്ചുള്ള നിരക്ക് സഞ്ചയയിൽ അപ്‌ലോഡ് ചെയ്തിട്ടുണ്ട്.

**എഫ്) വസ്തുനികുതി നിരക്കും മേഖലകളും റോഡുകളുടെ തരംതിരിവും**

പുതിയതായി വസ്തുനികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന് ബാധകമാക്കേണ്ട നിരക്കുകളും മേഖലകളുടെ തരം തിരിക്കലും വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരംതിരിക്കലുകളും ഗ്രാമപഞ്ചായത്തിന് പുതുക്കി നിശ്ചയിക്കാവുന്നതാണ്. പ്രാഥമിക മേഖല, ദ്വിതീയ മേഖല, തൃതീയ മേഖല എന്നിവ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. വസ്തുനികുതി പരിഷ്കരണ നടപടികൾ ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ക്രിയാത്മക ഇടപെടൽ കൂടി ഉണ്ടാകേണ്ടതാണെന്ന് വിലയിരുത്തുന്നു.

**1-13 വിനോദ നികുതി -കളക്ഷനും വാർഷിക കണക്കും വ്യത്യാസപ്പെട്ടിരിക്കുന്നു.**

വിനോദ നികുതി റിട്ടേൺസ് പ്രകാരമുള്ള കളക്ഷനും വാർഷിക കണക്കും പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | മാസം | റിട്ടേൺസ് പ്രകാരമുള്ള തുക |
|---|---|---|
| 1 | 4/2022 | 152898 |
| 2 | 5/2022 | 113184 |
| 3 | 6/2022 | 84566 |
| 4 | 7/2022 | 83263 |
| 5 | 8/2022 | 112980 |
| 6 | 9/2022 | 64678 |
| 7 | 10/2022 | 98319 |
| 8 | 11/2022 | 62248 |
| 9 | 12/2022 | 50367 |
| 10 | 1/2023 | 184285 |

| | | |
|---|---|---|
| 11 | 2/2023 | 80778 |
| 12 | 3/2023 | 23310 |
| | | 1110876 |

വാർഷിക കണക്ക് പ്രകാരം ഡിമാൻറ്റും കളക്ഷനും ഒരേ തുകയാണ്.എന്നാൽ റിട്ടേൺസ് പ്രകാരമുള്ള കളക്ഷൻ വ്യത്യാസപ്പെട്ടിരിക്കുന്നു.

| | I &E (Income & Expenditure) | R&P (Receipts & Payments) | റിട്ടേൺസ് പ്രകാരമുള്ള കളക്ഷൻ | വ്യത്യാസം |
|---|---|---|---|---|
| 110160100 - Entertainment Tax | 1200937 | 1200937 | 1110876 | 90061 |

വിനോദ നികുതി കളക്ഷനുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം : 14/20-01-2024 ന് നൽകിയ മറുപടിയിൽ 2022 മാർച്ച് മാസത്തെ കളക്ഷൻ അരിയർ ആയി ഏപ്രിൽ 2022 ലും, മാർച്ച് 2023 ലെ തുക അരിയർ ആയി ഏപ്രിൽ 2023 ലും ആണ് ലഭിച്ചത്. വാർഷിക കണക്കിൽ അരിയർ രേഖപ്പെടുത്തി കണക്ക് തിട്ടപ്പെടുത്തിയിട്ടില്ലെന്നും, വരുന്ന സാമ്പത്തിക വർഷം മുതൽ അപാകത പരിഹരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

**1-14 കൃഷി ഓഫീസർ കളക്ഷൻ തുക അടവാക്കുന്നതിൽ കാലതാമസം വരുത്തി.**

കൃഷി ഓഫീസർ നിർവ്വഹണം നിർവ്വഹണം നടത്തിയ സമഗ്ര നെൽകൃഷി വികസനവുമായി ബന്ധപ്പെട്ട് ഗുണഭോക്ത വിഹിതം കളക്ഷൻ തുക മുനിസിപ്പാലിറ്റിയിൽ അടവാക്കുന്നതിൽ കാലതാമസം വരുത്തി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

(1)

| | |
|---|---|
| പ്രോജക്റ്റ് നമ്പർ/ പേര് | 305/22-23, സമഗ്ര നെൽകൃഷി വികസനം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| അടങ്കൽ | ജനറൽ ഫണ്ട് (പൊതു വിഭാഗം, സാധാരണ ഫണ്ട്) : 3204832<br>ധനകാര്യ കമ്മീഷൻ<br>അവാർഡ് : 1429108<br>മറ്റുള്ളവ : 394643<br>ആകെ : 5028583 |
| ചെലവ് | ജനറൽ ഫണ്ട് (പൊതു വിഭാഗം, സാധാരണ ഫണ്ട്) : 3204832<br>ധനകാര്യ കമ്മീഷൻ<br>അവാർഡ് : 1429108<br>മറ്റുള്ളവ : ഇല്ല<br>ആകെ : 4633940 |

കൃഷി ഓഫീസർ 25-10-2022 ന് കൈപ്പറ്റിയ രസീത് ബുക്ക് 15 പ്രകാരം നെൽ വിത്ത്, ചുണ്ണാമ്പ് വിതരണം എന്നിവയുമായി ബന്ധപ്പെട്ട് പാടശേഖര സമിതികളിൽ നിന്നും സമാഹരിച്ച (ഗുണഭോക്ത വിഹിതം) കളക്ഷൻ തുകയുടെയും അവ മുനിസിപ്പാലിറ്റിയിൽ അടവാക്കിയതിന്റെയും വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

**കളക്ഷൻ തുക**

| രസീത് ബുക്ക്/ രസീത് നമ്പർ | കളക്ഷൻ തുക | കളക്ഷൻ തിയതി |
|---|---|---|
| 15/ 1401 മുതൽ 1407 വരെ | 42524 | 23-03-2023 |
| 15/ 1408 മുതൽ 1413വരെ | 65714 | 24-03-2023 |
| 15/ 1414 മുതൽ 1418 വരെ | 32725 | 25-03-2023 |

| | | |
|---|---|---|
| 15/ 1419 മുതൽ 1421 വരെ | 34080 | 25-03-2023 |
| 15/ 1422 മുതൽ 1423 വരെ | 35920 | 30-03-2023 |
| 15/ 1424 മുതൽ 1425 വരെ | 47800 | 31-03-2023 |
| 15/ 1426മുതൽ 1433 വരെ | 70720 (രസീത് നമ്പർ 1433 ലെ തുക 9120/- രൂപ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല) | 01-04-2023 |
| 15/ 1434 മുതൽ 1437 വരെ | 52640 | 03-04-2023 |
| **ആകെ** | **382123** | |

**മുനിസിപ്പാലിറ്റിയിൽ അടവാക്കിയത്**

**നെൽ വിത്ത്**

| ക്രമ നം. | രസീത് നമ്പർ / തിയതി | അടവാക്കിയ തിയതി |
|---|---|---|
| 1 | 123330104483/08-09-2023 | 7087 |
| 2 | 123330104484/08-09-2023 | 11287 |
| 3 | 123330104485/08-09-2023 | 5775 |
| 4 | 123330104486/08-09-2023 | 11288 |
| 5 | 123330104487/08-09-2023 | 2625 |
| 6 | 123330104488/08-09-2023 | 1837 |
| 7 | 123330104489/08-09-2023 | 2625 |
| 8 | 123330104490/08-09-2023 | 3412 |
| 9 | 123330104491/08-09-2023 | 7963 |
| 10 | 123330104492/08-09-2023 | 17063 |
| 11 | 123330104493/08-09-2023 | 15050 |
| 12 | 123330104494/08-09-2023 | 6563 |
| 13 | 123330104495/08-09-2023 | 15663 |
| 14 | 123330104496/08-09-2023 | 7787 |
| 15 | 123330104497/08-09-2023 | 6563 |
| 16 | 123330104498/08-09-2023 | 1050 |
| 17 | 123330104499/08-09-2023 | 10500 |
| 18 | 123330104500/08-09-2023 | 6825 |
| | **ആകെ** | **140963** |

**ചുണ്ണാമ്പ്**

| ക്രമ നം. | രസീത് നമ്പർ / തിയതി | അടവാക്കിയ തിയതി |
|---|---|---|
| 1 | 123330104464/08-09-2023 | 13320 |
| 2 | 123330104465/08-09-2023 | 7160 |
| 3 | 123330104466/08-09-2023 | 13600 |
| 4 | 123330104467/08-09-2023 | 29120 |
| 5 | 123330104468/08-09-2023 | 19000 |
| 6 | 123330104469/08-09-2023 | 8480 |
| 7 | 123330104470/08-09-2023 | 18040 |
| 8 | 123330104471/08-09-2023 | 8480 |
| 9 | 123330104472/08-09-2023 | 25600 |
| 10 | 123330104473/08-09-2023 | 8040 |
| 11 | 123330104474/08-09-2023 | 6400 |
| 12 | 123330104475/08-09-2023 | 23760 |
| 13 | 123330104476/08-09-2023 | 3640 |
| 14 | 123330104477/08-09-2023 | 11760 |
| 15 | 123330104478/08-09-2023 | 22200 |

| | | |
|---|---|---|
| 16 | 123330104479/08-09-2023 | 12680 |
| 17 | 123330104480/08-09-2023 | 12160 |
| 18 | 123330104481/08-09-2023 | 4760 |
| 19 | 123330104482/08-09-2023 | 5480 |
| | **ആകെ** | **253680** |

23-03-2023 മുതൽ 03-04-2023 വരെയുള്ള കളക്ഷൻ തുക 382123/- രൂപ മുനിസിപ്പാലിറ്റിയിൽ അടവാക്കിയത് ( 140963 + 253680 = 394643/- രൂപ) 08-09-2023 ന് ആണ്.

(2)

| | |
|---|---|
| പ്രോജക്റ്റ് നമ്പർ/ പേര് | 35/22-23(SO) ഹരിത വാർഡ് ജൈവ പച്ചക്കറി പ്രോത്സാഹനം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| അടങ്കൽ | തനത് ഫണ്ട് : 200000<br>മറ്റുള്ളവ : 67805<br>ആകെ : 267805 |
| ചെലവ് | തനത് ഫണ്ട് : 183920<br>മറ്റുള്ളവ : ഇല്ല<br>ആകെ : 183920 |

പ്രോജക്ടുമായി ബന്ധപ്പെട്ട് രസീതി ബുക്ക് 15 ലെ രസീത് നമ്പർ 1438 /തിയതി: 17-04-2023 പ്രകാരം കളക്ട് ചെയ്ത (ഗുണഭോക്ത വിഹിതം) 67805/- രൂപ മുനിസിപ്പാലിറ്റിയിൽ അടവാക്കിയിരിക്കുന്നത് Receipt No. 123330104538/ തിയതി: 11-09-2023 ന് ആണ് (67805/- രൂപ)

KFC Vol I Article 7(2) പ്രകാരം ദിവസേനയുള്ള കളക്ഷൻ തുക തൊട്ടടുത്ത/തൊട്ടടുത്ത പ്രവൃത്തി ദിവസം അടവാക്കേണ്ടതാണ്. കളക്ഷൻ തുക അഞ്ച് മാസത്തോളം അടവാക്കാതിരുന്നതിന്റെ കാരണം അറിയിക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണം : 8/16-01-2024 ന് നൽകിയ മറുപടിയിൽ (1) 2023 മാർച്ച് അവസാനമാണ് സമഗ്ര നെൽകൃഷി വികസനവുമായി ബന്ധപ്പെട്ട ഗുണഭോക്ത വിഹിതം കൃഷി ഭവനിൽ ലഭ്യമായിട്ടുള്ളത്. പദ്ധതി പൂർത്തീകരണത്തിന്റെ തിരക്കിനിടയിൽ ഗുണഭോക്ത വിഹിതം മുനിസിപ്പാലിറ്റിയിൽ അടവാക്കുന്നതിൽ കാലതാമസം വരികയുണ്ടായി. പിന്നീട് 2023 ഏപ്രിൽ 4 ന് ഗുണഭോക്ത വിഹിതം പൂർണ്ണമായി ലഭ്യമായതിനു ശേഷം, തുക അടവാക്കുന്നതിന് മുനിസിപ്പാലിറ്റിയിൽ ചെന്നപ്പോൾ പ്ലാൻ ക്ലാർക്ക് പറയുമ്പോൾ മാത്രമാണ് ഈ തുക സ്പിൽ ഓവർ വച്ചാൽ മാത്രമെ മാറി നൽകാൻ സാധിക്കു എന്നറിയുന്നത്. പിന്നീട് പ്രോജക്റ്റ് സ്പിൽ ഓവർ വച്ച് പാസ്സായതിന് ശേഷമാണ് തുക അടവാക്കുവാൻ കഴിഞ്ഞത്. ആയതിനാലാണ് തുക അടവാക്കുവാൻ കാലതാമസമുണ്ടായത്. അറിവില്ലായ്മ മൂലവും, മന:പൂർവ്വമല്ലാതെയുമുള്ള തെറ്റ് മാപ്പാക്കണമെന്നും അറിയിച്ചിട്ടുണ്ട്. (2) പദ്ധതി നടപ്പിലാക്കുന്നതിന് വാർഡിൽ നിന്ന് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനും, സർവ്വെ നടത്തുന്നതിനും, വാർഡ് തലത്തിൽ കമ്മിറ്റി രൂപീകരിച്ച് അപേക്ഷ സ്വീകരിക്കുന്നതിനും കുറച്ച് കാലതാമസം വരികയുണ്ടായി. പദ്ധതിയുടെ ഗുണഭോക്ത വിഹിതം 2023 ഏപ്രിൽ മാസത്തിലാണ് കൃഷിഭവനിൽ ലഭ്യമായിട്ടുള്ളത് പിന്നീട് സ്പിൽ ഓവർ വച്ച് പ്രോജക്റ്റ് പാസ്സായതിനു ശേഷം മാത്രമാണ് ഗുണഭോക്ത വിഹിതം മുനിസിപ്പാലിറ്റിയിൽ അടവാക്കുവാൻ കഴിഞ്ഞിട്ടുള്ളത്. മന:പൂർവ്വമല്ലാതെയുമുള്ള തെറ്റ് മാപ്പാക്കണമെന്നും അറിയിച്ചിട്ടുണ്ട്.

**ഓഡിറ്റ് നിർദ്ദേശം**

നടപ്പു സാമ്പത്തിക വർഷം മുതൽ കളക്ഷൻ തുക അടവാക്കുന്നതിൽ കാലതാമസം വരാതെ നോക്കേണ്ടതും, കേരള ട്രഷറി കോഡിലെ വ്യവസ്ഥകൾ പാലിക്കേണ്ടതുമാണ്.

**1-15 തൊഴിൽ നികുതി അപാകതകൾ**

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 245-ാം വകുപ്പു പ്രകാരം ഏതെങ്കിലും അർദ്ധവർഷത്തിൽ ആകെക്കൂടി 60 ദിവസത്തിൽ കുറയാതെ മുനിസിപ്പൽ പ്രദേശത്ത് തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, ബിസിനസ്സ് നടത്തുകയോ, പൊതുവോ സ്വകാര്യമോ ആയ ഉദ്യോഗം വഹിക്കുകയോ ചെയ്യുന്നവെങ്കിൽ തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥനാണ്.

2022-23 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ തൊഴിൽ നികുതി ഇനത്തിൽ നഗരസഭയ്ക്ക്

ലഭിച്ച വരുമാനം താഴെ ചേർക്കുന്നു.

| ക്രമ നം. | ശീർഷകം | Demand | Collection |
|---|---|---|---|
| 1 | Profession Tax - Employees | 2828395 | 2783395 |
| 2 | Profession Tax - Institutions/ Professionals/ Traders | 1568850 | 1496728 |
| | **ആകെ** | **4397245** | **4280123** |

നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്ററിൽ ജീവനക്കാരുടെ പേര്, തസ്തിക, അർദ്ധ വാർഷിക വരുമാനം സംബന്ധിച്ച രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല. റിട്ടേണുകൾ ക്രമ നമ്പർ ഇട്ട് സൂക്ഷിക്കുന്നില്ല. റിട്ടേൺ പ്രകാരം തൊഴിൽ നികുതി അടവാക്കിയ ഒട്ടേറെ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. വർഷാവസാനം ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുന്നില്ല. ആയതിനാൽ തൊഴിൽ നികുതിയുടെ കൃത്യത പരിശോധിക്കാൻ സാധിക്കുന്നില്ല.

(A) താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | ജി.എച്ച്.എസ്.എസ്. (എ.എസ്.എ.പി.) ചെർപ്പുളശ്ശേരി | ഒന്നും രണ്ടും അർദ്ധ വർഷം |
| 2 | എ.എം.എൽ.പി.സ്കൂൾ. ചെർപ്പുളശ്ശേരി | ഒന്നാം അർദ്ധ വർഷം |
| 3 | ജി.യു.പി.സ്കൂൾ. ചെർപ്പുളശ്ശേരി | രണ്ടാം അർദ്ധ വർഷം |
| 4 | കൃഷി ഭവൻ, ചെർപ്പുളശ്ശേരി | ഒന്നാം അർദ്ധ വർഷം |
| 5 | അസിസ്റ്റന്റ് കമ്മീഷണർ, മലബാർ ദേവസ്വം ബോർഡ് | ഒന്നാം അർദ്ധ വർഷം |
| 6 | കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ | ഒന്നാം അർദ്ധ വർഷം |
| 7 | ചെർപ്പുളശ്ശേരി കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ | ഒന്നും രണ്ടും അർദ്ധ വർഷം |
| 8 | ശ്രീകൃഷ്ണപുരം ഭവന നിർമ്മാണ സംഘം | ഒന്നാം അർദ്ധ വർഷം |
| 9 | കാറൽമണ്ണ പോസ്റ്റ് ഓഫീസ് | ഒന്നും രണ്ടും അർദ്ധ വർഷം |
| 10 | കാനറ ബാങ്ക് (സിൻഡിക്കേറ്റ് II) | ഒന്നാം അർദ്ധ വർഷം |
| 11 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ (ചെർപ്പുളശ്ശേരി ടൌൺ) | ഒന്നും രണ്ടും അർദ്ധ വർഷം |
| 12 | പാലക്കാട് ഡിസ്ട്രിക് കോ-ഓപ്പറേറ്റീവ് ബാങ്ക് | രണ്ടാം അർദ്ധ വർഷം |
| 13 | സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ | ഒന്നാം അർദ്ധ വർഷം |
| 14 | ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനി ലിമിറ്റഡ് | ഒന്നും രണ്ടും അർദ്ധ വർഷം |
| 15 | കെ. സോഫ്റ്റ് ടെക്നോളജീസ് | ഒന്നാം അർദ്ധ വർഷം |
| 16 | ബി.ആർ.ഡി. സെക്യൂരിറ്റീസ് | ഒന്നാം അർദ്ധ വർഷം |
| 17 | ന്യൂ ഇന്ത്യ പോർട്ടൽ ഓഫീസ് | ഒന്നും രണ്ടും അർദ്ധ വർഷം |
| 18 | കെ.വി.ആർ. ഓട്ടോ കാർ | ഒന്നാം അർദ്ധ വർഷം |
| 19 | അക്ഷയ സെന്റർ, കാവുവട്ടം | ഒന്നും രണ്ടും അർദ്ധ വർഷം |

| | | |
|---|---|---|
| 20 | എം.ഇ.എസ്. കോളേജ് | ഒന്നും രണ്ടും അർദ്ധ വർഷം |
| 21 | മഹാത്മ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാരാമെഡിക്കൽ | ഒന്നും രണ്ടും അർദ്ധ വർഷം |
| 22 | സി.സി.എസ്.ടി. കോളേജ് | ഒന്നും രണ്ടും അർദ്ധ വർഷം |
| 23 | ജിയോജിത്ത് ഫിനാൻഷ്യൽ സർവ്വീസ് | ഒന്നും രണ്ടും അർദ്ധ വർഷം |
| 24 | കെ.എൽ.എം. അക്കവ ഫിനാൻസ് ലിമിറ്റഡ് | ഒന്നും രണ്ടും അർദ്ധ വർഷം |
| 25 | ജി.ടെക്ക്. കമ്പ്യൂട്ടർ സെന്റർ | ഒന്നും രണ്ടും അർദ്ധ വർഷം |
| 26 | ഒറ്റപ്പാലം - പട്ടാമ്പി താലൂക്ക് കോ-ഓപ്പറേറ്റീവ് എംപ്ളോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | ഒന്നാം അർദ്ധ വർഷം |
| 27 | അറ്റ്ലസ് ഐ ഹോസ്പിറ്റൽ, ചെർപ്പുളശ്ശേരി | ഒന്നാം അർദ്ധ വർഷം |
| 28 | കേരള ടൂറിസം ഡവലപ്പമെന്റ് കോർപ്പറേഷൻ | ഒന്നാം അർദ്ധ വർഷം |
| 29 | കാറൽമണ്ണ ക്ഷീര വ്യവസായ സഹകരണ സംഘം | ഒന്നാം അർദ്ധ വർഷം |
| 30 | സെൻട്രൽ ബസാർ ഇന്ത്യ ലിമിറ്റഡ് സ്റ്റോർസ് | ഒന്നാം അർദ്ധ വർഷം |
| 31 | ഒറ്റപ്പാലം താലൂക്ക് ഇൻഡസ്ട്രീസ് ഓഫീസ് | ഒന്നാം അർദ്ധ വർഷം |
| 32 | ഡൽഹിവെരി ലിമിറ്റഡ് | ഒന്നാം അർദ്ധ വർഷം |

(B) ലൈസൻസ് അനുവദിച്ചിട്ടുള്ള താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ / ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം. | കെട്ടിട നമ്പർ | സ്ഥാപന ഉടമസ്ഥന്റെ പേര് | സ്ഥാപനത്തിന്റെ പേര് |
|---|---|---|---|
| 1 | 14/961-1 | അബ്ദുൾ ജമാൽ | ഹോട്ടൽ & കൂൾ ബാർ |
| 2 | 15/646 | ശ്രീലക്ഷ്മി | ബുക്ക് സ്റ്റാൾ |
| 3 | 15/1466 | കെ.കെ. സുബ്രഹ്മണ്യൻ | ശാസ്താ ലൈറ്റ് & സൌണ്ട് |
| 4 | 15/504 | ഫൈസൽ. സി.വി. | സി.വി.എം. ടയർ മാർട്ട് |
| 5 | 15/1202 | കെ. ജ്യോതി ദാസൻ | മീനാംബിക ഹോട്ടൽ |
| 6 | 15/1514, 1516 | സുജീഷ്. വി. | സ്നാക് ഗ്രിൽ & ബേക്കേഴ്സ് |
| 7 | 15/1904 | മണികണ്ഠൻ | ആയുഷ് ഗാർമെന്റ്സ് |
| 8 | 15/1737 | ഷമീർ. പി. | ലെൻസ്മാൻ ഹൈടെക് ഓപ്പ്റ്റിക്കൽ ഹൌസ് |
| 9 | 15/1368 | മാണിക്കൻ. കെ.സി. | കെ.സി.എം. ഇലക്ട്രിക്കൽസ് |
| 10 | 15/1398 | രാജമാണിക്കൻ | കെ.സി.എം. ഇലക്ട്രിക്കൽസ് |
| 11 | 15/1491 | സുധീർ. എ. | ആദി ട്രേഡേഴ്സ് |
| 12 | 15/1496 | ഷാജഹാൻ | ദി ഫാറ്റ് ലൈവ് ഫിഷ് |
| 13 | 15/641 | നാരായണൻ. കെ.ആർ. | ബോർവെൽ ഏജൻസീസ് |
| 14 | 15/788, 791 | നാസർ. കെ.എ. | അൽ അമീൻ വെജിറ്റബിൾസ് |
| 15 | 25/235-1 | മുഹമ്മദ് ഷബാസ് | എം.കെ.എം.എച്ച്.ആർ. കൺസൾട്ടൻസി |
| 16 | 25/38 | അരുൺ പ്രഭ | റോയൽ മാർക്കറ്റിംഗ് |

| | | | |
|---|---|---|---|
| 17 | 25/880 | അക്ബർ. യു.കെ. | ഡിസൈനിംഗ് കോപ്പി സെന്റർ |
| 18 | 25/197 | ശശിധരൻ. സി. | ലോട്ടറി ടിക്കറ്റ് കച്ചവടം |
| 19 | 25/523 | അബ്ദുൾ കാദർ | ഒ. കെ. ബ്രദേഴ്സ് |
| 20 | 25/445 | അലി. കെ.പി. | മലബാർ മെറ്റൽസ് |
| 21 | 25/71,76 | മുഹമ്മദ് നിയാസ് | കമ്പ്യൂട്ടർ സെന്റർ |
| 22 | 25/278 | മുഹമ്മദ് റിയാസ് | ദയ മെഡിക്കൽസ് |
| 23 | 25/373 | പത്മ സുന്ദരൻ | സ്റ്റം ഇന്ത്യ ട്രേഡിംഗ് & സർവ്വീസസ് |
| 24 | 25/529 | സൂരജ്. കെ.സി. | കെ.സി. ചന്ദ്രൻ ഗോൾഡ് മാനുഫാക്ച്ചറിംഗ് |
| 25 | 25/182 | ഗരീബ് നവാസ് | ന്യൂ ലൈഫ് മെഡിക്കൽസ് |
| 26 | 25/215 | നവാസ്. ടി.കെ. | മലബാർ സ്റ്റേഷനറി |
| 27 | 26/151 | ഡോ. ശ്രീകാന്ത് | കാരുണ്യ ദന്തൽ ക്ളിനിക്ക് |
| 28 | 26/798 | ദേവകി W/O കൃഷ്ണൻകുട്ടി | കുമാർ ഇലക്ട്രിക്കൽസ് |
| 29 | 26/842 | പ്രണവ് | അനോലി മെൻസ് വിയർ |
| 30 | 26/322 | ഹംസ. പി. | റീസന്റ് കർട്ടൻ വർക്ക്സ് |
| 31 | 26/609 | വിശ്വംഭരൻ | കാവുപറമ്പിൽ |
| 32 | 26/844 | ഉമ്മർ അലി | പുലാക്കൽ |
| 33 | 27/435 | മറിയ | ഡീലക്സ് ഹോട്ടൽ |
| 34 | 27/201 | ദിൽഷാദ് | വെസ്റ്റീജ് മാർക്കറ്റിംഗ് പ്രൈവറ്റ് ലിമിറ്റഡ് |
| 35 | 27/200 | അബ്ദുൾ സലാം | ഇളയേടത്ത് |
| 36 | 28/250 | അബ്ദുൾ സത്താർ | സെൽ വേൾഡ് മൊബൈൽസ് & ഇലക്ട്രോണിക്സ് |
| 37 | 28/140 | അബ്ദുൾ ഹമീദ് | റോയൽ കർട്ടൺ & മെറ്റീരിയൽസ് |
| 38 | 28/117 | റഹ്മത്ത് ബീഗം | ഷാലു ഫ്യൂവൽസ് |
| 39 | 28/85 | ജയകൃഷ്ണൻ | സ്റ്റാർ ഇൻഡസ്ട്രീസ് |
| 40 | 29/58 | കുഞ്ഞഹമ്മദ് | ഷൈൻ സ്റ്റാമ്പ്സ് & ഗിഫ്റ്റ്സ് |
| 41 | 29/239 | അൻവർ സാദത്ത് | ഫർണിച്ചർ ഷോപ്പ് |
| 42 | 29/54 | മുഹമ്മദ് മുസ്തഫ | ബാറ്ററി സ്റ്റോർ |
| 43 | 21/213,214 | മുഹമ്മദ് ഷാഫി | ഷാഫി ഫ്രൂട്ട്സ് |
| 44 | 21/211 | ഷഫീറലി | എൻ.പി.എസ്. റൈസ് & ഫ്ളോർ മിൽ |
| 45 | 21/11 | മുരളീധരൻ | ഫോക്കസ് ഡീസൽ വർക്ക്സ് |
| 46 | 21/10 | നാഗേഷ് | വർക്ക് ഷോപ്പ് |
| 47 | 21/171 | ഉമ്മർ ഫാറൂഖ് | സൂപ്പർ ഓട്ടോ ലാന്റ് |

(C) മുനിസിപ്പാലിറ്റിയിലെ അംഗീകൃത കരാറുകാരിൽ നിന്നും 2022-23 സാമ്പത്തിക വർഷത്തിൽ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം. | കരാറുകാരന്റെ പേര് (AE യുടെ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം തയ്യാറാക്കിയത്) |
|---|---|
| 1 | മുഹമ്മദ് കുട്ടി |
| 2 | മുഹമ്മദ് മുസ്തഫ. എ.പി. |
| 3 | രവീന്ദ്രൻ. എം. |
| 4 | അസ്ക്കർ അലി |
| 5 | മുഹമ്മദ് ഇഖ്ബാൽ. കെ.ടി. |
| 6 | ഫൈസൽ. വി.പി. |
| 7 | മുഹമ്മദ് നൌഫൽ |
| 8 | അബ്ദുൾ റഹിമാൻ |
| 9 | അബ്ദുൾ ബഷീർ. എൻ.സി. |
| 10 | ജമാൽ. കെ. |

| | |
|---|---|
| 11 | അബ്ദുൾ സത്താർ |
| 12 | സെയ്തലവി. കെ. |
| 13 | വേണുഗോപാലൻ |
| 14 | അബ്ദുൾ ഹക്കീം |
| 15 | ലിയാഖത്ത് അലി |
| 16 | അലി അക്ബർ |
| 17 | സാലിഹ് |
| 18 | കെ.വി. റഹീം |
| 19 | വി.എം. ഉസ്മാൻ |
| 20 | സുഹൈബ്. എ.വൈ. |
| 21 | അഭിലാഷ് |
| 22 | ബാബു. പി. |
| 23 | ഇസ്മയിൽ. ഒ. |
| 24 | സ്കറിയ ഏലിയാസ് |
| 25 | ജിനേഷ്. കെ.ജി. |
| 26 | വിജയകുമാർ. എൻ.കെ. |
| 27 | ജലീൽ. കെ.പി. |
| 28 | ഷെറീഫ്. സി. |
| 29 | മിസ്ഹബ്. കെ.വി. |
| 30 | സജീഷ്. പി. |
| 31 | മുഹമ്മദ് ഹമീദ്. കെ.ടി. |
| 32 | അബുതാഹിർ. ഒ. |
| 33 | മുഹമ്മദ്. പി. |
| 34 | ജമാൽ. കെ. |
| 35 | ബഷീർ. ഒ.കെ. |
| 36 | കെ.സി. ചന്ദ്രബോസ് |
| 37 | പ്രദീപൻ. പി. |
| 38 | റിനിൽ ബാബു |
| 39 | അബ്ദുൾ കാസിം |
| 40 | നൗഷാദലി |
| 41 | കെ.ജി. സോമസുന്ദരം |

(D) 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ പ്രകാരം നഗരസഭാ പ്രദേശത്ത് പ്രവർത്തിക്കുന്ന റേഷൻകടകളിൽ നിന്നും 2022-23 ഒന്ന്, രണ്ട് അർദ്ധ വർഷങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22-01-2019ലെ (സി.എസ്)എ.9/764/2019-ാം നമ്പർ കത്തിൽ റേഷൻകടകളെ ലൈസൻസ് ഫീ, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയില്ലെന്ന് സ്പഷ്ടീകരണം പുറപ്പെടുവിച്ചിട്ടുണ്ട്. നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻകടകളിൽ നിന്നും താലൂക്ക് സപ്ലൈ ഓഫീസർ മുഖേന 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3 (2) പ്രകാരം ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

തൊഴിൽ നികുതി ഈടാക്കേണ്ടതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം : 07/16-01-2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

**ഓഡിറ്റ് നിർദ്ദേശം**

തൊഴിൽ നികുതി ഈടാക്കാത്ത ജീവനക്കാർ/സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതും ആയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്. ഡിമാന്റ് രജിസ്റ്ററിൽ വർഷാവസാനം ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

**1-15-1 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.**

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 245-ാം വകുപ്പ് പ്രകാരം ഏതെങ്കിലും അർദ്ധവർഷത്തിൽ ആകെക്കൂടി 60 ദിവസത്തിൽ കുറയാതെ മുനിസിപ്പൽ പ്രദേശത്ത് തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, ബിസിനസ്സ് നടത്തുകയോ, പൊതുവോ സ്വകാര്യമോ ആയ ഉദ്യോഗം വഹിക്കുകയോ ചെയ്യുന്നവെങ്കിൽ തൊഴിൽ നികുതി/സ്ഥാപന തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥനാണ്.

താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 1 | കാനറ ബാങ്ക് സിൻഡിക്കേറ്റ്-II | ഒന്നാം അർദ്ധ വർഷം |
| 2 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ (ചെർപ്പുളശ്ശേരി ടൗൺ) | ഒന്നും രണ്ടും അർദ്ധ വർഷം |
| 3 | ഐ.സി.ഐ.സി.ഐ. ബാങ്ക്, ചെർപ്പുളശ്ശേരി | ഒന്നാം അർദ്ധ വർഷം |
| 4 | പാലക്കാട് ഡിസ്ട്രിക് കോ-ഓപ്പറേറ്റീവ് ബാങ്ക് | രണ്ടാം അർദ്ധ വർഷം |
| 5 | മുത്തൂറ്റ് ഫിൻ കോർപ്പ്, ചെർപ്പുളശ്ശേരി | ഒന്നാം അർദ്ധ വർഷം |
| 6 | കെ.വി.ആർ. ഓട്ടോ കാർ | ഒന്നാം അർദ്ധ വർഷം |

സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം : 7/16-01-2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

**ഓഡിറ്റ് നിർദ്ദേശം**

സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്ത സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതും ആയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-16 വാടക ഈടാക്കുന്നതുമായി ബന്ധപ്പെട്ട അപാകതകൾ

**1. നിയമാനുസൃത ബൈലോ തയ്യാറാക്കിയിട്ടില്ല**

1994 ലെ കേരള മുനസിപ്പാലിറ്റി നിയമത്തിലെ 567, 568 വകുപ്പുകളിലെ അധികാരം ഉപയോഗിച്ച് ബൈലോ രൂപീകരിച്ച് അംഗീകാരം ലഭ്യമാക്കാതെയാണ് മുനിസിപ്പാലിറ്റി ഷോപ്പിംഗ് കോംപ്ലക്സുകളിലെ കടമുറികൾ വാടകയ്ക്ക് നൽകി വരുന്നത്. വാടകക്കാർക്ക് ബാധകമായ നിബന്ധനകൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയതിന് അംഗീകാരം ലഭ്യമാക്കിയിട്ടില്ല.

2. നഗരസഭയുടെ കീഴിൽ 26 ഷോപ്പിംഗ് കോംപ്ലക്സുകൾ/മാർക്കറ്റ് സ്റ്റാളുകൾ നിലവിലുണ്ട്. 2022-23 വർഷത്തിൽ വാടക കുടിശ്ശിക വരുത്തിയ കടമുറികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാടകക്കാരന്റെ പേര് | റൂം നമ്പർ/ വാർഡ് നമ്പർ | കുടിശ്ശിക കാലയളവ് |
|---|---|---|---|
| 1 | ശങ്കരനാരായണൻ | 25/183 | 2022-23 (മുഴുവൻ)<br>47799 X 12 + GST |
| 2 | വാസുദേവൻ | 25/184 | 2022-ഡിസംബർ, 2023-ജനുവരി,ഫെബ്രുവരി,മാർച്ച്<br>45419 X 4 + GST |
| 3 | ഗോപിനാഥൻ, കാർത്തിക മെഡിക്കൽസ് | 25/186 | 2022-23 (മുഴുവൻ)<br>34144 X 12 + GST |

**3. നിയമാനുസൃത മുദ്രപത്രത്തിൽ വാടകക്കാരുമായി കരാറിലേർപ്പെട്ടിട്ടില്ല**

2000-ലെ മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങൾ, ചട്ടം 7(2), 8(2) പ്രകാരം മുനിസിപ്പാലിറ്റിയുടെ സ്വന്തമായതോ മുനിസിപ്പാലിറ്റിയിൽ നിക്ഷിപ്തമായതോ ആയ വസ്തുക്കളുടെ കൈമാറ്റം നിശ്ചിത മാതൃകയിലുള്ള വാടക കരാറിന്റെ അടിസ്ഥാനത്തിലായിരിക്കേണ്ടതാണ്. 2022-23 സാമ്പത്തിക വർഷത്തിൽ താഴെ പറയുന്ന വാടകക്കാരുമായി എഗ്രിമെന്റ് പുതുക്കിയിട്ടില്ല.

| ക്രമ നം. | വാടകക്കാരന്റെ പേര് | റൂം നമ്പർ/ വാർഡ് നമ്പർ |
|---|---|---|
| 1 | കൃഷ്ണൻ കുട്ടി | 26/812 |
| 2 | ശങ്കരനാരായണൻ | 25/183 |

| | | |
|---|---|---|
| 3 | നാരായണൻ | 25/185 |
| 4 | ഗോപിനാഥൻ | 25/186 |
| 5 | രാജേഷ്. കെ.എൻ. | 25/188 |

4. 2022-23 വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ (B-15) പ്രകാരമുള്ള വാടക കുടിശ്ശികയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| കോഡ് | ഇനം | കുടിശ്ശിക തുക |
|---|---|---|
| 431400101 | Rent Receivable From Civic Amenities(Current) | 952729 |
| 431400102 | Rent Receivable From Civic Amenities(Arrears) | 2521499 |
| | ആകെ | 3474228 |

വാർഷിക ധനകാര്യ പത്രികയിലേയും, രജിസ്റ്ററിലേയും തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| വാർഷിക ധനകാര്യ പത്രിക | ഇൻകം & എക്സ്പെൻഡിച്ചർ | രസീപ്റ്റ്സ് & പേയ്മെന്റ്സ് |
|---|---|---|
| | 3569844 | 2617115 |

| രജിസ്റ്റർ | |
|---|---|
| ഡിമാന്റ് | 3569844 |
| കളക്ഷൻ | 2404852 |
| ബാലൻസ് | 1164992 |

വാടക കുടിശ്ശിക ഈടാക്കുവാൻ സ്വീകരിച്ച നടപടികൾ അറിയിക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണം : 11/17-01-2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

**ഓഡിറ്റ് നിർദ്ദേശം**

വാടക കുടിശ്ശിക ഈടാക്കേണ്ടതും, വാടകയുമായി ബന്ധപ്പെട്ട അപാകങ്ങൾ പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതുമാണ്.

## 1-17 കുടിവെള്ള വിതരണ പൈപ്പ് ലൈൻ നീട്ടൽ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല

നിർവഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

ഫണ്ട്- CFC

| ക്രമ നം. | പ്രോജക്റ്റ് | അടങ്കൽ (രൂപ) | ചെലവ് (രൂപ) | ഏജൻസി |
|---|---|---|---|---|
| 1 | 105/23- കുടിവെള്ള വിതരണ പൈപ്പ് ലൈൻ നീട്ടുന്നതിന് വാട്ടർ അതോറിറ്റിയ്ക്ക് തുക നൽകൽ | 2491392 | 1)₹. 2490000 വൗച്ചർ നം 22201223/ 20.3.2023- | കേരള വാട്ടർ അതോറിറ്റി, എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം, പി എച്ച് ഡിവിഷൻ, ഷൊർണ്ണൂർ |

നഗരസഭയിലെ കുടിവെള്ള വിതരണ പൈപ്പ് ലൈൻ നീട്ടുന്നതിന് മേൽസൂചിപ്പിച്ച പ്രകാരം വാട്ടർ അതോറിറ്റിയുടെ 67150213827നമ്പർ അക്കൗണ്ടിലേക്ക് തുക നല്കിയിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റി പി എച്ച് ഡിവിഷൻ , ഷൊർണ്ണൂർ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും ലഭ്യമാക്കിയ എസ്റ്റിമേറ്റ് പ്രകാരമാണ് തുക നല്കിയിരിക്കുന്നത്. 22-4-2019 ലെ സ.ഉ.(കൈ ) നം.84/2022/LSGD , പതിനാലാം പദ്ധതി മാർഗരേഖയിലെ ഖ: 12.2.5-ഡി-Ii അനുസരിച്ച് ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി തുക നല്കുന്നതിനു മുൻപ് നിർവഹണ ഏജൻസിയുമായി എഗ്രിമെന്റിലേർപ്പെടണമെന്ന് നിർദേശം ഉണ്ട്. മേൽ സൂചിപ്പിച്ച പ്രോജക്ടുകളിൽ ഈ നിബന്ധന പാലിച്ചിട്ടില്ല .

പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കേണ്ടതാണ്. നല്കിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. ഇക്കാര്യങ്ങളെക്കുറിച്ച് നല്കിയ എൻക്വയറിയ്ക്ക് (9/16-1-2024) മറുപടി ലഭിച്ചില്ല.

## 1-18 പൊതുടാപ്പുകളുടെ വെള്ളക്കരം- കുടിശ്ശിക ഒഴിവാക്കാൻ നടപടിയെടുക്കേണ്ടതാണ്

നിർവഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

ഫയൽ- നം E1-4169/17(PW1 6347/22, PW1 A1 6442/22)

ചെർപ്പുളശ്ശേരി നഗരസഭയിൽ ആകെ 496 പൊതുടാപ്പുകളാണ് ഉണ്ടായിരുന്നത്. ഇവയുടെ വെള്ളക്കരം ഒടുക്കുവാൻ വാട്ടർ അതോറിറ്റിയും, നഗരസഭയും ചേർന്ന് 2-7-2022 ന് നടത്തിയ സംയുക്ത പരിശോധനയുടെ അടിസ്ഥാനത്തിൽ ഇവയുടെ എണ്ണം 441 ആയി സ്ഥിരീകരിച്ചിട്ടുണ്ട്. ഇവയിൽ 82 എണ്ണമൊഴികെയുള്ളവ നിർത്തലാക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. KWA ബിൽ നം 71917/6-3-2023 പ്രകാരം 2023 മാർച്ച് മാസത്തെ 496 പൊതുടാപ്പുകളുടെ വെള്ളക്കരം 902679 രൂപയാണ്. കുടിശ്ശികയും പിഴയും ഉൾപ്പടെ 51901407 രൂപയാണ് മാർച്ച് മാസത്തെ ഡിമാന്റ്. വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 18-3-2023 ലെ EE/PH/SRR/Amnesty/ST/2022 നമ്പർ കത്തിലൂടെ കുടിശ്ശികയുള്ള തുക ഒറ്റത്തവണ തീർപ്പാക്കുന്നതിനായി കുടിശ്ശിക തുക 3,28,51,322 രൂപ 12 ദിവസത്തിനകം അടവാക്കുവാൻ അറിയിച്ചിട്ടുണ്ട്. പൊതുടാപ്പുകളുടെ സംയുക്ത പരിശോധന നടത്തി ഉപയോഗിക്കുന്നവയുടെ എണ്ണം തിട്ടപ്പെടുത്തിയതിനുശേഷം മാത്രം ആംനസ്റ്റി തുക പൂർണ്ണമായി അടവാക്കിയാൽ മതിയെന്നും, കത്തിൽ നിർദേശിച്ച തുകയുടെ പത്ത് ശതമാനം തുകയായ 3285132 രൂപ മാത്രം നിലവിൽ അടവാക്കിയാൽ മതിയെന്നും ഭരണസമിതിയുടെ 24-3-2023ലെ 10-ാം നമ്പർ തീരുമാന പ്രകാരം നിശ്ചയിച്ചിട്ടുണ്ട്.

നഗരസഭയിലെ പൊതുടാപ്പുകളുടെ എണ്ണം കൃത്യമായി തിട്ടപ്പെടുത്തുന്നതിനായി പരിശോധന നടത്തിയതിൽ നിന്നും ടാപ്പുകൾ 441 എണ്ണം ഉണ്ടെന്നും 365 എണ്ണം ഡിസ്കണക്റ്റ് ചെയ്യുന്നതിനുള്ള എസ്റ്റിമേറ്റ് തുകയും വാട്ടർ അതോറിറ്റി അറിയിച്ചിട്ടുണ്ട്. ഉപയോഗിക്കാത്ത പൊതുടാപ്പുകൾ ഡിസ്കണക്റ്റ് ചെയ്യുന്നതിനായി കേരള വാട്ടർ അതോറിറ്റി പി എച്ച് ഡിവിഷൻ , ഷൊർണ്ണൂർ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ എസ്റ്റിമേറ്റ് പ്രകാരം വാട്ടർ അതോറിറ്റിയുടെ 67150213827നമ്പർ അക്കൗണ്ടിലേക്ക് 580000 തുക ഒടുക്കുവാൻ 3-11-2023 ലെ PH-SRR-D4-GENERALനമ്പർ കത്തിലൂടെ അറിയിച്ചിട്ടുണ്ട്.

പൊതുടാപ്പുകളുടെ വെള്ളക്കരം കുടിശ്ശിക വാർഷിക കണക്കിൽ ലയബിലിറ്റിയായി ഉൾപ്പെടുത്തിയിട്ടില്ല

നഗരസഭയിൽ നിന്നും ആവശ്യപ്പെട്ടത് പ്രകാരം ടാപ്പുകളുടെ എണ്ണം കുറവാക്കി ഡിമാന്റ് കൃത്യമാക്കിയിട്ടില്ല.

കുടിശ്ശിക ഒഴിവാക്കുന്നതിന് സ്വീകരിച്ച തുടർനടപടികൾ അറിയിക്കേണ്ടതാണ്.ഡിസ്കണക്റ്റ് ചെയ്യുന്ന പ്രവൃത്തിയുടെ പുരോഗതി അറിയിക്കേണ്ടതാണ്. ഇക്കാര്യത്തെക്കുറിച്ച് നല്കിയ എൻക്വയറി 20/24-1-24 നല്കിയതിന് മറുപടി ലഭ്യമായില്ല.

## 1-19 പി എം എ വൈ ഭവനം നിർമാണം പൂർത്തീകരിക്കേണ്ടതാണ്

പി എം എ വൈ പ്രോജക്ടിലൂടെ ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കളിൽ താഴെ കൊടുത്തിരിക്കുന്ന വ്യക്തികൾ ഇതു വരെയായി ഭവനം നിർമാണം പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | വാർഡ് | നല്കിയ തുക | നല്കാനുള്ള തുക |
|---|---|---|---|---|
| 1 | ശ്രീലത, കള്ളപ്പാറ, തെക്കുമുറി, ചെർളപ്പുളശ്ശേരി | 1 | 360000 | 40000 |
| 2 | വനജ, മുട്ടിയംകുന്നത്ത്, കരമാനാംകുറിശ്ശി | 1 | 270000 | 130000 |
| 3 | കൊത്തമ്മ,ചേമ്പാറത്തുപറമ്പിൽ, കാറൽമണ്ണ | 1 | 360000 | 40000 |
| 4 | മുരളീധരൻ. എ. പി അഗാടിപറമ്പിൽ, കാറൽമണ്ണ | 4 | 360000 | 40000 |
| 5 | സഫിയ പുലാകുന്നത്ത്, കാറൽമണ്ണ | 4 | 360000 | 40000 |
| 6 | ബീവിക്കുട്ടി മേക്രംകുന്നത്ത്, കാറൽമണ്ണ | 5 | 360000 | 40000 |
| 7 | മുഹമ്മദലി എം, മഞ്ഞളകാടൻ, കുന്നംപുറം | 10 | 360000 | 40000 |
| 8 | മെഹർബാൻ എം. എസ് കൈകുളത്ത്, കച്ചേരികുന്ന് | 13 | 200000 | 200000 |
| 9 | ശശികല.സി പൂഴികുന്നത്ത്, വീരമംഗലം | 17 | 200000 | 200000 |

| | | | | |
|---|---|---|---|---|
| 10 | റീജ.വി<br>കുണ്ടംപള്ളിയാലിൽ, തൃക്കടീരി | 18 | 360000 | 40000 |
| 11 | രേശ്മ.പി.വി<br>മേലാടിപറമ്പിൽ, തൃക്കടീരി | 18 | 40000 | 360000 |
| 12 | ആബിദ<br>ചോലയിൽ, വീരമംഗലം | 19 | 360000 | 40000 |
| 13 | റംല<br>കപ്പളത്തിൽ വീട്, ചെർപ്പുളശ്ശേരി | 22 | 360000 | 40000 |
| 14 | ജാനകി, കൊടിയത്തുപറമ്പിൽ,<br>ശാലിയം കുന്നിൽ | 24 | 200000 | 200000 |
| 15 | ഇട്ടീര.വി.ടി.<br>വെട്ടിക്കൽത്തൊടി,വെള്ളോട്ടുകുറിശ്ശി | 29 | 360000 | 40000 |
| 16 | ചന്ദ്രിക. പി<br>നീലത്ത്, തെക്കുമുറി | 33 | 360000 | 40000 |
| 17 | ലീല,<br>കച്ചേരിപറമ്പ്, തെക്കുമുറി | 33 | 360000 | 40000 |
| 18 | ലക്ഷ്മിക്കുട്ടി , തെക്കുമുറി | 1 | 360000 | 40000 |
| 19 | ഷബീബ. പി. പി<br>അലിയത്തൊടി, കാറൽമണ്ണ | 5 | 360000 | 40000 |
| 20 | രമ, അന്തിമഹാളൻ കുന്ന്<br>കരുമാനാംകുറിശ്ശി | 9 | 360000 | 40000 |
| 21 | കാളിക്കുട്ടി.സി | 10 | 360000 | 40000* |
| 22 | റജീന കെ<br>വെള്ളിയപ്പൻതൊടി, ചെർപ്പുളശ്ശേരി | 10 | 360000 | 40000 |
| 23 | റംഷീന.വി. എം<br>വലിയപറമ്പിൽ, വീരമംഗലം | 10 | 40000 | 360000 |
| 24 | സൽമ, പാറപ്പുറം, ചെർപ്പുളശ്ശേരി | 12 | 360000 | 40000 |
| 25 | ശ്രീജ.വി.പി<br>വലിയപറമ്പിൽ, ചെർപ്പുളശ്ശേരി | 12 | 200000 | 200000 |
| 26 | ചന്ദ്രൻ.വി.പി<br>വലിയപറമ്പിൽ, ചെർപ്പുളശ്ശേരി | 14 | 360000 | 40000 |
| 27 | ചക്കി.എ<br>ആല്യംകുന്നത്ത്, ചെർപ്പുളശ്ശേരി | 16 | 360000 | 40000 |
| 28 | ശാന്ത.പി.കെ<br>പുലക്കാട്ടുകുഴിപറമ്പിൽ, വീരമംഗലം | 16 | 360000 | 40000 |
| 29 | പള്ളീമ.എം.പി<br>മുള്ളത്തുപാടത്ത്, വീരമംഗലം | 17 | 360000 | 40000 |
| 30 | ചക്കി.കെ.പി<br>കുണ്ടംപള്ളിയാലിൽ, വീരമംഗലം | 18 | 200000 | 200000 |
| 31 | കമലം.കെ.പി<br>കുണ്ടംപള്ളിയാലിൽ, വീരമംഗലം | 18 | 200000 | 200000 |
| 32 | സുമതി.സി<br>ചിറയ്ക്കൽ, വീരമംഗലം | 18 | 360000 | 40000 |
| 33 | സാബിറ<br>മേലേപ്പാട്ടുത്തൊടി , വീരമംഗലം | 19 | 200000 | 200000 |
| 34 | ഷഹീറ.സി<br>മൂച്ചിക്കൽ, കുറ്റിക്കാട്ടുതൊടി | 20 | 120000 | 280000 |
| 35 | അശ്വതി.കെ<br>ചെരിക്കാട്ടുകുഴി, ചെർപ്പുളശ്ശേരി | 24 | 360000 | 40000 |
| 36 | ഇന്ദിര<br>കുണ്ടുകണ്ടത്തിൽ, പത്താം മൈൽ | 25 | 360000 | 40000 |

| | | | | |
|---|---|---|---|---|
| 37 | നബീസ<br>കൂടമംഗലം, ചെർപ്പുളശ്ശേരി | 25 | 360000 | 40000 |
| 38 | ജ്യോതിലക്ഷ്മി<br>തെക്കേപുരയ്ക്കൽ, പന്നിയംകുറിശ്ശി | 26 | 360000 | 40000 |
| 39 | സതി.വി, പന്നിയംകുറിശ്ശി | 26 | 360000 | 40000 |
| 40 | സാവിത്രി<br>വീണത്തുപറമ്പിൽ, മലമൽക്കുന്ന് | 27 | 200000 | 200000 |
| 41 | സുഹാസിനി,<br>മലമൽത്തൊടി, കാവുവട്ടം | 27 | 200000 | 200000 |
| 42 | സജീഷ്.പി<br>നടുവട്ടം, കാറൽമണ്ണ | 31 | 360000 | 40000 |
| 43 | വിനോജ്<br>ചെരത്തികുഴി, കാറൽമണ്ണ | 31 | 360000 | 40000 |
| 44 | ചന്ദ്രൻ.കെ.പി, കാറൽമണ്ണ | 32 | 360000 | 40000 |
| 45 | പ്രീത.എം<br>മണ്ണിങ്ങപറമ്പിൽ | 32 | 200000 | 200000 |
| 46 | രഞ്ജിനി, ആമപ്പെട്ടി, കാറൽമണ്ണ | 33 | 360000 | 40000 |
| 47 | സൽമത്ത് കെ.കെ(ഉമ്മുസൽമ)<br>കാട്ടുകണ്ടം | 1 | 200000 | 200000 |
| 48 | വിജിഷ,<br>മണംപള്ളിയില്, വീട്ടിക്കാട് | 1 | 360000 | 40000 |
| 49 | സരിത, മുട്ടടിയിൽ | 3 | 360000 | 40000 |
| 50 | ശരണ്യ, ചിറയ്ക്കൽ, നെരവത്ത് | 4 | 360000 | 40000 |
| 51 | ചിന്ന, പട്ടറമ്പിൽ | 5 | 360000 | 40000 |
| 52 | സുജാത, വെള്ളാരംപാറ | 5 | 360000 | 40000 |
| 53 | ജസീന, പനംകായ്ക്കൽ, കാറൽമണ്ണ | 6 | 200000 | 200000 |
| 54 | സൈറാബാനു<br>അരങ്ങത്ത്, കാറൽമണ്ണ | 6 | 360000 | 40000 |
| 55 | വിജയകുമാരി, കുന്നത്ത്<br>കാറൽമണ്ണ | 7 | 360000 | 40000 |
| 56 | ചിത്ര,<br>കളത്തിൻ കുണ്ട് | 8 | 40000 | 360000 |
| 57 | കുറുംബ,<br>കക്കാട്ടിൽ, കാറൽമണ്ണ | 8 | 360000 | 40000 |
| 58 | ശ്രീജ, പണ്ടത്ത്, മണപ്പടി | 9 | 360000 | 40000 |
| 59 | ചന്ദ്രിക, താഴത്തേതിൽ | 9 | 360000 | 40000 |
| 60 | ദേവകി, വെള്ളാരംപറമ്പിൽ | 9 | 40000 | 360000 |
| 61 | പരിയേനി, വെള്ളാരംപാറ | 9 | 360000 | 40000 |
| 62 | സരിത, അടുക്കക്കത്ത്<br>കറുമാനാംകുറുശ്ശി | 9 | 360000 | 40000 |
| 63 | ശുഭ, കളത്തുംകുണ്ടിൽ<br>കറുമാനാംകുറുശ്ശി | 9 | 360000 | 40000 |
| 64 | റുബീന, കണക്കൻതൊടി | 11 | 360000 | 40000 |
| 65 | സജിത, കണക്കൻതൊടി | 11 | 200000 | 200000 |
| 66 | അസിയ.സി.ടി,<br>വലിയപ്പറമ്പില്, കച്ചേരിക്കുന്ന് | 12 | 360000 | 40000 |
| 67 | ജമീല, നീരണി, കച്ചേരിക്കുന്ന് | 12 | 360000 | 40000 |
| 68 | നൂർജഹാൻ, പ്ലാക്കൽ, കച്ചേരിക്കുന്ന് | 12 | 360000 | 40000 |
| 69 | സുഹറ, പൊക്കളത്തിൽ | 12 | 200000 | 200000 |
| 70 | രാഹില, പിലാക്കൽ | 13 | 360000 | 40000 |
| 71 | സുൽഫത്ത്,പാറപ്പുറം, കച്ചേരിക്കുന്ന് | 13 | 200000 | 200000 |
| 72 | ഉഷാദേവി, വെട്ടത്ത് | 14 | 360000 | 40000 |
| 73 | ലീല, പുത്തനാൽക്കൽ | 15 | 360000 | 40000 |

| | | | | |
|---|---|---|---|---|
| 74 | രജനി, വട്ടപ്പറമ്പത്ത് | 16 | 360000 | 40000 |
| 75 | ജസീന, പാറയ്ക്കൽ | 17 | 360000 | 40000 |
| 76 | സമീറ, പുല്ലടിക്കോടൻ | 17 | 360000 | 40000 |
| 77 | ഷമീറ,പുല്ലടിക്കോടൻ | 17 | 360000 | 40000 |
| 78 | ദേവയാനി, നരുക്കൻചിറ കുണ്ടുകണ്ടത്തിൽ | 18 | 200000 | 200000 |
| 79 | ഫസീല, ചോലയിൽ, വീരമംഗലം | 18 | 360000 | 40000 |
| 80 | ലത, കുഴിക്കാട്ടുകുഴി, വീരമംഗലം | 18 | 280000 | 120000 |
| 81 | ആമിന, മുള്ളത്തുപാടത്ത്, വീരമംഗലം | 19 | 360000 | 40000 |
| 82 | ഖദീജ,നരുക്കൻചിറ | 19 | 360000 | 40000 |
| 83 | സബീന, തേനംമൂച്ചിക്കൽ | 19 | 360000 | 40000 |
| 84 | ശ്രീപ്രിയ, കോട്ടത്തറ | 19 | 40000 | 360000 |
| 85 | നഫീസ, നെട്ടിയിരിക്കുന്നത്ത് | 20 | 360000 | 40000 |
| 86 | പദ്മാവതി, മങ്ങാട്ടുകുന്നിന്മേൽ | 20 | 360000 | 40000 |
| 87 | റസിയ, തൊഴത്തിങ്ങൽ | 20 | 360000 | 40000 |
| 88 | നൂർജഹാൻ, വടക്കേക്കര | 21 | 200000 | 200000 |
| 89 | പ്രീത, ക്ലളീയാട്ടുപറമ്പിൽ | 21 | 360000 | 40000 |
| 90 | ശാന്തകുമാരി, കോളോത്തൊടി | 21 | 360000 | 40000 |
| 91 | സൗദ, കാട്ടുകണ്ടം | 21 | 360000 | 40000 |
| 92 | ആരിഫ, ഓട്ടുപാറ | 22 | 360000 | 40000 |
| 93 | കോമളം, പുലാശ്ശേരി, കുന്നത്ത് | 22 | 360000 | 40000 |
| 94 | ദേവകി, മേല്പ്പാട്ടുത്തൊടി | 24 | 200000 | 200000 |
| 95 | ജസീന, കളമല്ലി | 25 | 360000 | 40000 |
| 96 | ഷഹനാസ്, പുലാത്തറയ്ക്കൽ | 25 | 360000 | 40000 |
| 97 | പുഷ്പ, കുളങ്ങരത്തൊടി | 27 | 360000 | 40000 |
| 98 | പ്രിയാ. എൻ പുലിക്കാട്ടുപറമ്പിൽ | 28 | 360000 | 40000 |
| 99 | ശാന്ത, പുലിക്കാട്ടുപറമ്പിൽ | 28 | 200000 | 200000 |
| 100 | സുമയ്യ തസ്നി, കുളപ്പുരത്ത് | 28 | 360000 | 40000 |
| 101 | അലീമ, ചെരവാത്തൊടി, പടിഞ്ഞാറേതിൽ | 29 | 360000 | 40000 |
| 102 | ആയിഷ, വടക്കേക്കര | 29 | 360000 | 40000 |
| 103 | സലീന, ഓട്ടുമുക്കിൽ | 29 | 360000 | 40000 |
| 104 | കാളി, ചെട്ടികുന്നത്ത്, പന്നിയംകുറുശ്ശി | 29 | 360000 | 40000 |
| 105 | മുണ്ടിച്ചി. സി ചെട്ടിയംകുന്നത്ത്, പന്നിയംകുറുശ്ശി | 30 | 360000 | 40000 |
| 106 | പ്രീത, നായാടിക്കുന്നത്ത് | 30 | 360000 | 40000 |
| 107 | സരസ്വതി, മധുരയിൽ | 31 | 120000 | 280000 |
| 108 | സത്യഭാമ, പുളിക്കപറമ്പിൽ | 31 | 360000 | 40000 |
| 109 | ശ്രുതി, രാരിച്ചൻകുന്നത്ത് | 31 | 200000 | 200000 |
| 110 | ആരതി,വാപ്പാല | 32 | 360000 | 40000 |
| 111 | നിഷ, തോണിപ്പള്ളിയാലിൽ | 32 | 360000 | 40000 |
| 112 | വിമല, പാറമ്മേൽ | 32 | 360000 | 40000 |
| 113 | ഗീത,പൂപറ്റ | 33 | 40000 | 360000 |
| 114 | മിനി, കമ്മലംകുന്നത്ത് , തെക്കുമുറി | 33 | 200000 | 200000 |
| 115 | വിജയകുമാരി വടക്കേതിൽ, തെക്കുമുറി | 33 | 360000 | 40000 |

(ക്രമ നം 1 മുതൽ 3വരെ- DPR 1

ക്രമ നം 4മുതല് 17 വരെ- DPR 2

ക്രമ നം 18മുതൽ 46വരെ- DPR 3

ക്രമ നം 47 മുതൽ 115വരെ- DPR 4)

മേൽപറഞ്ഞ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണത്തിന്റെ നിലവിലെ സ്ഥിതിയും പൂർത്തീകരിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിവരവും ലഭ്യമാക്കേണ്ടതാണ്.

### 1-20 ബജറ്റ്, വാർഷിക കണക്ക് തയ്യാറാക്കുന്നതിന് തുക ചെലവഴിച്ചത്

തനത് ഫണ്ടിൽ നിന്നുള്ള ചെലവ് രേഖകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള നിരീക്ഷണങ്ങൾ:
22-23 വർഷത്തിൽ ബജറ്റ് തയ്യാറാക്കുന്നതിന് Vr.No 22200093/28-4-2022 പ്രകാരം ശ്രീ.ഹസന്നുൾ ബന്ന എന്ന വ്യക്തിക്ക് 17365 രൂപ നല്കിയിട്ടുണ്ട്. മാർച്ച് 2022ൽ 755 രൂപ നിരക്കിൽ ദിവസവേതനാടിസ്ഥാനത്തിലാണ് തുക അനുവദിച്ചിരിക്കുന്നത്. വാർഷിക കണക്ക് തയ്യാറാക്കുന്നതിന് Vr.No 222000236/7-6-2022പ്രകാരം ശ്രീ.ഹസന്നുൾ ബന്നയ്ക്ക് 10570 രൂപ നല്കിയിട്ടുണ്ട്.

GO (Rt) No-381/2021, 11-2-21 നമ്പർ ഉത്തരവ് അനുസരിച്ച് 6 മാസത്തേക്ക് അക്കൗണ്ട്സ് അസിസ്റ്റന്റിനെ കോൺട്രാക്ട് അടിസ്ഥാനത്തിൽ 6 മാസത്തേക്ക് നിയമിക്കാൻ നഗരസഭകൾക്ക് അനുമതി നല്കിയിരുന്നു. ടി കാലാവധി കഴിഞ്ഞുള്ള സമയത്തേക്കാണ് മേൽസൂചിപ്പിച്ച വ്യക്തിയ്ക്ക് തുക നല്കിയിരിക്കുന്നത്.

നഗരസഭാ ഉദ്യോഗസ്ഥർ തയ്യാറാക്കേണ്ട അക്കൗണ്ട്സ്, ബജറ്റ് മുതലായവ തയ്യാറാക്കുന്നതിന് പ്രത്യേകമായി ആളെ നിയമിച്ചതിന്റെ കാരണം അറിയിക്കാനാവശ്യപ്പെട്ട് എൻക്വയറി നം 24/25-1-2024 നല്കിയതിന് മറുപടി ലഭ്യമായില്ല. വ്യക്തമായ മറുപടി ലഭ്യമാക്കുന്നതു വരെ ചെലവ് തുക 27935 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

### 1-21 എ.ബി.സി പ്രോജക്റ്റിനായി തുക നല്കിയത്-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

നിർവഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

| പ്രോജക്റ്റ് നം, പേര് | അടങ്കൽ (രൂപ) | ചെലവ് (രൂപ) | സ്ഥാപനം |
|---|---|---|---|
| 82/23-എ ബി സി പദ്ധതി | 300000 (CFC) | ചെക്ക് നം 5029210/16-9-2022 | പാലക്കാട് ജില്ലാ പഞ്ചായത്ത് |

ജില്ലാ പഞ്ചായത്തിന്റെ 799011400002200 നമ്പർ അക്കൗണ്ടിലേക്കാണ് തുക ട്രാൻസ്ഫർ ചെയ്തിരിക്കുന്നത്. നല്കിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി അറിയിക്കേണ്ടതാണ്.തൻവർഷത്തെ പ്രോജക്റ്റ് ലിസ്റ്റിലോ ചെലവിലോ പ്രസ്തുത പ്രോജക്റ്റ് ഉൾപ്പെട്ടില്ല. ഇതേക്കുറിച്ച് നല്കിയ എൻക്വയറി നം 21/24-1-2024 ന് മറുപടി ലഭ്യമായില്ല.

### 1-22 വാഹനം പരിപാലനം- സർക്കാർ നിർദേശപ്രകാരമുള്ള രേഖകൾ സൂക്ഷിക്കേണ്ടതാണ്

നഗരസഭയുടെ തനത് ഫണ്ട് ചെലവുകളിൽ വാഹനത്തിന്റെ ഇന്ധനച്ചെലവ്, റിപ്പയർ തുടങ്ങിയ കാര്യങ്ങളുടെ അനുബന്ധ രേഖകൾ പരിശോധിക്കുകയുണ്ടായി. വാഹനം സംബന്ധിച്ച് സൂക്ഷിക്കേണ്ട രേഖകളിൽ ലോഗ് ബുക്ക് എഴുതി സൂക്ഷിക്കുന്നുണ്ട്. റിപ്പയർ മുതലായ കാര്യങ്ങളുടെ വിവരങ്ങൾ രേഖകൾ സഹിതം സൂക്ഷിച്ചിട്ടുണ്ടെങ്കിലും സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ച പ്രകാരമുള്ള എല്ലാ രജിസ്റ്ററുകളും സൂക്ഷിച്ചിട്ടില്ല. കേരള മുനിസിപ്പലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും)ചട്ടങ്ങൾ,2000 - ലെ ചട്ടം-4(1) ൽ വാഹനം ഉള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിർബന്ധമായും പാലിക്കേണ്ടതായ രജിസ്ററുകളുടെ വിവരങ്ങൾ നിർദേശിച്ചിട്ടുണ്ട്. രേഖകളുടെ ലിസ്റ്റ് താഴെ ചേർക്കുന്നു.

(എ)ലോഗ് ബുക്ക്

(ബി)പെട്രോൾ,ഡീസൽ, ഓയിൽ, ഗ്യാസ് മുതലായ കാര്യങ്ങൾക്കുള്ള ഓർഡർ ബുക്ക്

(സി)റിപ്പയർ രജിസ്ററർ

(ഡി)സ്റ്റോക്ക് രജിസ്റ്റർ

(ഇ)ഇന്ധനത്തിന്റെയും എണ്ണയുടെയും ഉപയോഗം കാണിക്കുന്ന ഫ്യവൽ രജിസ്റ്റർ

ലോഗ് ബുക്ക്, ഫ്യവൽ രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നുണ്ടെങ്കിലും ഉത്തരവനുസരിച്ചുള്ള മറ്റ് രജിസ്റ്ററുകൾ തയ്യാറാക്കിയിട്ടില്ല. വാഹനപരിപാലനത്തിൽ ചട്ടപ്രകാരം നിഷ്കർഷിക്കുന്ന എല്ലാ രേഖകളും തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

ഇക്കാര്യങ്ങളെക്കുറിച്ച് എൻക്വയറി നം 24/25-1-2024 നല്കിയതിന് മറുപടി ലഭിച്ചില്ല.
വാഹനങ്ങൾക്കായി തുക ചെലവഴിച്ചതിന്റെ രേഖകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള പരാമർശം

ഉപഖണ്ഡികയായി ചേർക്കുന്നു.

**1-23 വാഹന റിപ്പയർ-നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.**

വാഹനങ്ങളുടെ പരിപാലനത്തിനായി തുക ചെലവഴിച്ചതിന്റെ രേഖകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമായ കാര്യങ്ങൾ താഴെ ചേർക്കുന്നു.

KL51 N 6328 നമ്പർ ബൊലേറോ പിക്ക് അപ്പ് റിപ്പയർ ചെയ്യുന്നതിനായി ചന്ദ്ര ഓട്ടോമൊബൈൽസ് & എഞ്ചിനീയറിങ്ങ് എന്ന സ്ഥാപനത്തിന് Vr. No- 22201323/27-3-2023 പ്രകാരം 97240 രൂപ നല്കിയിട്ടുണ്ട്. കേരള മുനിസിപ്പലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും)ചട്ടങ്ങൾ,2000 ലെ ചട്ടം 10(7) അനുസരിച്ച് 10000 രൂപയിലധികം ചെലവ് വരുന്ന റിപ്പയറുകൾ മത്സരാധിഷ്ഠിത ക്വട്ടേഷന്റെ അടിസ്ഥാനത്തിൽ ചെയ്യണം എന്ന് നിർദേശമുണ്ട്. ഇപ്രകാരം ക്വട്ടേഷൻ ക്ഷണിച്ചിട്ടുണ്ടെങ്കിൽ രേഖകൾ ലഭ്യമാക്കണമെന്നറിയിച്ച് എൻക്വയറി(24/25-1-2024) നല്കിയതിന് മറുപടി ലഭ്യമായില്ല

ചെലവ് രേഖകൾ സഹിതം വ്യക്തമായ മറുപടി ലഭ്യമാക്കുന്നതു വരെ ചെലവ് തുക 97240രൂപ തടസ്സത്തിൽ വയ്ക്കുന്നു.

**1-24 ബഡ്സ് സ്കൂളിലേക്ക് ഫർണിച്ചർ വാങ്ങൽ (സ്പിൽ ഓവർ) - രേഖകൾ ഹാജരാക്കിയില്ല**

| | |
|---|---|
| പ്രൊജക്റ്റ് നം. | 83/23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് ഓഫീസർ |
| അടങ്കൽ | 371000/- (സംസ്ഥാനാവിഷ്കൃത ഫണ്ട്) |
| ചെലവ് | 358040/-<br>Sanction Order No.39/08-06-2022 |

ബഡ്സ് സകൂളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി 2022-23 സാമ്പത്തിക വർഷത്തിൽ ബഡ്സ് സ്കൂളിലേക്ക് ഫർണിച്ചർ വാങ്ങൽ പദ്ധതി പ്രകാരം ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. 24-02-2022 തിയതിയിലെ 8/8(1) നമ്പർ കൗൺസിൽ തീരുമാനം പ്രകാരം ടെണ്ടർ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സിഡ്കോ യിൽ നിന്ന് ഫർണ്ണിച്ചറുകൾ വാങ്ങുവാൻ തീരുമാനിച്ചിട്ടുണ്ട്.ആയതിന്റെ അടിസ്ഥാനത്തിൽ സിഡ്കോ യുടെ ഒലവക്കോട് ബ്രാഞ്ചിന് 358040/- രൂപ 08-06-2022 തിയതിയിൽ ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ട്. സിഡ്കോയുടെ PKD/21-22/127,Dated.21-03-2022 നമ്പർ ബിൽ പ്രകാരം 17 ഇനങ്ങളിലുള്ള ഫർണ്ണിച്ചർ ലഭ്യമാക്കിയിട്ടുണ്ട്.ഫർണ്ണിച്ചർ സ്റ്റോക്കിലെടുത്തതിന്റെയും ബഡ്സ് സ്കൂളിലേക്ക് നൽകിയതിന്റെയും വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.പ്രസ്തുത വിഷയം സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കുകയോ നാളിതുവരെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുകയോ ചെയ്യാത്തതിനാൽ ചെലവ് തുക 358040/- രൂപ തടസ്സപ്പെടുത്തുന്നു.
(ഓഡിറ്റ് അന്വേഷണം നം.22/25-01-2024)

**1-25 കോക്ലിയർ ഇംപ്ലാന്റ് ചെയ്ത കുട്ടികൾക്ക് ഉപകരണങ്ങൾ അറ്റകുറ്റപ്പണി ചെയ്യുന്നതിന് ധനസഹായം - വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്**

| | |
|---|---|
| പ്രൊജക്റ്റ് നം. | 432/23 |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| അടങ്കൽ | 50000/- (തനത് ഫണ്ട്) |
| ചെലവ് | 50000/-<br>Sanction Order No.387/24-03-2023 |

2022-23 സാമ്പത്തിക വർഷത്തിൽ പദ്ധതി പ്രകാരം 50000/- രൂപ കേരള സോഷ്യൽ സെക്യൂരിറ്റി മിഷന്റെ 701011400000134 നമ്പർ ട്രഷറി അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ട്.ടി തുക വിനിയോഗിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.
(ഓഡിറ്റ് അന്വേഷണം നം.17/24-01-2024)

**1-26 അങ്കണവാടി കുട്ടികളുടെ സ്പോർട്സും കലോൽസവവും - ചെലവ് രേഖകൾ ലഭ്യമാക്കേണ്ടതാണ്**

| | |
|---|---|
| പ്രൊജക്റ്റ് നം. | 111/23 |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| അടങ്കൽ | 50000/- (തനത് ഫണ്ട്) |

| | |
|---|---|
| ചെലവ് | 50000/-<br>Sanction Order No. 275/02-03-2023 |

2022-23 സാമ്പത്തിക വർഷം നടപ്പാക്കിയ പദ്ധതി പ്രകാരം 50000/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥയായ ചിത്ര ഭാസ്കരൻ എന്നവരുടെ 31492775589 നമ്പർ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ട്. ടി തുകയുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.സാംഖ്യ ബിൽ മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. ചെലവ് രേഖകൾ ഹാജരാക്കുന്നത് വരെ 50000/- രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

## 1-27 മുനിസിപ്പാലിറ്റിയിലെ ഹരിതകർമസേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്

സ.ഉ(സാധാ)നം.2420/17/തസ്വഭവ തിയതി 15-07-2017 പ്രകാരം ഹരിതകർമ്മസേനയുടെ രൂപീകരണത്തിനുള്ള നടപടിക്രമങ്ങളും സ.ഉ(സാധാ)നം.1496/2020/ തസ്വഭവ തിയതി 12-8-2020 പ്രകാരം ഹരിത കർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റിയിലെ ഹരിതകർമ്മസേനയുടെ പ്രവർത്തനം 2017നവംബർ മുതൽക്കാണ് ആരംഭിച്ചിട്ടുള്ളത്. വീട്ടുകളിൽ നിന്നും വ്യാപാര സ്ഥാപനങ്ങളിൽ നിന്നും കഴുകി വൃത്തിയാക്കിയ അജൈവ മാലിന്യങ്ങൾ ശേഖരിച്ച് തരംതിരിച്ച് എം.സി.എഫിൽ സൂക്ഷിക്കേണ്ട ചുമതലയാണ് ഹരിതകർമ്മസേനയിൽ പ്രധാനമായും നിക്ഷിപ്തമാക്കിയിട്ടുള്ളത്. ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റിയിലെ ഹരിതകർമ്മസേനയുടെ പ്രവർത്തനം വിലയിരുത്തിയതിന്മേലുള്ള ഓഡിറ്റ് കണ്ടെത്തലുകളും നിരീക്ഷണങ്ങളും താഴെ ചേർക്കുന്നു.

**ബൈലോ**

ജി.ഒ(ആർ.ടി)നം.18/2021/തസ്വഭവ തിയതി 04-01-2021 പ്രകാരം തദ്ദേശ സ്ഥാപന തലത്തിൽ വിജ്ഞാപനം ചെയ്യുന്നതിനുള്ള പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ബൈലോ സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.ആയത് പ്രകാരം മുനിസിപ്പാലിറ്റിയുടെ പ്ലാസ്റ്റിക് മാലിന്യ പരിപാലന ഉപനിയമാവലി ഭേദഗതി ചെയ്ത് അംഗീകരിച്ചത് ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി 28-01-2021ലെ 1ാം നമ്പർ തീരുമാനം പ്രകാരം കൗൺസിലിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ടെങ്കിലും അംഗീകാരം ലഭ്യമാക്കിയതിന്റെ വിവരം ലഭ്യമാക്കിയില്ല.

സ.ഉ(സാധാ)നം.1496/2020/ തസ്വഭവ തിയതി 12-8-2020 പ്രകാരം വീടുകളിൽ നിന്നുള്ള അജൈവ മാലിന്യ ശേഖരണത്തിന് കുറഞ്ഞത് ഗ്രാമപ്രദേശങ്ങളിൽ 50 രൂപയും നഗരപ്രദേശങ്ങളിൽ 70 രൂപയും കടകളിൽ നിന്ന് 100 രൂപയും ആയി നിശ്ചയിച്ചിട്ടുണ്ട്.ഈ തുകയിൽ കുറവാണ് തദ്ദേശ സ്വയം ഭരണ സ്ഥാപനം നിശ്ചയിക്കുന്ന തുക എങ്കിൽ വിഞ്ജാപന തുകയും സേവന പ്രതിഫല തുകയും തമ്മിലുള്ള അന്തരം പരിഹരിക്കേണ്ടത് നഗരസഭയുടെ ഉത്തരവാദിത്തം ആയിരിക്കും എന്ന് വ്യക്തമാക്കിയിട്ടുണ്ട്. 05-07-2021 ലെ 28-ാം നമ്പർ തീരുമാനം പ്രകാരം കോവിഡ് -19 വ്യാപനം രൂക്ഷമായതിനാൽ ഹരിതകർമ്മ സേനയുടെ യൂസർഫീ നിലവിലുള്ള നിരക്കിൽ തുടരുന്നതിനും സർക്കാർ ഉത്തരവ് പ്രകാരമുള്ള നിരക്കിൽ ഹരിത കർമ്മസേനയുടെ യൂസർഫീ വർദ്ധിപ്പിക്കുന്ന വിഷയം 3 മാസത്തിന് ശേഷം പരിഗണിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. നിലവിൽ മുനിസിപ്പാലിറ്റി പരിധിയിലുള്ള വീടുകൾക്കും കടകൾക്കും 50 രൂപയാണ് യൂസർ ഫീ ഈടാക്കുന്നത്.നാളിതുവരെയായിട്ടും യൂസർ ഫീ വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടില്ല.

**ഹരിതകർമ്മസേന**

സ.ഉ(സാധാ)നം.1496/2020/ തസ്വഭവ തിയതി 12-8-2020 പ്രകാരം മുനിസിപ്പാലിറ്റി / കോർപ്പറേഷൻ പ്രദേശങ്ങളിൽ വീടുകളുടെ എണ്ണം കൂടുതലായതിനാൽ ഒരു വാർഡിൽ രണ്ടിൽ അധികം പേരെ തെഞ്ഞെടുക്കാം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്.കൂടാതെ കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്ററുടെ 30-09-2023 തിയതിയിലെ കത്ത് പ്രകാരം മാലിന്യ മുക്ത നവകേരളം പദ്ധതിയുടെ ഭാഗമായി ഹരിത കർമ്മ സേന അംഗങ്ങൾ കുറവുള്ള വാർഡുകളിൽ വാർഡൊന്നിന് രണ്ട് വീതം ഹരിത കർമ്മ സേന അംഗങ്ങളെ കണ്ടെത്തി 2023 ഒക്ടോബർ 15 നകം നിയമിക്കുന്നതിന് മുനിസിപ്പാലിറ്റി തലത്തിൽ തീരുമാനിച്ച് ആവശ്യമായ നടപടി അതാത് സിഡിഎസ്സുകൾ സ്വീകരിക്കണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ സർക്കാർ ഉത്തരവ് പ്രകാരമോ കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്ററുടെ കത്തിൽ നിർദ്ദേശിച്ച പ്രകാരമോ നടപടി സ്വീകരിച്ചിട്ടില്ല.മുനിസിപ്പാലിറ്റിയിൽ 33 വാർഡുകളിലായി 32 ഹരിതകർമ്മസേനാംഗങ്ങളാണ് നിലവിൽ പ്രവർത്തിക്കുന്നത്.

**യൂസർ ഫീ പിരിവ്**

ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റിയിൽ 11680 വീടുകളും 1559 കടകളും ഉള്ളതായി ഹരിതകർമ്മസേനാംഗങ്ങൾ

അറിയിച്ചിട്ടുണ്ട്. എല്ലാ വീടുകളിൽ നിന്നും കടകളിൽ നിന്നും യൂസർ ഫീ ലഭ്യമാകാത്ത സ്ഥിതിയുണ്ടെന്നും അറിയിച്ചിട്ടുണ്ട്. 10% ൽ താഴെ വീടുകളും കടകളും മാത്രമാണ് പ്ലാസ്റ്റിക്ക് മാലിന്യം ഹരിതകർമസേനയ്ക്ക് കൈമാറുകയും യൂസർഫീ നൽകുകയും ചെയ്യുന്നത്. ശരാശരി 180000 രൂപ മാത്രമാണ് യൂസർഫീ ഇനത്തിൽ പ്രതിമാസം ലഭ്യമാകുന്നത്. കളക്ഷൻ കുറവായതിനാൽ ശരാശരി പ്രതിദിനം 200 രൂപയിൽ താഴെ മാത്രമേ അംഗങ്ങൾക്ക് പ്രതിഫലം ലഭ്യമാകുന്നുള്ളൂ.

യൂസർ ഫീ ഒടുക്കുന്നതിൽ പല വീട്ടുകാരും കച്ചവട സ്ഥാപനങ്ങളും വിമുഖത കാണിക്കുന്നുണ്ടെന്ന് ഹരിത കർമ്മസേനാംഗങ്ങൾ അറിയിച്ചിട്ടുണ്ട്. മൂന്ന തവണയിൽ കൂടുതൽ യൂസർ ഫീ ഒടുക്കാത്തവരുടെ വിവരം ഹരിതകർമ്മസേന മുനിസിപ്പാലിറ്റിയിൽ രേഖാമൂലം അറിയിക്കേണ്ടതാണെന്നും മുനിസിപ്പാലിറ്റി തുടർനടപടികൾ സ്വീകരിക്കേണ്ടതാണെന്നും ഹരിതകർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. സ.ഉ.(സാധാ)നം.41/2023/LSGD തിയതി 06-01-2023 പ്രകാരം യൂസർ ഫീ കാർഡ് മറ്റ് സേവനങ്ങൾക്കുള്ള അനിവാര്യ രേഖയായി പരിഗണിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

**RRF റിസോഴ്സ് റിക്കവറി ഫെസിലിറ്റി(ആർ.ആർ.എഫ്)**

ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റിയുടെ 2022-23 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 22-01-2024 തിയതിയിൽ സ്ഥലപരിശോധന നടത്തിയതിന്റെ ഭാഗമായി ആർ.ആർ.എഫ്, എം.സി.എഫ്. കെട്ടിടങ്ങൾ സന്ദർശിച്ചു. മുനിസിപ്പാലിറ്റിയിലെ 26ാം വാർഡിൽ കാവ്‌വട്ടം എന്ന സ്ഥലത്ത് എം.സി.എഫ് കെട്ടിടത്തിന് അടുത്തായി ആർ.ആർ.എഫ് കെട്ടിടത്തിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ടെങ്കിലും പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല.



RRF കെട്ടിടം

**എം.സി.എഫ്. ന്റെ പ്രവർത്തനം**

മുനിസിപ്പാലിറ്റിയിലെ 26ാം വാർഡിൽ കാവ്‌വട്ടം എന്ന സ്ഥലത്താണ് എം.സി.എഫ് കെട്ടിടം നിർമ്മിച്ചിട്ടുള്ളത്. ഷീറ്റിട്ട എം.സി.എഫ് കെട്ടിടത്തിന്റെ ഉള്ളിലും കെട്ടിടത്തിന്റെ പുറത്ത് രണ്ട് വശങ്ങളിലായും നിർമ്മാണം പൂർത്തിയാകാത്ത ആർ.ആർ.എഫ് കെട്ടിടത്തിലും തരംതിരിക്കാത്ത മാലിന്യങ്ങൾ ചാക്കുകളിലായി കൂട്ടിയിട്ടിരിക്കുന്നതായി നേരിട്ടുള്ള പരിശോധനയിൽ ബോധ്യപ്പെട്ടു.മാലിന്യ സംസ്കരണത്തിനായി തുമ്പൂർമുഴി മോഡൽ ഷെഡ് നിർമ്മിച്ചിട്ടുണ്ടെങ്കിലും ആയത് ഉപയോഗിക്കുന്നില്ല.പ്ലാസ്റ്റിക് മാലിന്യ പരിപാലനം കാര്യക്ഷമമായി നടക്കുന്നില്ല.


**MCF കെട്ടിടം**



**കൂട്ടിയിട്ടിരിക്കുന്ന മാലിന്യം**

**മിനി എം.സി.എഫുകൾ സ്ഥാപിച്ചില്ല**

ഹരിതകർമ്മസേന ശേഖരിക്കുന്ന പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ സൂക്ഷിക്കുന്നതിനായി വാർഡ് തലത്തിൽ മിനി എം സി എഫ് സ്ഥാപിക്കണമെന്ന നിർദേശം നാളിതുവരെ നടപ്പാക്കിയിട്ടില്ല.

**വാഹന സൗകര്യം**

ഓരോ വാർഡിലേയും പ്ളാസ്റ്റിക്ക് മാലിന്യം ശേഖരിച്ച് കൊണ്ടു പോകുന്നതിനായി ഹരിതകർമ്മസേനയ്ക്ക് രണ്ട് വാഹനങ്ങൾ ഉപയോഗിക്കുന്നുണ്ട്.ഒരു ഗുഡ്സ് ഓട്ടോയും ബൊലേറോ പിക്കപ്പ് വാഹനവുമാണ് ഉപയോഗിക്കുന്നത്.

**ശേഖരിക്കുന്ന പ്ലാസ്റ്റിക്കിന്റെ വിപണനം**

ഓഡിറ്റ് വർഷത്തിൽ ചെർപ്പുളശ്ശേരി നഗരസഭയുടെ യാർഡിൽ ശേഖരിച്ച് വെച്ചിട്ടുള്ള തരംതിരിക്കാത്തതും ലെഗസിയുമായ സംസ്കരണയോഗ്യമല്ലാത്ത മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് അംഗീകാരമുള്ള ഏജൻസികളിൽ നിന്നും ടെണ്ടർ വിളിച്ചതിന്റെ അടിസ്ഥാനത്തിൽ Eco Green Kerala, കോട്ടക്കൽ, മലപ്പുറം എന്ന സ്ഥാപനത്തിന് 1KG ക്ക് 8.20 രൂപ നിരക്കിൽ നൽകാമെന്ന് 21-11-2022 ൽ കരാർ ഉടമ്പടി ഒപ്പ് വെച്ചിട്ടുണ്ട്.2022-23 സാമ്പത്തിക വർഷം ആകെ 113890KG മാലിന്യം കമ്പനിക്ക് നൽകിയിട്ടുണ്ടെങ്കിലും ആയതിന് ഹെൽത്ത് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്ട് നമ്പർ.256/23 പ്രകാരം 331114/- രൂപയും സ്പിൽ ഓവർ പ്രോജക്ട് നമ്പർ.28/23 പ്രകാരം 149600/- രൂപയും ആണ് തൻവർഷം നൽകിയിട്ടുള്ളത്.

**മെഷീനുകൾ ഉപയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്നു**

കുടുംബശ്രീ ജനകീയ ഹോട്ടൽ പ്രവർത്തിക്കുന്ന മുനിസിപ്പാലിറ്റിയോട് ചേർന്നുള്ള കെട്ടിടത്തിൽ ഒരു ബെയ്‌ലിംഗ് മെഷീനും ഒരു ഷ്രെഡിംഗ് മെഷിനും സ്ഥാപിച്ചിട്ടുണ്ടെങ്കിലും നിലവിൽ അവ ഉപയോഗിക്കുന്നില്ല. മുമ്പ് ഹരിതകർമ്മ സേന ശേഖരിക്കുന്ന മാലിന്യങ്ങൾ സംഭരിക്കുന്ന കെട്ടിടമായതിനാലാണ് മെഷീനുകൾ പ്രസ്തുകത കെട്ടിടത്തിൽ സ്ഥാപിച്ചതെന്നും എന്നാൽ മാലിന്യങ്ങൾ ശേഖരിക്കുന്നത് പിന്നീട് പുതിയ എം.സി.എഫ് കെട്ടിടത്തിലേക്ക് മാറ്റിയതാണെന്നും ഹരിതകർമ്മ സേനാംഗങ്ങൾ അറിയിച്ചിട്ടുണ്ട്.മെഷീനുകൾ മാറ്റാതെ പഴയ കെട്ടിടത്തിൽ തന്നെ നിഷ്ക്രിയമായി വെച്ചിരിക്കുന്ന അവസ്ഥയാണ് നിലവിലുള്ളത്.




**ബെയിലിംഗ് മെഷീൻ**




**ഷ്രെഡ്ഡിംഗ് മെഷീൻ**

**സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം**

2022-23ൽ മുനിസിപ്പാലിറ്റിയിൽ സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിംസ്റ്റം നടപ്പാക്കിയിട്ടുണ്ടെങ്കിലും മുഴുവൻ കെട്ടിങ്ങളിലും QR കോഡ് പതിപ്പിക്കൽ പൂർത്തിയാക്കിയിട്ടില്ല എന്നാണ് ഹരിത കർമ്മസേനാംഗങ്ങൾ അറിയിച്ചത്. ഹെൽത്ത് ഓഫീസർ നടപ്പാക്കിയ 32/23 നമ്പർ പ്രോജക്ട് പ്രകാരം സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം നടപ്പാക്കുന്നതിന്റെ ഭാഗമായി QR കോഡ് വാങ്ങിയ വകയിൽ 14118/- രൂപ കെൽട്രോണിന് നൽകിയിട്ടുണ്ട്. കൂടാതെ ഐഡിയൽ കോളേജ് എൻ.എസ്.എസ് വിദ്യാർത്ഥികളെ QR കോഡ് പതിപ്പിക്കാൻ ചുമതലപ്പെടുത്തിയ വകയിൽ സ്നാക്സിനും ഭക്ഷണ ചെലവിനുമായി യഥാക്രമം 3500/- രൂപയും 11875/- രൂപയും നൽകിയിട്ടുണ്ട്.എന്നാൽ ആകെ എത്ര കെട്ടിടങ്ങളിലാണ് QR കോഡ് പതിപ്പിച്ചിട്ടുള്ളത് എന്ന വിവരവും ബാക്കി എത്ര കെട്ടിടങ്ങളിൽ പതിപ്പിക്കുവാൻ ബാക്കിയുണ്ട് എന്ന വിവരവും സംബന്ധിച്ച കൃത്യമായ വിവരം സൂക്ഷിച്ചിട്ടില്ല

**രേഖകളുടെ സൂക്ഷിപ്പ്**

ഹരിത കർമ്മ സേന അംഗങ്ങൾ സൂക്ഷിക്കുന്ന ഓരോ വാർഡിലെയും കളക്ഷൻ സംബന്ധിച്ച വിവരങ്ങൾ എഴുതി സൂക്ഷിക്കുന്ന രജിസ്റ്റർ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ആരും തന്നെ പരിശോധിക്കുന്നതായി സാക്ഷ്യപ്പെടുത്തിയിട്ടില്ല. കളക്ഷൻ തുകയുടെ വിവരങ്ങൾ ചേർക്കുമ്പോൾ തിയതി,മാസം,വർഷം തുടങ്ങിയ വിവരങ്ങളൊന്നും തന്നെ വ്യക്തമായി രേഖപ്പെടുത്തുന്നില്ല.ഹരിത കർമ്മസേനയുടെ രസീതി പരിശോധിച്ചതിൽ ഡബിൾ സൈഡഡ് കാർബൺ ഉപയോഗിച്ചിട്ടില്ല.കൗണ്ടർ ഫോയിൽ ഉള്ള രസീതി ബുക്ക് ആണ് ഉപയോഗിച്ചിട്ടുള്ളത്. രസീതി ബുക്കുകൾക്ക് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

**അക്കൗണ്ടിലെ നീക്കിയിരിപ്പ്**

31-3-2023 ൽ ഹരിതകർമ്മസേനയുടെ അക്കൗണ്ടിലെ (പഞ്ചാബ് നാഷണൽ ബാങ്ക് അക്കൗണ്ട് നം 4264000100087066) നീക്കിയിരുപ്പ് 693081.51/- രൂപ നീക്കിയിരുപ്പുണ്ട് .

**ഓഡിറ്റ് നിർദ്ദേശങ്ങൾ**

- എം.സി.എഫ് ൽ കൂട്ടിയിട്ടിരിക്കുന്ന മാലിന്യങ്ങൾ തരംതിരിക്കുന്നതിനും കൈയ്യൊഴിക്കുന്നതിനുമുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.
- മിനി എം.സി.എഫുകൾ എല്ലാ വാർഡുകളിലും സ്ഥാപിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.
- യൂസർ ഫീ പിരിവ് കാര്യക്ഷമമാക്കുന്നതിനായി ഭരണസമിതിയുടെ ഇടപെടൽ ഉണ്ടാകേണ്ടതാണ്.
- പ്ലാസ്റ്റിക്ക് മാലിന്യങ്ങളും ലെഗസി മാലിന്യങ്ങളും നീക്കം ചെയ്യുന്നത് കാര്യക്ഷമമാക്കേണ്ടതാണ്.
- സർക്കാർ ഉത്തരവിനനുസൃതമായി ഹരിതകർമ്മസേന അംഗങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നത് പരിശോധിക്കേണ്ടതാണ്.
- ഹരിതകർമ്മ സേന ഉപയോഗിക്കുന്ന രസീതി ബുക്കുകൾക്ക് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

ഇക്കാര്യങ്ങളെക്കുറിച്ച് എൻക്വയറി നം. 16/20-01-2024 നല്കിയതിന് മറുപടി ലഭ്യമായില്ല.
ഈ വിഷയത്തിലുള്ള തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

**1-28 ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് - ഗുണഭോക്താവിന് തുക ലഭ്യമായതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.**

| | |
|---|---|
| പ്രോജക്ട് നം. | 110/23<br>(ജനറൽ) |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| അടങ്കൽ | 2000000/- |
| ചെലവ് | 1948500/-<br>[600000/-(വികസനഫണ്ട് - പൊതുവിഭാഗം സാധാരണവിഹിതം) +1348500(വികസന ഫണ്ട് - ധനകാര്യ കമ്മിഷൻ അവാർഡ്)] |

സബ്സിഡി മാർഗ്ഗരേഖ - സ.ഉ (കൈ)നം.115/2022/തസ്വഭവ/ 28-05-2022 ഖണ്ഡിക.7.16.ഇ പ്രകാരം പ്രതിമാസ സ്കോളർഷിപ്പ്/ബത്ത കുട്ടിയുടെയും (ഗുണഭോക്താവ്) രക്ഷകർത്താവിന്റെയും ജോയിന്റ് ബാങ്ക് അക്കൗണ്ടിലേക്കാണ് നൽകേണ്ടത്. ഗുണഭോക്താക്കളുടെ അപേക്ഷകളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താവിന് തുക നൽകിയ അക്കൗണ്ടും അപേക്ഷയോടൊപ്പം സമർപ്പിച്ച അക്കൗണ്ടും വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | നൽകിയ ആകെ തുക | തുക നൽകിയ അക്കൗണ്ട് നം. | അപേക്ഷ പ്രകാരമുള്ള അക്കൗണ്ട് നം. |
|---|---|---|---|
| മുഹമ്മദ് ബാദുഷ, നടുക്കൻചിറ ഹൗസ് | 28500/- | 064805300005735 | 0648053000005735<br>(ജോയിന്റ് ബാങ്ക് അക്കൗണ്ട്)<br>South Indian Bank |

തുക നൽകിയ അക്കൗണ്ട് നമ്പറിൽ അപേക്ഷ പ്രകാരമുള്ള അക്കൗണ്ട് നമ്പറിൽ ഉള്ളതിനേക്കാൾ ഒരു പൂജ്യം കുറവായാണ് ഉള്ളത്. തുക ഗുണഭോക്താവിന് ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ ആയത് വ്യക്തമാക്കുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് അപേക്ഷ പ്രകാരം ലഭ്യമാക്കിയ ഗുണഭോക്താവിന്റെ അക്കൗണ്ട് ആക്ടീവ് അല്ലാതിരുന്നതിനാൽ മുനിസിപ്പാലിറ്റിയുടെ അക്കൗണ്ട് വഴിയാണ് തുക ട്രാൻസ്ഫർ ചെയ്ത് നൽകിയത് എന്നാണ് മറുപടി ലഭ്യമാക്കിയത്.

മുനിസിപ്പാലിറ്റിയുടെ തനത് ഫണ്ട് അക്കൗണ്ട്(അക്കൗണ്ട് നം.4264000100085855) പരിശോധിച്ചതിൽ 30-03-2023 തിയതിയിൽ 16500/- രൂപ വരവ് വെച്ചിട്ടുണ്ട്. എന്നാൽ ആയത് ഗുണഭോക്താവിന് ലഭ്യമാക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. കൂടാതെ ബാക്കി 12000/- രൂപ ട്രാൻസ്ഫർ ചെയ്തതിന്റെ രേഖകൾ

ലഭ്യമാക്കിയിട്ടില്ല.മേൽ സാഹചര്യത്തിൽ മുഹമ്മദ് ബാദുഷ,നടുക്കൻചിറ ഹൗസ് എന്ന ഗുണഭോക്താവിന് 2022-23 വർഷത്തിൽ അനുവദിച്ച 28500/- രൂപ ലഭ്യമായതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

**1-29 ഉറവിട മാലിന്യ സംസ്കരണം - വ്യക്തിഗതം(സ്പിൽ ഓവർ) - രേഖകൾ ഹാജരാക്കിയില്ല**

| | |
|---|---|
| പ്രൊജക്റ്റ് നം. | 27/23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് ഓഫീസർ |
| അടങ്കൽ | 800000/- |
| ചെലവ് | 757500/-<br>199278/-(ധനകാര്യ കമ്മിഷൻ അവാർഡ്) + 335125/-(കേന്ദ്രാവിഷ്കൃത ഫണ്ട്) + 223097/-(സംസ്ഥാനാവിഷ്കൃത ഫണ്ട്) |

2022-23 സാമ്പത്തിക വർഷം നടപ്പാക്കിയ ടി പദ്ധതി പ്രകാരം മുനിസിപ്പലിറ്റിയിലെ 33 വാർഡുകളിലെ വ്യക്തികൾക്കും സ്കൂളുകൾക്കും റിംഗ് കമ്പോസ്റ്റ് വാങ്ങി വിതരണം ചെയ്യുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. IRTC Project Implementation Unit ന്റെ 19-08-2022 ലെ B2B243 ടാക്സ് ഇൻവോയ്സ് പ്രകാരം 400 റിംഗ് കമ്പോസ്റ്റ് യൂണിറ്റുകൾക്ക് 2500/- രൂപ (2232.14+12 % GST) നിരക്കിൽ 1000000/- രൂപയുടെ ബിൽ ഹാജരാക്കിയിട്ടുണ്ടെങ്കിലും 03-01-2023 തിയതിയിലെ 11ാം നമ്പർ കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 383 റിംഗ് കമ്പോസ്റ്റുകൾ വിവിധ വാർഡുകളിൽ വിതരണം ചെയ്തതിന് ചെലവായിട്ടുള്ള തുകയായ 957500/-(383*2500) രൂപയിൽ മുൻ സാമ്പത്തിക വർഷം അഡ്വാൻസ് തുകയായി നൽകിയ 200000/- രൂപ കിഴിച്ച് ബാക്കി തുകയായ 757500/- രൂപ IRTC-PIU എന്ന സ്ഥാപനത്തിന് അനുവദിക്കാവുന്നതാണ് എന്ന് തീരുമാനിച്ചിട്ടുണ്ട്.ആയതിൽ 20000/- രൂപ ജി.എസ്.ടി കുറവ് ചെയ്ത് ബാക്കി തുക നൽകിയിട്ടുണ്ട്.

സ്ഥാപനത്തിന് തുക നൽകിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| തുക | Sanction Order No./Date |
|---|---|
| 335125/- | 311/14-03-2023 |
| 199278/- | 310/14-03-2023 |
| 203097/- | 347/18-03-2023 |

പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ ആകെ എത്ര റിംഗ് കമ്പോസ്റ്റുകളാണ് വാങ്ങിയത്,അവ സ്റ്റോക്കിലെടുത്തതിന്റെ വിവരം, വിതരണം ചെയ്തതിന്റെ വിവരം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പ്രസ്തുത വിവരങ്ങൾ സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നാളിതുവരെ മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്യാത്തതിനാൽ തൻ വർഷത്തെ ചെലവ് തുക 757500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-30 വ്യക്തിഗത ടോയ്‌ലറ്റുകളുടെ പുനരുദ്ധാരണം പദ്ധതി- അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്**

ഫയൽ നമ്പർ - H1-2547/22

| | |
|---|---|
| പ്രൊജക്റ്റ് നം. | 354/23<br>വ്യക്തിഗത ടോയ്‌ലറ്റുകളുടെ പുനരുദ്ധാരണം - സ്പിൽ ഓവർ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് ഓഫീസർ |
| അടങ്കൽ | 262186/- |
| ചെലവ് | 198732/-<br>[116466/-(വികസനഫണ്ട് -ധനകാര്യ കമ്മിഷൻ അവാർഡ്)+82266/-(കേന്ദ്രാവിഷ്കൃത ഫണ്ട്) ] |

2022-23 സാമ്പത്തക വർഷം ഒ.ഡി.എഫ് സ്റ്റാറ്റസ് നിലനിർത്തുന്നതിനായി അറ്റകുറ്റപ്പണി അത്യാവശ്യമായ വ്യക്തിഗത ടോയ്‌ലറ്റുകളുടെ അറ്റകുറ്റപ്പണിക്ക് ധനസഹായം നൽകുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്.അറ്റകുറ്റപ്പണി നടത്തിയതിന്റെ മൂല്യനിർണ്ണയം നഗരസഭയിലെ അസി.എഞ്ചിനിയർ/ ഓവർസിയർ നൽകിയതിന്റെ അടിസ്ഥാനത്തിൽ പരമാവധി 15400/- രൂപ വരെ ഗുണഭോക്താക്കൾക്ക്

നൽകുന്നതായാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ കണ്ട ചുവടെ ചേർക്കുന്ന അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നാളിതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ല.

1)15 പേർക്ക് ആനുകൂല്യം നൽകിയ109065/- രൂപയുടെ ബില്ലുകളും വിതരണ വിവരവും മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളത്. ബാക്കി 89667/- രൂപയുടെ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല.ലഭ്യമാക്കിയ 109065/- രൂപയുടെ ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| തുക | Sanction Order./Date |
|---|---|
| 13336/- | 190/27-12-2022 |
| 17464/- | 189/27-12-2022 |
| 30733/- | 181/07-12-2022 |
| 16799/- | 152/18-11-2022 |
| 30733/- | 165/23-11-2022 |

2)പദ്ധതി പ്രകാരം ആകെ എത്ര ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം അനുവദിച്ചത്, എത്ര രൂപ വീതമാണ് അനുവദിച്ചത് തുടങ്ങിയ വിവരങ്ങൾ ലഭ്യമാക്കിയില്ല

3)താഴെ പറയുന്ന വ്യക്തികൾക്ക് പദ്ധതി പ്രകാരമുള്ള 15400/- രൂപയിൽ കൂടുതൽ തുക അനുവദിച്ചിട്ടുണ്ട്.കൂടാതെ ക്രമ നമ്പർ 1,2 എന്നീ ഗുണഭോക്താക്കളുടെ ടോയ്‌ലറ്റ് അറ്റകുറ്റപ്പണിയുടെ വാല്യേഷൻ സർട്ടിഫിക്കറ്റ് പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേരും വിലാസവും | നൽകിയ തുക | 15400/- രൂപയിൽഅധികം നൽകിയ തുക |
|---|---|---|---|
| 1 | ശാരദ.കെ,കളപ്പാറ,തെക്കുംമുറി | *32864/- | 17464 |
| 2 | അനിൽകുമാർ,ആദർശ് നിവാസ്, മുണ്ടിയംപറമ്പ് | 24132 | 8732 |
| 3 | കുഞ്ഞുമൊയ്തു, ചോലയിൽ ഹൗസ്, വീരമംഗലം | 24132 | 8732 |
| ആകെ | | | 34928/- |

*ഫയൽ നമ്പർ - H1-2547/22 പരിശോധിച്ചതിൽ ശാരദ.കെ,കളപ്പാറ,തെക്കുംമുറി എന്ന ഗുണഭോക്താവിന് 255/22 പദ്ധതി പ്രകാരം 2021-22 സാമ്പത്തിക വർഷത്തിൽ ഇതേ ആവശ്യത്തിനായി 8732/-രൂപ , 6668/- രൂപ എന്നീ തുകകൾ യഥാക്രമം 518/25-03-2022 & 517/25-03-2022 എന്നീ Sanction Order കൾ പ്രകാരം അനുവദിച്ചിട്ടുണ്ട്. കൂടാതെ തൻവർഷം 17464/- രൂപ അനുവദിച്ചിട്ടുണ്ട്.ആകെ 32864/- രൂപ അനുവദിച്ചിട്ടുണ്ട്.

പദ്ധതി പ്രകാരമുള്ള മുഴുവൻ ചെലവ് രേഖകളും ഹാജരാക്കുന്നത് വരെ 89667/- രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു. കൂടാതെ ക്രമ നമ്പർ 3 പ്രകാരം ഗുണഭോക്താക്കൾക്ക് അധികം നൽകിയ തുക 34928/- രൂപ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തിരികെ ഈടാക്കേണ്ടതും പരാമർശത്തിൽ സൂചിപ്പിച്ച മറ്റ് അപാകതകൾക്ക് രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം.6/11-01-2024).

**1-31 ടെണ്ടർ ഫോം വില തനതു ഫണ്ടിലേക്ക് മാറ്റാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്**

ടെണ്ടർ ഫോം വില ഇനത്തിൽ ലഭ്യമാവുന്ന തുകകൾ സൂക്ഷിക്കുന്നതിനു വേണ്ടി തുടങ്ങിയ അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാങ്ക് പാസ് ബുക്ക് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. പാസ്ബുക്ക് പരിശോധനക്ക് ഹാജരാക്കാനും ടി അക്കൌണ്ടിലെ ടെണ്ടർ ഫോം വില ഇനത്തിൽ ലഭ്യമായ തുകകളുടെ വിവരവും തുകകൾ മുനിസിപ്പാലിറ്റിയുടെ തനതു ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ടോ എന്നുള്ള വിവരവും ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറി നം. 18/24.1.2024ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ടെണ്ടർ ഫോം വില ഇനത്തിൽ ലഭ്യമായ തുകകൾ മുനിസിപ്പാലിറ്റിയുടെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

**1-32 മെയിന്റനൻസ് പ്രവൃത്തികൾ -തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്**

ജി.യു.പി.എസ്. കെട്ടിടം അറ്റകുറ്റപണി, ജി.എൽ.പി.എസ്. വീരമംഗലം കെട്ടിടം നവീകരണം എന്നീ

പ്രവൃത്തികളിൽ അളവു പുസ്തകം പ്രകാരം വിവിധ സാധനങ്ങൾ പൊളിച്ച മാറ്റിയിട്ടുണ്ട്. എന്നാൽ ഇവയുടെ സ്ഥിതിയോ വിനിയോഗമോ സംബന്ധിച്ചുള്ള വിവരങ്ങളുടെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

വിശദ വിവരങ്ങൾ തുടർ ഖണ്ഡികകളിൽ ചേർത്തിട്ടുണ്ട്.

### 1-32-1 ജി.യു.പി.എസ്. കെട്ടിടം അറ്റകുറ്റപണി -തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്

പ്രൊജക്റ്റ് നം. 84/23 – ജി.യു.പി.എസ്. കെട്ടിടം അറ്റകുറ്റപണി

അടങ്കൽ - ₹1050000 -MG (NR)

ചെലവ് - ₹931544 (ബിൽ നം. 14/28.12.2022)

അളവു പുസ്തകം -7428/2022

കരാറുകാരൻ- ശ്രീ.അസ്കർ അലി

എഗ്രിമെന്റ് നം. - 2/17.8.2022

നിർവഹണ ഉദ്യോഗസ്ഥൻ -അസിസ്റ്റന്റ് എഞ്ചിനീയർ

പ്രസ്തുത പ്രവൃത്തിയിൽ നിലവിലുള്ള കെട്ടിടത്തിന്റെ മേൽക്കൂര ഷീറ്റ് മേഞ്ഞതിൽ കേടായ ഷീറ്റ് മാറ്റി പുതിയത് സ്ഥാപിക്കൽ, അനുബന്ധ പോസ്റ്റുകൾ, കഴുക്കോൽ, കേടായ പർലിൻ മുതലായവ മാറ്റി സ്ഥാപിക്കൽ, നിലം ടൈലിടൽ, പെയിന്റിംഗ്, മറ്റ് അനുബന്ധ പ്രവൃത്തികൾ ചെയ്യുന്നതിനാണ് തുക നൽകിയിരിക്കുന്നത് . ഈ പ്രവൃത്തിയിൽ ഇനം (1) പ്രകാരം പൊളിച്ച മാറ്റിയ Serviceable Materials സ്റ്റാക്ക ചെയ്യുന്നതിനാണ് തുക നൽകിയിരിക്കുന്നത്. എന്നാൽ ഇവയുടെ സ്ഥിതിയോ വിനിയോഗമോ സംബന്ധിച്ചുള്ള വിവരങ്ങളുടെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. വാല്യുവേഷൻ നടത്തിയിട്ടില്ല.

| ക്രമ നം. | ഇനം നം. | പൊളിച്ചുമാറ്റിയ ഇനം | അളവ് |
|---|---|---|---|
| 1 | 1 | 15.28.2-Dismantling Roofing Including Ridges, Hips, Velleys And Gutters Etc. And Stacking...................... | 243.960m2 |

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 18/24.1.204ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പൊളിച്ച മാറ്റിയ ഇനങ്ങൾ ലേലം ചെയ്തതിന്റെയും തുക മുനിസിപ്പാലിറ്റിയിൽ ഒടുക്കിയതിന്റെയും വിവരം അറിയിക്കേണ്ടതാണ്.

### 1-32-2 ജി.എൽ.പി.എസ്. വീരമംഗലം കെട്ടിടം നവീകരണം -തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്

പ്രൊജക്റ്റ് നം. 331/23 – ജി.എൽ.പി.എസ്. വീരമംഗലം കെട്ടിടം നവീകരണം

അടങ്കൽ - ₹400000 -MG (NR)

ചെലവ് - ₹311605 (ബിൽ നം. 69/29.3.2023)

അളവു പുസ്തകം -53323/2022

കരാറുകാരൻ- ശ്രീ.എ.മുഹമ്മദ്കുട്ടി

എഗ്രിമെന്റ് നം. - 135/12.2.2023

നിർവഹണ ഉദ്യോഗസ്ഥൻ -അസിസ്റ്റന്റ് എഞ്ചിനീയർ

പ്രസ്തുത പ്രവൃത്തിയിൽ നിലവിലുള്ള അടുക്കള കെട്ടിടത്തിന്റെ മേൽക്കൂര ഷീറ്റ് മേഞ്ഞതിൽ കേടായ ഷീറ്റ് മാറ്റി പുതിയത് സ്ഥാപിക്കൽ, അനുബന്ധ പോസ്റ്റുകൾ, കഴുക്കോൽ, കേടായ പർലിൻ മുതലായവ മാറ്റി സ്ഥാപിക്കൽ, കുടിവെള്ള സ്റ്റേഷൻ സ്ഥാപിക്കൽ, മറ്റ് അനുബന്ധപ്രവൃത്തികൾ ചെയ്യുന്നതിനാണ് തുക നൽകിയിരിക്കുന്നത് . ഈ പ്രവൃത്തിയിൽ ഇനം (1) പ്രകാരം പൊളിച്ച മാറ്റിയ Serviceable Materials സ്റ്റാക്ക ചെയ്യുന്നതിനാണ് തുക നൽകിയിരിക്കുന്നത്. എന്നാൽ ഇവയുടെ സ്ഥിതിയോ വിനിയോഗമോ സംബന്ധിച്ചുള്ള വിവരങ്ങളുടെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. വാല്യുവേഷൻ നടത്തിയിട്ടില്ല.

| ക്രമ നം. | ഇനം നം. | പൊളിച്ചുമാറ്റിയ ഇനം | അളവ് |
|---|---|---|---|
| 1 | 12 | 15.28.2-Dismantling Roofing Including Ridges, Hips, Velleys And Gutters Etc. And | 23.920m2 |

| | | | |
|---|---|---|---|
| | | Stacking........................ | |

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 18/24.1.204ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പൊളിച്ച മാറ്റിയ ഇനങ്ങൾ ലേലം ചെയ്തതിന്റെയും തുക മുനിസിപ്പാലിറ്റിയിൽ ഒടുക്കിയതിന്റെയും വിവരം അറിയിക്കേണ്ടതാണ്.

**1-33 സൈറ്റ് പരിശോധന നടത്താതെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നു**

പ്രൊ.നം. 58/23 -ഒലിയം താന്നിക്കുന്ന് റോഡ് സൈഡ് കെട്ടൽ, ടാറിംഗ്

അടങ്കൽ - 613915/- MG

-121085/- തനതു ഫണ്ട്

ആകെ -₹735000

====================

എഗ്രിമെന്റ് നം. 89/8.1.2022

കരാറുകാരൻ - ശ്രീ.ഇസ്മയിൽ.ഒ.

സൈറ്റ് കൈമാറിയത് - 10.1.2022

അളവു പുസ്തകം നം. 168/2021-2

ചെലവ് - ₹613915 (ബിൽ നം.31/18.3.2023)

-₹91557 (വൗച്ചർ നം.22201272/24.3.2023

ചെക്ക് നം.5029904/24.3.2023)

നിർവഹണ ഉദ്യോഗസ്ഥൻ -അസിസ്റ്റന്റ് എഞ്ചിനീയർ

ഒലിയം താന്നിക്കുന്ന് റോഡ് സൈഡ് കെട്ടൽ, ടാറിംഗ് എന്ന പ്രവൃത്തിയിൽ ഉൾപ്പെട്ട സൈഡ് കെട്ടൽ എന്ന ഇനം നടപ്പിലാക്കാൻ ആവശ്യമായ സ്ഥലം ലഭ്യമാകാത്ത സാഹചര്യത്തിൽ പ്രവൃത്തി ആരംഭിക്കാൻ കഴിഞ്ഞില്ലെന്നും സൈഡ് കെട്ടൽ പ്രവൃത്തി ഭാഗത്ത് വീതി കുറവായ കാരണവും റോഡ് ഉയർന്നു നിൽക്കുന്നതുമായ സാഹചര്യത്തിൽ സ്ഥലം ലഭ്യമായി പ്രവൃത്തി പൂർത്തീകരിച്ചശേഷം റീടാറിംഗ് പ്രവൃത്തി നടപ്പാക്കുന്നതാണ് നല്ലത് എന്നതിനാൽ 6മാസം സമയം അനുവദിക്കണമെന്ന് കരാറുകാരൻ ആവശ്യപ്പെട്ടിട്ടുണ്ട്. അതിൻപ്രകാരം 31.10.2022ലെ 15-ാം നം. കൗൺസിൽ തീരുമാനം പ്രകാരം 6മാസം ഡിസംബർ 2022 വരെ സമയം നീട്ടി നൽകിയിട്ടുണ്ട്. 21.1.2023 ന് പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

ഒരു പ്രവൃത്തിയ്ക്കായി ഡിറ്റേയിൽഡ് എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ പ്രവൃത്തി നടത്താനുദ്ദേശിക്കുന്ന സ്ഥലം വിശദമായി പരിശോധിച്ച വേണം എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടത്. ഈ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിരിക്കുന്നത്. മതിയായ സ്ഥല പരിശോധനകളോ പഠനങ്ങളോ ഇല്ലാതെ പദ്ധതികൾ ആസൂത്രണം ചെയ്യുകയും എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തതും അപാകതകൾക്ക് കാരണമാകുകയും പ്രവൃത്തി നീണ്ടു പോകുന്നതിന് ഇടയാക്കിയിട്ടുണ്ട്.

അപാകത സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം. 18/24.1.2024ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

**ഓഡിറ്റ് നിർദ്ദേശം**

. എസ്റ്റിമേറ്റുകൾ തയ്യാറാക്കുമ്പോൾ സ്ഥല പരിശോധന നടത്തേണ്ടതാണ്.

**1-34 റോഡ് ടാറിംഗ് പ്രവൃത്തികളുടെ അവസാന ബില്ലിൽ നിന്നും ടാർ ബാരലുകളുടെ വില കുറവു ചെയ്തില്ല**

പ്രൈസ് സോഫ്റ്റ്‌വെയർ മുഖേന തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്കുകൾ (With Packed Bitumin Rates) അനുസരിച്ചുള്ള ഫൈനൽ ബില്ലിൽ നിന്നും ബിറ്റുമിൻ ബാരൽ വില കുറവു ചെയ്തതിനു ശേഷമാണ് കരാറുകാരന് തുക നൽകേണ്ടത്. കാലി ബാരൽ ഒന്നിന് 238 രൂപയും 18% GST ഉൾപ്പടെ ആകെ 281 രൂപ ഈടാക്കേണ്ടതായിരുന്നു. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളുടെ അവസാന ബില്ലിൽ നിന്നും ബാരൽ വില ഈടാക്കിയിട്ടില്ല.

| ക്രമ നം. | പ്രവൃത്തി, അളവു പുസ്തകം | ബിൽ നം., തിയതി തുക (രൂപ) | ടാറിന്റെ ഇനം, ഉപയോഗിച്ച അളവ് (Kg) | ബാരലിന്റെ എണ്ണം |
|---|---|---|---|---|
| 1 | 58/23 -ഒലിയം താന്നിക്കുന്ന് റോഡ് സൈഡ് കെട്ടൽ, ടാറിംഗ് | ബിൽ നം. 31/18.3.2023 ചെലവ്: - | RS1- 83.56<br>VG 30 – 794.14 | 0.46<br>5.09<br>6 Barrel |

| | | | | |
|---|---|---|---|---|
| | അടങ്കൽ - 613915/- MG®<br>-121085/- തനതു ഫണ്ട്<br>ആകെ -₹735000<br>കരാറുകാരൻ - ശ്രീ.ഇസ്മയിൽ.ഒ.<br>എഗ്രിമെന്റ് നം. 89/8.1.2022<br>അളവു പുസ്തകം - 644/18-19 | 613915<br>വൌച്ചർ നം. 22201272/ 24.3.2023<br>ചെക്ക് നം. 5029904/ 24.3.2023<br>ചെലവ്: - 91557 | | |
| | ബാരലിന്റെ വില - 6x281 = ₹1686 (1383 + 303 – GST) | | | |
| | ആകെ ബാരലിന്റെ വില = ₹1686 (1383 + 303 – GST) | | | |

ബാരലിന്റെ വിലയായ ₹1383 ഉം GST ₹303 യും കൂടി ആകെ ₹1686 കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി ഒടുക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. 18/24.1.2024ന് മറുപടി ലഭ്യമാക്കിയില്ല.

തുടർനടപടികൾ സ്വീകരിച്ച് വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

വിശദ വിവരം ഭാഗം 3-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**1-35 റോഡ് കണക്ടിവിറ്റി മാപ് തയ്യാറാക്കൽ -പ്രവൃത്തി പൂർത്തിയാക്കേണ്ടതാണ്**

77/23-റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ

അടങ്കൽ - 100000 (തനതു ഫണ്ട്)

ചെലവ് - ₹40700/- (വൌച്ചർ നം.22200297/24.6.2022,

ചെക്ക് നം.722344/24.6.2022)

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതിനായി കൌൺസിൽ തീരുമാനം 29 /1.6.2022 പ്രകാരം ശ്രീ.മുഹമ്മദ് അവാസ്.ഇ.പി, അനന്തു വി.എസ്. എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

₹40700 ശ്രീ.മുഹമ്മദ് അവാസ്.ഇ.പി.യ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു നൽകിയിട്ടുണ്ട് (അക്കൗണ്ട് നം.6723753203 - SBI)

റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്ന പ്രവർത്തനത്തിന്റെ പുരോഗതി അറിയിക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നം. 18/24.1.2024ന് മറുപടി ലഭ്യമാക്കിയിട്ടില്ല. റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ പ്രവൃത്തി പൂർത്തിയാക്കേണ്ടതാണ്.

**1-36 പുതിയ ബസ് സ്റ്റാന്റ് നിർമ്മാണം -പ്രവർത്തനക്ഷമമാക്കേണ്ടതാണ്**

1. പ്രൊജക്ട് നം. 67/23 – പുതിയ ബസ് സ്റ്റാന്റ് നിർമ്മാണം
അടങ്കൽ - ₹76832 -CFC
₹2951005 -തനത് ഫണ്ട്

ആകെ -3027837

================

ചെലവ് -₹94667 -സാങ്ഷൻ ഓർഡർ നം.209/11.1.2023

₹2856338 -സാങ്ഷൻ ഓർഡർ നം.395/24.3.2023

₹623168 -സാങ്ഷൻ ഓർഡർ നം.560/30.3.2023

അളവു പുസ്തകം -132/21-22, 162/21-

കരാറുകാരൻ- ശ്രീ.ലിയാക്കത്തലി

എഗ്രിമെന്റ് നം. - 87/8.1.2022

നിർവഹണ ഉദ്യോഗസ്ഥൻ -അസിസ്റ്റന്റ് എഞ്ചിനീയർ

2. പ്രൊജക്റ്റ് നം. 423/23 – പുതിയ ബസ് സ്റ്റാന്റ് പൂർത്തീകരണം

അടങ്കൽ - ₹1145723 -Plan(Gen)

₹105262 – CFC

₹1349015 -തനത് ഫണ്ട്

ആകെ -2600000

==============

ചെലവ് -₹1349015 -സാങ്ഷൻ ഓർഡർ നം. 506/31.3.2023

അളവു പുസ്തകം -989/2023

കരാറുകാരൻ- ശ്രീ.ലിയാക്കത്തലി

എഗ്രിമെന്റ് നം. - 159/28.2.2023

3. പ്രൊജക്റ്റ് നം. 287/23 – ബസ് സ്റ്റാന്റ് ഡ്രൈനേജ്

അടങ്കൽ - ₹1850000 -Plan(CFC)

ചെലവ് -₹1446418 -സാങ്ഷൻ ഓർഡർ നം. 285/7.3.2023

അളവു പുസ്തകം -2471/2022

കരാറുകാരൻ- ശ്രീ.രവീന്ദ്രൻ

എഗ്രിമെന്റ് നം. - 20/28.10.2022

പുത്തനാൽക്കൽ എന്ന സ്ഥലത്ത് ബസ് സ്റ്റാന്റ് നിർമ്മിക്കുന്നതിനായി ക്രമനം (1) പ്രകാരമുള്ള പ്രവൃത്തിയിൽ ബസ് സ്റ്റാന്റ് സ്ട്രക്ചർ വർക്കും ക്രമ നം. (2) പ്രകാരം പൂർത്തീകരണവും (3) പ്രകാരം ഡ്രൈനേജ് നിർമ്മാണവുമാണ് നിർവഹിച്ചിരിക്കുന്നത്. 13.7.2023ന് ബസ് സ്റ്റാന്റ് ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി ഉദ്ഘാടനം നിർവഹിച്ചിട്ടുണ്ട്. 27.7.2023ന് ബസ് സ്റ്റാന്റ് തുറന്നു കൊടുക്കുന്നതിനുള്ള അനുമതിക്കായി RTO, ഒറ്റപ്പാലത്തിന് കത്ത് അയക്കുകയും 14.8.2023ന് RTO, ഒറ്റപ്പാലം അനുമതി പാലക്കാട് ആർ.ടി. അതോറിറ്റിയിൽ നിന്നാണ് ലഭ്യമാക്കേണ്ടത് എന്ന് അറിയിക്കുകയും ചെയ്തു. തുടർന്ന് J1/554523/2023/P Dt, 18.8.2023കത്ത് പ്രകാരം സെക്രട്ടറി, പാലക്കാട് ആർ.ടി. അതോറിറ്റി KMV Rules 1989 Rules 207, 344 (2), (3),(4)-ൽ നിർദ്ദേശിച്ച പ്രകാരമുള്ള നിബന്ധനകൾ പാലിച്ചിട്ടാണോ ബസ് സ്റ്റാന്റ് നിർമ്മിച്ചിരിക്കുന്നത് എന്നതു സംബന്ധിച്ച ഒരു വിശദമായ റിപ്പോർട്ട് ലഭ്യമാക്കാൻ ജോയിന്റ് ആർടിഒ, ഒറ്റപ്പാലത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ ജില്ലാ പോലീസ് മേധാവി, പാലക്കാട്, എക്സിക്യൂട്ടീവ് എഞ്ചിനീയർ, PWD Division, പാലക്കാട് എന്നിവരിൽ നിന്നും നോൺ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റും ആവശ്യപ്പെട്ടിട്ടുണ്ട്. 14.11.2023ന് കളക്ടറേറ്റിൽ ബസ് സ്റ്റാന്റിന്റെ അനുമതിയും ബസുകളുടെ വരവും പോക്കും നിയന്ത്രിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾക്കുമായി ഒരു മീറ്റിംഗ് കൂടുവാൻ സെക്രട്ടറി, പാലക്കാട് ആർ.ടി. അതോറിറ്റി നിർദ്ദേശിച്ചിട്ടുണ്ട്. 22.1.2024ന് സ്ഥല പരിശോധന നടത്തിയതിൽ ബസ് സ്റ്റാന്റിലേക്ക് കയറി പോകുന്നതിനും ഇറങ്ങി വരുന്നതിനും ഒരു വഴി മാത്രമാണ് ഉള്ളത്. അഞ്ച് ബസ് നിർത്തിയിടുന്നതിനുള്ള സൌകര്യമാണ് പണിതിട്ടുള്ളത്. സ്ത്രീകൾക്കും പുരുഷൻമാർക്കും ടോയ്‌ലറ്റുകൾ പണിതിട്ടുണ്ട്. നിലവിൽ ബസ് പാർക്ക് ചെയ്യാനുള്ള സ്ഥലമായിട്ടാണ് ബസ് സ്റ്റാന്റ് ഉപയോഗിക്കുന്നത്.



ബസ് സ്റ്റാന്റ്

ബസ് സ്റ്റാന്റ് പ്രവർത്തനക്ഷമമാക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നം. 23/25.1.2024ന് മറുപടി ലഭ്യമാക്കിയില്ല. 25.1.2024ന് നടത്തിയ എക്സിറ്റ് മീറ്റിംഗിൽ കിണറിന് സ്ലാബിടാനുള്ള പ്രവൃത്തി ബാക്കിയുണ്ടെന്നും ബാക്കി പ്രവർത്തനങ്ങൾക്ക് ഒരു പ്രോജക്ട് വച്ച് ബസ് സ്റ്റാന്റ് പ്രവർത്തനക്ഷമമാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്നും ബഹു. ചെയർമാൻ അറിയിച്ചിട്ടുണ്ട്. ബസ് സ്റ്റാന്റ് പ്രവർത്തനക്ഷമമാക്കി വിവരം അറിയിക്കേണ്ടതാണ്.

**1-37 ആർആർഎഫ് കെട്ടിടം -പ്രവർത്തനക്ഷമമാക്കേണ്ടതാണ്**

പ്രൊജക്ട് നം. 379/23 – ആർആർഎഫ് വിപുലീകരണം

അടങ്കൽ - ₹1138717-CFC

₹1225000 -ശുചിത്വ മിഷൻ ഫണ്ട്

₹815500 -സംസ്ഥാനാവിഷ്കൃതം

₹320783 -തനത് ഫണ്ട്

ആകെ ₹3500000

===================

ചെലവ് -₹1225000 -സാങ്ഷൻ ഓർഡർ നം.200/4.1.2023

₹723216 -സാങ്ഷൻ ഓർഡർ നം. 201/4.1.2023

₹125070 -സാങ്ഷൻ ഓർഡർ നം.67/23.5.2023

₹1138717 -സാങ്ഷൻ ഓർഡർ നം. 66/23.5.2023

അളവു പുസ്തകം -163/2021-22, 164/2021-22

കരാറുകാരൻ- ശ്രീ.അബ്ദുൾ നാസർ.കെ.

എഗ്രിമെന്റ് നം. - 143/23.3.2022

നിർവഹണ ഉദ്യോഗസ്ഥൻ -അസിസ്റ്റന്റ് എഞ്ചിനീയർ

26-ാം വാർഡിൽ കാവ്വട്ടം എന്ന സ്ഥലത്ത് എം.സി.എഫ് കെട്ടിടത്തിന് അടുത്തായി ആർ.ആർ.എഫ് കെട്ടിടത്തിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ടെങ്കിലും പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല. ആർ.ആർ.എഫ്. കെട്ടിടം സ്ട്രക്ചർ നിർമ്മിക്കുന്നതിനാണ് പ്രൊജക്റ്റിൽ വകയിരുത്തിയിരിക്കുന്നത്. 22.1.2024ന് സ്ഥല പരിശോധന നടത്തിയതിൽ കെട്ടിടം പണി പൂർത്തിയാകാത്തതായി കണ്ടു.




**RRF കെട്ടിടം**

കെട്ടിടം പ്രവർത്തനക്ഷമമാക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നം.23/25.1.2024ന് മറുപടി ലഭ്യമാക്കിയില്ല. തുടർ നടപടികൾ സ്വീകരിച്ച് RRF കെട്ടിടം പ്രവർത്തനക്ഷമമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 റോഡ് ടാറിംഗ് പ്രവൃത്തികളുടെ അവസാന ബില്ലിൽ നിന്നും ടാർ ബാരലുകളുടെ വില കുറവു ചെയ്തില്ല

പ്രൈസ് സോഫ്റ്റ്‌വെയർ മുഖേന തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്കുകൾ (With Packed Bitumin Rates) അനുസരിച്ചുള്ള ഫൈനൽ ബില്ലിൽ നിന്നും ബിറ്റുമിൻ ബാരൽ വില കുറവു ചെയ്തതിനു ശേഷമാണ് കരാറുകാരന് തുക നൽകേണ്ടത്. കാലി ബാരൽ ഒന്നിന് 238 രൂപയും 18% GST ഉൾപ്പടെ ആകെ 281 രൂപ ഈടാക്കേണ്ടതായിരുന്നു. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളുടെ അവസാന ബില്ലിൽ നിന്നും ബാരൽ വില ഈടാക്കിയിട്ടില്ല.

| ക്രമ നം. | പ്രവൃത്തി, അളവു പുസ്തകം | ബിൽ നം., തിയതി തുക (രൂപ) | ടാറിന്റെ ഇനം, ഉപയോഗിച്ച അളവ് (Kg) | ബാരലിന്റെ എണ്ണം |
|---|---|---|---|---|
| 1 | 58/23 -ഒലിയം താന്നിക്കുന്ന് റോഡ് സൈഡ് കെട്ടൽ, ടാറിംഗ്<br>അടങ്കൽ - 613915/- MG®<br>-121085/- തനതു ഫണ്ട്<br>ആകെ - ₹735000<br>കരാറുകാരൻ - ശ്രീ.ഇസ്മയിൽ.ഒ.<br>എഗ്രിമെന്റ് നം. 89/8.1.2022<br>അളവു പുസ്തകം - 644/18-19 | ബിൽ നം. 31/18.3.2023<br>ചെലവ്: - 613915<br>വൌച്ചർ നം. 22201272/24.3.2023<br>ചെക്ക് നം. 5029904/24.3.2023<br>ചെലവ്: - 91557 | RS1- 83.56<br>VG 30 – 794.14 | 0.46<br>5.09<br>6 Barrel |
| | ബാരലിന്റെ വില - 6x281 = ₹1686 (1383 + 303 – GST) | | | |
| | ആകെ ബാരലിന്റെ വില = ₹1686 (1383 + 303 – GST) | | | |

ബാരലിന്റെ വിലയായ ₹1383 ഉം GST ₹303 യും കൂടി ആകെ ₹1686 കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി ഒടുക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. 18/24.1.2024ന് മറുപടി ലഭ്യമാക്കിയില്ല.

തുടർനടപടികൾ സ്വീകരിച്ച് വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
|---|---|---|
| 2022-23 | 8-1-2024 മുതൽ 25-1-2024 വരെ | ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം -1 ആയി ചേർത്തിട്ടുണ്ട്. |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഒന്നുമില്ല.

### 4-3 ഡെപ്പോസിറ്റ് പ്രവർത്തികൾകായി തുക നല്കിയത്

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ | പ്രവൃത്തിയുടെ | വൗച്ചർ | മുൻകൂർ | ചെലവഴിച്ച | ചെലവഴിക്കാൻ |
|---|---|---|---|---|---|

| ഏജൻസി | പേര് | നമ്പർ/ ചെക്ക് നം. | നൽകിയ തുക | തുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 105/23-കുടിവെള്ള വിതരണ പൈപ്പ് ലൈൻ നീട്ടുന്നതിന് വാട്ടർ അതോറിറ്റിയ്ക്ക് തുക നൽകൽ | വൗച്ചർ നം 22201223/ 20.3.2023- | 2490000 | 0 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |

തുക ഡെപ്പോസിറ്റ് ചെയ്തത് വാർഷിക കണക്കിലെ Advance To Implementing Agencies എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

### 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം നഗരസഭയ്ക്ക് വായ്പയിനത്തിൽ വരവില്ല. ബാലൻസ് തുക ഒന്നും വിനിയോഗിക്കാൻ അവശേഷിക്കുന്നില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC ലോൺ | ലഭ്യമല്ല | 0 | 74457466 | 6133334 | 0 | 68324132 |

ലോൺ തിരിച്ചടവ്, അടവാക്കേണ്ട തുക എന്നിവ വാർഷിക കണക്കിൽ തെറ്റായാണ് ചേർത്തിരിക്കുന്നത്. 21-22ലെ തിരിച്ചടക്കാൻ ബാക്കിയുള്ള തുക 73600000 രൂപയാണ് 22-23ലും തിരിച്ചടക്കേണ്ട തുകയായി ചേർത്തിരിക്കുന്നത്. തൻവർഷം ലോൺ തിരിച്ചടവിനായി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത തുക 6133334 രൂപ തിരിച്ചടച്ചതായി വാർഷിക കണക്കിൽ ചേർത്തിട്ടില്ല.

2018-19ൽ ലോണെടുത്തതു മുതലുള്ള കണക്കുകൾ കാലികമാക്കി തയ്യാറാക്കിയ ലോൺ രജിസ്റ്റർ പ്രകാരമുള്ള തുകയാണ് പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

### 4-6 സ്ഥിര നിക്ഷേപം

ഒന്നുമില്ല.

### 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവില്ല. ഓഡിറ്റ് റിക്കവറി ഹെഡിൽ വരവ് കാണിച്ചിരിക്കുന്ന തുക EPF ഒടുക്കുന്നതിന് കാലതാമസം വരുത്തിയതിന് സെക്ഷൻ ക്ലാർക്ക് ശ്രീമതി സ്വർണ്ണ രാജനിൽ നിന്നും പിഴയിനത്തിൽ ഈടാക്കിയ ₹1798/- ആണ്.

### 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ചെർപ്പുളശ്ശേരി ഗ്രാമപഞ്ചായത്ത് നിലവിലുണ്ടായിരുന്ന സമയത്ത് 2005-06 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിരുന്ന പരാമർശങ്ങൾ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി 9-5-2018 ന്

പരിഗണിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ/ ശുപാർശ |
|---|---|---|---|---|---|
| 1999-00 | 3.25 | 2005-06 | 2.54.1 | സർക്കാർ മാനദണ്ഡം പാലിക്കാതെ സബ്സിഡി | വെറ്റി.സർജ്ജൻ ഡോ. ശശികലാദേവി ബഹു. ഹൈക്കോടതിയിൽ നൽകിയ കേസ് ത്വരിതപ്പെടുത്തി കോടതി വിധി പ്രകാരം നടപടികൾ സ്വീകരിക്കേണ്ടതാണ്. (2014-16, 35th Report Pg-23 Para 44) |
| 2000-01 | 3-24 | 2005-06 | 2.54.2 | മാനവീയം വിഷ്വൽ ഡോക്യുമെന്ററി ലക്ഷ്യം നേടിയില്ല | സർക്കാർ സാധൂകരണം ലഭ്യമാക്കാത്ത പക്ഷം ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്ന് തുക ഈടാക്കണം. (2014-16, 35th Report Pg-24 Para 46) |
| 1999-00 | 3-22 | 2005-06 | 2.54.3 | ഡ്രൈനേജ് സെപ്റ്റിക് ടാങ്ക് നിർമ്മാണം പരിധി ലംഘിച്ച് ടെണ്ടർ അധികം | ടെണ്ടർ അധികം അനുവദിച്ചത് ഒഴിവാക്കി. ഈടാക്കേണ്ടത് വിൽപ്പന നികുതി - 27840/- എക്സ്ട്രാ ഐറ്റം വേലകൾക്ക് നൽകിയ ടെണ്ടർ അധികം - 82228/- ഫൈൻ - 48000/- എന്നിവ ഈടാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്. (2014-16, 35th Report Page- 26, 27 Para 51,52,53) |
| 2000-01 | 3-22 | 2005-06 | 2.54.4 | വട്ടി, കൊട്ട, പനമ്പ് നിർമ്മാണം ധനസഹായമാക്കി | ഉദ്യോഗസ്ഥർക്കെതിരെ വകുപ്പ് തല നടപടി സ്വീകരിച്ച് അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്. (2014-16,35th Report Pg-28 Para 57) |

| | | | | | |
|---|---|---|---|---|---|
| --- | --- | 2013-14 | 5.2 | പ്രത്യേക റിപ്പോർട്ട്- വിദ്യാഭ്യാസ മേഖല | സിറ്റിംഗ് നടന്നിട്ടില്ല |
| --- | --- | 2013-14 | 5.3 | പ്രത്യേക റിപ്പോർട്ട് - വ്യവസായ തൊഴിൽ സംരംഭങ്ങൾ | സിറ്റിംഗ് നടന്നിട്ടില്ല |
| --- | --- | 2015-16 | 5.2 | ഗ്രാമപഞ്ചായത്തുകളിലെ കമ്പ്യൂട്ടർവൽക്കരണം- ജില്ലാതല വിഷയാധിഷ്ഠിത അവലോകനം | സിറ്റിംഗ് നടന്നിട്ടില്ല |
| 2014-15 | 2-1 | 2016-17 | അനുബന്ധം-4 - | തൊഴിൽ നികുതി | സിറ്റിംഗ് നടന്നിട്ടില്ല |
| 2015-16 | 2-1 | 2016-17 | അനുബന്ധം-5 | തൊഴിൽ നികുതി | സിറ്റിംഗ് നടന്നിട്ടില്ല |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഒന്നുമില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | ₹178707945 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹169973421 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ₹1686 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹1380382 |

(ബി). നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 1686 | ശ്രീ .ഹരികൃഷ്ണൻ അസി.എഞ്ചിനീയർ |
| ആകെ | | 1686 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 27935 | ശ്രീമതി സീന.എച്ച് സെക്രട്ടറി |
| 1-23 | 97240 | ശ്രീമതി.പ്രിയ. വി.ടി സെക്രട്ടറി |
| 1-24 | 358040 | അനിൽ.കെ.ജി, ഹെൽത്ത് ഓഫീസർ |
| 1-26 | 50000 | ശ്രീമതി.ചിത്ര ഭാസ്കർ ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-29 | 757500 | നാസർ.സി.എ, ഹെൽത്ത് ഓഫീസർ |
| 1-30 | 89667 | ശ്രീ.നജ്മം.ജെ.എ. ഹെൽത്ത് ഓഫീസർ |
| ആകെ | 1380382 | |

ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-30 | 34928 | നജ്മം.ജെ.എ. ഹെൽത്ത് ഓഫീസർ |
| ആകെ | 34928 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക 3-1 -₹303

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.പ്രിയ.വി.ടി, സെക്രട്ടറി | സെക്രട്ടറി ചെർപ്പുളശ്ശേരി നഗരസഭ | വാലൻതറയിൽ (ഹൗസ്), കാഞ്ഞിരമുക്ക്, മലപ്പുറം. |
| ശ്രീമതി സീന.എച്ച് സെക്രട്ടറി | സെക്രട്ടറി, വളാഞ്ചേരി നഗരസഭ, മലപ്പുറം | ആശാനിലയം, ഗണേഷ്ഗിരി, ഷൊർണ്ണൂർ, പാലക്കാട്. |
| ശ്രീമതി.ചിത്രാ ഭാസ്കർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ ചെർപ്പുളശ്ശേരി നഗരസഭ | മണിയൻ ഹൗസ്, പെരിങ്ങൽകുത്ത് (പി.ഒ), ആതിരപ്പിള്ളി, തൃശ്ശൂർ |
| ശ്രീ.ശ്രീ.നജ്മം.ജെ.എ. ഹെൽത്ത് ഓഫീസർ | ക്ലീൻ സിറ്റി മാനേജർ, മഞ്ചേരി മുനിസിപ്പാലിറ്റി | സാരുൾ ജബീൻ, മേലാറ്റൂർ പി.ഒ, മലപ്പുറം |
| ശ്രീ.പി.ഹരികൃഷ്ണൻ, അസിസ്റ്റന്റ് എഞ്ചിനീയർ | അസി. എഞ്ചിനീയർ, പൂക്കോട്ട്കാവ് ഗ്രാമപഞ്ചായത്ത്, പാലക്കാട് | അഷ്ടപദി, ഹോസ്പിറ്റൽ ജംഗ്ഷൻ, കടമ്പഴിപ്പുറം (പി.ഒ), പാലക്കാട് -678 633 |
| ശ്രീ.അനിൽ.കെ.ജി, ഹെൽത്ത് ഓഫീസർ | ക്ലീൻ സിറ്റി മാനേജർ, ഇരിങ്ങാലക്കുട മുനിസിപ്പാലിറ്റി | കളപ്പുരക്കൽ ഹൗസ്, ഇരിങ്ങാലക്കുട നോർത്ത്, തൃശ്ശൂർ – 680125 |
| ശ്രീ.നാസർ.സി.എ ഹെൽത്ത് ഓഫീസർ | ക്ലീൻ സിറ്റി മാനേജർ, പറവൂർ മുനിസിപ്പാലിറ്റി | ചക്കിയാണികുന്നേൽ ഹൗസ്, ഈരാറ്റുപേട്ട, കോട്ടയം |

**4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ**

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ നമ്പർ | അവസാന കത്തിന്റെ വിവരം |
|---|---|---|
| 1996-97 | എൽ എഫ് പി 11-667/01/11.07.01 | ഫർദർറിമാർക്സ് |
| 1997-98 | എൽ എഫ് പി 12-1512/09/23.08.11 | ഫർദർ റിമാർക്സ് |
| 1999-00 | എൽ എഫ് പി 8-843/04/3.12.2004 | ഫർദർ റിമാർക്സ് |
| 2000-01 | എൽ എഫ് പി 12-1016/06/8.04.14 | ഫർദർ റിമാർക്സ് |
| 2001-02 | എൽ എഫ് പി 12-85/10/28.10.10 | ഫർദർ റിമാർക്സ് |
| 2002-03 | എൽ എഫ് പി 12-662/11/7.06.11 | ശുദ്ധിപത്രം |
| 2003-04 | എൽ എഫ് പി 8- 507/09/11.05.10 | ഫർദർ റിമാർക്സ് |
| 2004-05 | എൽ എഫ് പി 12-534/11/14.05.12 | ഫർദർ റിമാർക്സ് |
| 2005-06 | എൽ എഫ് പി 12-534/11/14.05.12 | ഫർദർ റിമാർക്സ് |
| 2006-07 | എൽ എഫ് പി 12-534/11/14.05.12 | ഫർദർ റിമാർക്സ് |
| 2007-08 | എൽ എഫ് പി 12-1726/12/3.04.13 | ഫർദർ റിമാർക്സ് |
| 2008-09 | എൽ എഫ് പി 12-1726/12/3.04.13 | ഫർദർ റിമാർക്സ് |
| 2009-10 | എൽ എഫ് പി 12-1518/13/19.03.14 | ഫർദർ റിമാർക്സ് |
| 2010-11 | എൽ എഫ് പി 12-1518/13/19.03.14 | ഫർദർ റിമാർക്സ് |
| 2011-12 | എൽ എഫ് പി 12-2362/14/15.05.15 | ഫർദർ റിമാർക്സ് |
| 2012-13 | എൽ എഫ് പി 12-227/15/07.06.15 | ഓഡിറ്റ് റിപ്പോർട്ട് |
| 2013-14 2014-15 | നം.എൽ.എഫ്. കെ.എസ്.എ-പികെഡി. 12/42/2016/21-3-16 | ഓഡിറ്റ് റിപ്പോർട്ട് |
| 2015-16 | നം.കെ.എസ്.എ-പികെഡി. 12/134/2017/4-4-2018 | ഫർദർ റിമാർക്സ് |
| 2016-17 | നം.കെ.എസ്.എ-പികെഡി. 22/2039/2017/4-8-2018 | ഫർദർ റിപ്പോർട്ട് |
| 2017-18 | കെ.എസ്.എ-പികെഡി.22/641/2019 തിയ്യതി : 17.05.2019 | മുഴുവൻ ഖണ്ഡികകളും |
| 2018-19 | 22/514/2020 തിയ്യതി : 4.6.2020 | മുഴുവൻ ഖണ്ഡികകളും |
| 2019-20 | കെ.എസ് . എ. പി.കെ.ഡി. 22/1785/21തിയ്യതി : 18.06.2022 | മുഴുവൻ ഖണ്ഡികകളും |
| 2020-21 | കെ.എസ്.എ-പി.കെ.ഡി-22/1661/22 തിയ്യതി-30-07-2022 | മുഴുവൻ ഖണ്ഡികകളും |
| 2021-22 | കെ.എസ്.എ-പി.കെ.ഡി.പി22/510/2023 തിയ്യതി, 12/04/2023 | മുഴുവൻ ഖണ്ഡികകളും |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 24-07-2023 and submitted on 25-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Cherpulassery Municipality as per section 295(4) of Kerala Municipality act 1994, Kerala Municipality (Accounts) rules 2007, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the ULB's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of Local Bodies issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Cherpulassery Municipality for the year 2022-2023

**Date: 09/02/2024**

**Senior Deputy Director**
**District Office Palakkad**
**Kerala State Audit Department**

# Audit Report appended to the Audit Certificate of Cherpulassery Municipality for the Year 2022-2023 .

**1.Major Observations**

1.Receipts, payment and Closing balance of RMSA fund and treasury account for AUEGS not accounted in AFS.

2. The amount given to KWA for deposit work not included in AFS under the head Advance to implementing agencies

3. The street tap water charge arrear amount to be paid to KWA not included as liability in AFS

**2.Other Observations**

1. The amount deducted from source for KURDFC loan and Anganwadi workers not included in current year expenses in AFS

2.The social security pension expenditure not included in AFS

3. a) Passbook balance is taken as the closing balance instead of Bankbook balance

b). There is marked error in accounting the closing balance of certain accounts as the CB does not agree with bankbook and passbook.

4. Loan amount to be remitted is not updated in the AFS. It is same as previous year balance.

5. The interest received for health grant not included in balance sheet along with the unspent balance.

6. The EFMS amount for AUEGS not included in AFS. Only interest amount included in receipts for administrative expenses.

7.Advance register and Deposit register not updated

8.Separate ACR not maintained for specific purpose grants

9.There is an amount of 1574176 rupees as unutilised beneficiary Contribution .
The amount must be returned to respective beneficiaries if there is no prospect of using it

10. The expenditure amount of Development fund(SCP) in AFS and expenditure statement do not match
11.Inoperative accounts not closed

12.The 1-17(a) schedule included in the abstract of income and expenditure statement not included in AFS(both hard copy and soft copy)

13.CFC grant (tied and untied) expenditure not correctly accounted. The balance amount in closing balance, B-4 schedule and ledger do not agree.

14.Asset Register not updated

## അനുബന്ധം–2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റിയുടെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**അനുബന്ധം-3**

**വാർഷിക കണക്ക്-പത്രികകൾ-സംക്ഷിപ്തം**

| | | | |
|---|---|---|---|
| | **Cherpulassery Municipality RECEIPT & PAYMENT STATEMENT** | | |
| | For the period from 01-April-2022 to 31-March-2023 | | |
| Code.No | Description of Items | Schedule No | Amount |
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 38742557.00 |
| Cash | Cash | RP-40(a) | 3386054.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 3986599.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | RP-2 | 12000.00 |
| 130000000 | Rental income from Panchayat Properties | RP-3 | 16700.00 |
| 140000000 | Fees & User Charges | RP-4 | 3208076.00 |
| 150000000 | Sale & Hire Charges | RP-5 | 602907.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-6 | 76099671.00 |
| 171000000 | Interest Earned | RP-8 | 1033500.00 |
| 180000000 | Other Income | RP-9 | 805088.00 |
| 431000000 | Sundry Debtors (Receivables) | RP-37 | 47767254.00 |
| | **Non Operating** | | |
| 311000000 | Earmarked Funds | RP-22 | 48398.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-24 | 42274050.00 |
| 340000000 | Deposits Received | RP-27 | 83600.00 |
| 350000000 | Other Liabilities | RP-29 | 2575974.00 |
| 460000000 | Loans, Advances and Deposits | RP-41 | 194128.00 |
| | **Grand total** | | **220836556.00** |
| | **PAYMENTS** | | |
| | **Operating** | | |
| 210000000 | Establishment Expenses | RP-10 | 9989107.00 |
| 220000000 | Administrative Expenses | RP-11 | 6632284.00 |
| 230000000 | Operations & Maintenance | RP-12 | 4670403.00 |
| 240000000 | Interest & Finance Charges | RP-13 | 6783.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-14 | 52540066.00 |
| 251000000 | Decentralised Plan Programme- Service Sector | RP-45 | 23047871.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-46 | 15706833.00 |
| 253000000 | Decentralised Plan Programme- Projects not included in | RP-47 | 4880860.00 |
| | Sector Division | | |
| 260000000 | Grants, Contributions and Compensations from Own Fund | RP-15 | 108200.00 |
| 341000000 | Deposit Works | RP-28 | 0.0 |
| 350000000 | Other Liabilities | RP-29 | 7795296.00 |
| 430000000 | Stock-in-hand | RP-36 | 47772.00 |
| 431000000 | Sundry Debtors (Receivables) | RP-37 | 4462002.00 |
| | **Non Operating** | | |
| 311000000 | Earmarked Funds | RP-22 | 5.00 |
| 340000000 | Deposits Received | RP-27 | 79437.00 |
| 350000000 | Other Liabilities | RP-29 | 35698179.00 |
| 410000000 | Fixed Assets | RP-31 | 2348772.00 |
| 412000000 | Capital work in Progress | RP-33 | 1173303.00 |
| 460000000 | Loans, Advances and Deposits | RP-41 | 786248.00 |
| | **Closing Balance** | | |

| | | | |
|---|---|---|---|
| Bank | Bank | RP-40(b) | 49519797.00 |
| Cash | Cash | RP-40(b) | 1343338.00 |
| | **Grand Total** | | **220836556.00** |

**Cherpulassery Municipality INCOME & EXPENDITURE STATEMENT**

For the period from 01-April-2022 to 31-March-2023

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 38609099.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 12027.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 3586544.00 |
| 140000000 | Fee & User Charges | I-4(b) | 4901211.00 |
| 150000000 | Sale & Hire Charges | I-5(b) | 602907.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 101643338.00 |
| 171000000 | Interest Earned | I-8 | 1033500.00 |
| 180000000 | Other Income | I-9 | 872047.00 |
| | **Total Income** | | **151260673.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10(b) | 23562949.00 |
| 220000000 | Administrative Expenses | I-11(b) | 44066735.00 |
| 230000000 | Operations & Maintenance | I-12(b) | 5779015.00 |
| 240000000 | Interest & Finance Charges | I-13 | 6783.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 53238757.00 |
| 251000000 | Decentralised Plan Programme-Service Sector | I-14 | 24841512.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14 | 15732035.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14 | 4880860.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 108200.00 |
| 272000000 | Depreciation | I-17(a) | 13552007.00 |
| | **Total Expenditure** | | **185768853.00** |
| | **Gross Surplus / Deficit of income over Expenditure** | | **-34508180.00** |
| 280000000 | Prior Period Item / Transfer to Reserve Funds(ILGMS) | I-18 | -19328805.00 |
| | **Net difference (Prior period Income - Prior period Expenditure)** | | **-15179375.00** |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18(a) | 0.0 |

**Cherpulassery Municipality BALANCE SHEET**

As on 31-March-2023

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 68574205.90 |
| 311000000 | Earmarked Funds - Special Funds/ Sinking Fund/Trust or Agency Fund | B-2 | 529625.00 |
| 312000000 | Reserves | B-3 | 97373468.00 |
| | **Total Reserve & Surplus** | | **166477298.90** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 32425482.00 |

| | | | |
|---|---|---|---|
| | **Total Grants, Contributions for Specific Purposes** | | **32425482.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 73600000.00 |
| | **Total Loans** | | **73600000.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 2652436.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 39914335.00 |
| 360000000 | Provisions | B-10 | 0.0 |
| | **Total Current Liabilities and Provisions** | | **42566771.00** |
| | **TOTAL LIABILITIES** | | **315069551.90** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 168344335.00 |
| 411000000 | Accumulated Depreciation | B-11 | -37494046.00 |
| 412000000 | Capital Work in Progress | B-11 | 4066372.00 |
| | **Total Fixed Assets** | | **134916661.00** |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 0.0 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | **Total Investments** | | **0.0** |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 105272.00 |
| 431000000 | Sundry Debtors (Receivables) | B-15 | 49125597.90 |
| 440000000 | Pre-paid Expenses | B-16 | 73600000.00 |
| 450000000 | Cash and Bank Balance | B-17 | 50863135.00 |
| 460000000 | Loans, Advances and Deposits | B-18 | 6458886.00 |
| | **Total Current Assets, Loans and Advances** | | **180152890.90** |
| | **Other Assets** | | |
| | **Miscellaneous Expenditure (To the Extent not written off)** | | |
| | **TOTAL ASSETS** | | **315069551.90** |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ